# കരയോഗ സൗഹൃദം


*സത്യം പരം ധീമഹി*

Rs. 20

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 68

വാല്യം - 6 ലക്കം - 8 ചിങ്ങം - 1189 സെപ്തംബർ - 2013




**എറണാകുളം കരയോഗം നവരാത്രി ആഘോഷം – 2013 ഒക്ടോബർ 5 മുതൽ 14 വരെ**



എറണാകുളം കരയോഗത്തിന്റെ 2013-14 ലേക്കുള്ള ജീവകാരുണ്യധനസഹായ വിതരണ ഉദ്ഘാടനം മദ്ധ്യമേഖല റേഞ്ച് ഐ.ജി. കെ. പത്മകുമാർ നിർവ്വഹിക്കുന്നു. കാലടി സംസ്കൃത സർവ്വകലാശാല വൈസ്ചാൻസലർ ഡോ. എം. സി. ദിലീപ്കുമാർ, കരയോഗം പ്രസിഡണ്ട് കെ.പി.കെ മേനോൻ, ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു), കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി എന്നിവർ സമീപം



കരയോഗത്തിന്റെ വിദ്യാഭ്യാസ ധനസഹായം Plus 1 ക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും നൂറുശതമാനം മാർക്ക് നേടിയ പ്രവീൺ എം. ഉദയംപേരൂരിന് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ ഡോ. എം.സി. ദിലീപ്കുമാർ എന്നിവർ ചേർന്ന് കൈമാറുന്നു.



കരയോഗത്തിന്റെ പെൻഷൻ, വിദ്യാഭ്യാസ, ചികിത്സാ ധനസഹായം സ്വീകരിക്കാനെത്തിയ സദസ്സ്

സേവനം ജീവിത സാഫല്യം

Front Insie

വാല്യം 6 ❖ ലക്കം - 8 ❖ സെപ്തംബർ - 2013

## ഉള്ളടക്കം

എഡിറേറാറിയൽ
ക്ഷേത്രങ്ങളിലൂടെ
വ്യക്തിവിശേഷം
കാര്യദർശിയുടെ പംക്തി
വാസ്തു സംബന്ധമായ
നമ്മുടെ ആചാരങ്ങൾ
ബാലലോകം
ഓണം അന്നും ഇന്നും
എൽഡൽ സിറ്റിസൺ ഫോറം
ഭക്ഷ്യവിഷബാധ
വിമൺസ് ഫോറം
ഹോമിയോപ്പതി
ഇനിയും നമ്മെ അപമാനിക്കരുതേ
രാഗപരിചയം
എന്റെ അനുഭവം
കളിവീട്
നൊമ്പരപ്പെടുത്തുന്ന ഓർമകൾ
കാവലാൾ
കേരള നാടേ
അഷ്ടാവക്രൻ
സ്ത്രീസമാജം
ഈ മരത്തണലിൽ
സംസ്കൃതപാഠം
പാലകപംക്തി
കൃഷ്ണായനപ്പെരുമ
ശ്രീനാരദമഹർഷി
നിങ്ങൾ സുരക്ഷിതരാണോ
ഭഗവാനേ, കൃഷ്ണാ
വഞ്ചിപ്പാട്ട്
ചരിറ്റിപ്രവർത്തനം
ആദരാഞ്ജലി
ഭഗവത്ഗീതയിലെ ഭക്തിയോഗം
ശാപവും ശാപമോക്ഷവും
നവരാത്രി ആഘോഷം-2013
നക്ഷത്രഫലം
മാംഗല്യം
സമ്മാനം

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിററർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എഡിററർ)*

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ.വി. രാമചന്ദ്രൻ**

**എം. രാജലക്ഷ്മി**

# എഡിറേറാറിയൽ...

# ക്ഷേത്രവഴിപാടുകൾ

ഗുരുവായൂർ ക്ഷേത്രം ഉൾപ്പെടെ കേരളത്തിലെ സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ ക്ഷേത്രങ്ങളിലേയും വഴിപാട് നിരക്കുകൾ അടിക്കടി വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഈ നിരക്ക് വർദ്ധന കൊണ്ട് നേട്ടം ഉണ്ടാകുന്നത് ആർക്കാണ്? ക്ഷേത്രങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം എന്തു ചെയ്യുന്നു എന്നറിയുവാനുള്ള മിതമായ അവകാശം പോലും അത് നല്കുന്ന ഭക്തജനങ്ങൾക്കില്ലെ? ഏത് സമയത്ത് എന്ത് ആരാധന നടത്തണം. എന്തു വഴിപാടാണ് ദേവന്/ദേവിക്ക് അർപ്പിക്കേണ്ടത്, അതിന് എത്ര രൂപാ മുടക്കണം മുതലായ ഏറ്റവും മിതമായ മൗലികസ്വാതന്ത്ര്യം പോലും ഹിന്ദുവിൽ നിന്ന് വർഷങ്ങൾക്കു മുമ്പേ എടുത്തു കളഞ്ഞതു പോലെ തന്നെ ഭക്തജനങ്ങൾ ക്ഷേത്രത്തിലെയ്ക്ക് നല്കുന്ന സംഭാവനകളുടെയും കാണിക്ക, വഴിപാട് തുടങ്ങിയവ ഉൾപ്പെടെയുള്ള വരുമാനം എത്രയെന്നോ, അത് എന്തിനുവേണ്ടി ഉപയോഗിക്കുന്നുവെന്നോ അറിയുവാനുള്ള അവകാശവും നിഷേധി ച്ചിരിക്കുകയല്ലെ? ഓരോ ക്ഷേത്രങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ കണക്ക് ഇനം തിരിച്ച് മാസാമാസം അതാത് ക്ഷേത്രങ്ങളിൽ പ്രദർശിപ്പിക്കണം. ഒപ്പം ഈ വരുമാനം എന്തിനുവേണ്ടി, ഏത് വിധത്തിൽ ചിലവഴിച്ചു എന്നുള്ള വിവരവും, ഒന്ന് തീർച്ചയാണ്, ഈ വരുമാനം അതിന്റെ ദാദാക്കളായ ഹിന്ദുക്കളുടെ ഉന്നമന ത്തിനുവേണ്ടിയല്ല ഉപയോഗിക്കുന്നത്. അത് പൊതു ഖജനാവിലേയ്ക്ക് മാറ്റപ്പെടുകയാണ്. അപ്പോൾ അടിക്കടിയുള്ള ഈ നിരക്ക് വർദ്ധന എന്തിനു വേണ്ടിയാണെന്നുള്ളത് സ്പഷ്ടമാണല്ലൊ? സംഘടിതരല്ലാത്ത ഹൈന്ദവ സമൂഹത്തിന്റെ മേൽ, എന്ത് കരിനിയമം അടിച്ചേൽപ്പിച്ചാലും, മിണ്ടാപ്രാണികളെപ്പോലെ അനുസരിച്ചുകൊള്ളും എന്ന ചിന്തയിൽ നിന്നും ഉടലെടുക്കുന്ന രാഷ്ട്രീയ ധിക്കാരത്തിന്റെ ബഹിർസ് ഫുരണങ്ങളാണ് ഇക്കാണുന്നതൊക്കെ. ഇതവസാനിപ്പിച്ചേ മതിയാവൂ. മൗലികമായ മതാചാരങ്ങളും, ക്ഷേത്രാരാധനയും അവരവരുടെ ആഗ്രഹ, വിശ്വാനുസരണം നടത്തുവാനുള്ള സ്വാതന്ത്ര്യമെങ്കിലും നമുക്ക് ലഭിക്കണം. മാത്രമല്ല, ഹൈന്ദവക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം ഹൈന്ദവരുടെ ഉന്നമനത്തിനും, ഉദ്ധാരണത്തിനും വേണ്ടി, അതിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന അവസ്ഥ ഉണ്ടാകണം. അതിന് സർക്കാർ തയ്യാറാകുന്നില്ലെങ്കിൽ എല്ലാ ക്ഷേത്രങ്ങളോടനുബന്ധിച്ചും ഹിന്ദുക്കളിലെ എല്ലാ വിഭാഗക്കാരും യോജിച്ച് ഹിന്ദു സേവാസമിതികൾ രൂപവത്കരിക്കണം ക്ഷേത്രങ്ങളോടനുബന്ധിച്ചും, ഹിന്ദു സംഘടനാ ഓഫീസുകളോടനുബന്ധിച്ചും സമിതിയുടെ ഭണ്ഡാരം/കാണിക്കപ്പെട്ടി സ്ഥാപിക്കണം. ഭക്തജനങ്ങളുടെ വഴിപാടുകൾ അതിൽ നിക്ഷേപി ക്കുവാനായി ബോധവത്ക്കരണവും നടത്തണം. അതിൽ നിന്ന് കിട്ടുന്ന തുക, വലുതാവട്ടെ, ചെറുതാവട്ടെ, അതിന് ഐക്യത്തിന്റെ മഹത്വ മുണ്ടാകും. ആ തുക അതാത് പ്രദേശത്തെ ക്ഷേത്രങ്ങളുടെ ഉന്നമനത്തിനും, ഏറ്റവും അധഃസ്ഥിതനായ ഹിന്ദുവിനെ സഹായി ക്കാനുമായി ഉപയോഗിക്കണം. ക്ഷേത്രങ്ങളെ ഇന്നത്തെ പരിതാപകരമായ അവസ്ഥയിൽ നിന്നും മോചിപ്പിക്കുവാൻ ഇതു മാത്രമെ ഒരു പോംവഴിയായി കാണുന്നുള്ളൂ. നമ്മുടെ ചിന്ത ഇനിയെങ്കിലും ഈ വഴിക്ക് തിരിയണം. എങ്കിലെ ഉറക്കം നടിക്കുന്ന കപട മതേതരവാദിളെ ഉണർത്താൻ കഴിയുകയുള്ളൂ.

**കെ.പി. കൃഷ്ണമേനോൻ**
*മാനേജിങ്ങ് എഡിറ്റർ*

# മല്ലികാർജ്ജുന ക്ഷേത്രം



**കേ**രളത്തിൽ ധ്വജപ്രതിഷ്ഠയുള്ള ഏക മല്ലികാർജ്ജുനക്ഷേത്രമാണിത്. ഇരുനിലയിൽ പണിത് ചെമ്പുമേഞ്ഞ ശ്രീകോവിലിനുള്ളിൽ അഭീഷ്ടവരദായകനായ ശ്രീപരമേശ്വരൻ വാണരുളുന്നു. എല്ലാവർഷവും മീനമാസം 5-ാം തീയതി ചെമ്പു ധ്വജത്തിൽ കൊടിയേറി ആരംഭിക്കുന്ന ഉത്സവം അഞ്ചാം ദിവസം അവസാനിക്കുന്നു. കൂടാതെ ശിവരാത്രിയും, തിരുവാതിരയും, നവരാത്രിയും വിശേഷമായി ആഘോഷിക്കുന്നു. നാലമ്പലം, വലിയമ്പലം, നമസ്ക്കാര മണ്ഡപം, തിടപ്പള്ളി, കുളം, ഇവയെല്ലാമുണ്ട്. ശനി, ഞായർ, തിങ്കൾ, പ്രദോഷം ദിവസങ്ങളിൽ അസംഖ്യം ഭക്തൻമാർ ദർശനം നടത്തി സായുജ്യമടയുന്ന ഈ സന്നിധിയിൽ നിത്യേന പായസം വഴിപാടായി നടത്തുന്നു.

സുബ്രഹ്മണ്യസ്വാമി ശിവാരാധന നടത്തുന്നതിന് കൈലാസം വിട്ട് ശ്രീശൈലത്തിൽ എത്തി തപസ്സനുഷ്ഠിക്കുകയുണ്ടായി. തത്സമയം ശ്രീശൈലത്തിലെ ആദിവാസികൾ വലിയ സുബ്രഹ്മണ്യഭക്തരായി തീർന്നു. മകന്റെ വിരഹത്തിലുള്ള ദുഃഖം സഹിക്കവയ്യാഞ്ഞ് പാർവ്വതീദേവി വിവരം ശിവനെ ധരിപ്പിച്ചു. ദേവിയുടെ അപേക്ഷപ്രകാരം പാർവ്വതീപരമേശ്വരൻമാർ നാരദരോടു കൂടി ശ്രീശൈലത്തിൽ എത്തി ആദിവാസികളുടെ വേഷത്തിൽ മല്ലികയെന്നും അർജ്ജുനൻ എന്നും പേരുകൾ സ്വീകരിച്ച് ആദിവാസികളോടൊപ്പം താമസം ആരംഭിച്ചു. ഒരു വിശേഷനാളിൽ ഇവർ രണ്ടു പേരും കൂടി ആദിവാസികളോടൊപ്പം സുബ്രഹ്മണ്യസ്വാമി തപസ്സനുഷ്ഠിക്കുന്ന സ്ഥലത്ത് എത്തിച്ചേർന്നു. വേഷപ്രച്ഛന്നരായി തന്റെ മുമ്പിൽ എത്തിയിരിക്കുന്ന പാർവ്വതി പരമേശ്വരൻമാരുടെ മുന്നിൽ സുബ്രഹ്മണ്യസ്വാമി സാഷ്ടാംഗം പ്രണമിച്ചു. ഇതു കണ്ട ആദിവാസികളും ഭക്തിപുരസരം ഇതാവർത്തിച്ചു. ശേഷം സുബ്രഹ്മണ്യന്റെ അപേക്ഷപ്രകാരം പാർവ്വതീ പരമേശ്വരൻമാർ ആദിവാസികളുടെ ഭക്തിയിൽ സന്തുഷ്ടരായി ജ്യോതിർലിംഗ രൂപത്തിൽ ആവാസം ചെയ്തു. കാലാന്തരത്തിൽ മല്ലികാർജ്ജുനാ ജ്യോതിർലിംഗം എന്ന പേരിലിത് പ്രസിദ്ധമായി.

അതിപുരാതനവും പ്രസിദ്ധവുമായ ഈ ക്ഷേത്രം കാസർഗോഡ് ടൗണിന്റെ ഹൃദയഭാഗത്ത് കിഴക്ക് ദർശനമായി നിലക്കൊള്ളുന്നു. എച്ച്. ആർ. ആന്റ്.സി.ഇ യുടെ മേൽനോട്ടത്തിൽ അഞ്ചംഗ ട്രസ്റ്റിബോർഡ് ഭരണം നടത്തുന്ന ക്ഷേത്രത്തിന്റെ താന്ത്രിവകാശം ഉച്ചില്ലംപടി ഇല്ലത്തിനാണ്. ●

(വ്യക്തി വിശേഷം)

## വൈക്കം ചന്ദ്രശേഖരൻ നായർ – 1928

***സാ***ഹിത്യത്തിന്റെ വിവിധശാഖകളിൽ ഒന്നുപോലെ ആദരവാർജ്ജിച്ച അപൂർവ്വപ്രതിഭയാണ് വൈക്കം ചന്ദ്രശേഖരൻനായർ. നോവൽ, കഥ, തൂലികാചിത്രം, ചരിത്രം എന്നുവേണ്ട സാഹിത്യത്തിന്റെ സമസ്ത മേഖലകളിലും ആധിപത്യം സ്ഥാപിച്ച വൈക്കം, മറ്റെല്ലാ രംഗങ്ങളിലുമെന്നപോലെ പത്രപ്രവർത്തനരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. വൈക്കത്ത് ഇളന്താശ്ശേരി വീട്ടിൽ കൃഷ്ണൻപിള്ളയുടേയും പാർവ്വതി അമ്മയുടേയും മകനായി 1928-ൽ ചന്ദ്രശേഖരൻ നായർ ജനിച്ചു. അത്ഭുതാനുഗ്രഹസിദ്ധികളുള്ള വൈക്കത്തപ്പന്റെ തിരുമുഖത്തു നിന്നാണ് തന്റെ ഭാവനക്ക് നറും വെളിച്ചം പകർന്നു കിട്ടിയതെന്ന്, കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിന്റെ വളർച്ചക്ക് അതിന്റെ പ്രാരംഭഘട്ടങ്ങളിൽ ജീവിതം ഉഴിഞ്ഞുവച്ച വൈക്കം അഭിപ്രായപ്പെടുന്നു. ഇളംപ്രായം മുതൽക്കേ സാഹിത്യ കലാരംഗങ്ങളുമായി ഇഴുകിച്ചേർന്ന വൈക്കത്തിന് ചങ്ങമ്പുഴക്കവിതകൾ ഏറെ പ്രചോദനമേകിയിരുന്നു. മഹാഭാരതവും മാർക്സിന്റെ ജീവചരിത്രവും പാശ്ചാത്യ സാഹിത്യ കൃതികളുമായുള്ള സമ്പർക്കവും വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ വൈക്കത്തിൽ അലിഞ്ഞുചേർന്ന ഗുണവിശേഷങ്ങളായിരുന്നു. ഇതിഹാസപുരാണങ്ങളിലും അവഗാഹമായ അറിവാർജ്ജിച്ചിട്ടുണ്ട്. വിദ്യാഭ്യാസ കാലത്തുതന്നെ മംഗളോദയം, പരിഷത്ത് തുടങ്ങിയ മാസികകളിൽ സാഹിത്യരചന നിർവഹിച്ചു പോന്നു. ഇന്റർമീഡിയറ്റിനു സി.എം.എസ്. കോളേജിലാണ് പഠിച്ചത്. മികച്ച വാഗ്മി എന്ന നിലയിലും ശ്രദ്ധേയനാണ് വൈക്കം. വിവിധ സാഹിത്യശാഖകളായി വിലപ്പെട്ട നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പത്രപ്രവർത്തനത്തിന് ഹരിശ്രീ കുറിച്ചത് കേരളഭൂഷണത്തിലൂടെയാണ്. പിന്നീട് മനോരമയിൽ സബ്എഡിറ്ററായി. പൗരധ്വനി, ജനയുഗം, കൗമുദി, കുങ്കുമം തുടങ്ങി നിരവധി പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായും വൈക്കം തന്റെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. വിവിധ സാഹിത്യശാഖകളിലായി നിരവധി ഗ്രന്ഥങ്ങൾ മലയാളത്തിന് സംഭാവനചെയ്ത വൈക്കം കേരളസംഗീതനാടക അക്കാദമി ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരളസാഹിത്യ അക്കാദമിയുടെ അവാർഡിനും അർഹനായിട്ടുണ്ട്. സുശീലയാണ് സഹധർമ്മിണി. പ്രമുഖ പത്രപ്രവർത്തകനായ സി. ഗൗരീദാസൻനായർ ഉൾപ്പടെ ഏഴ് സന്താനങ്ങളുണ്ട്. ●

# എറണാകുളം കരയോഗത്തിൻെറ ഓണാശംസകൾ

പ്രിയ കരയോഗാംഗങ്ങളെ,

എറണാകുളം കരയോഗം കഴിഞ്ഞ കുറെ വർഷങ്ങളായി ജീവകാരുണ്യ സ്ഥിരം ഫണ്ടിൻെറ ധനശേഖരണാർത്ഥം ഓണം വിപണന മേള നടത്തി വരികയാണ്. ഓണം വിപണന മേളയിൽ ഓണത്തപ്പൻ മുതൽ അടപ്രഥമൻ വരെ എല്ലാ വിഭവങ്ങളും ഒരുക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. ഇത്തരം ആഘോഷ വേളകളിൽ കേരളത്തിൻെറ സാംസ്ക്കാരിക തനിമ കാത്തുസൂക്ഷിക്കുന്നതാവണം ഓണാഘോഷം. ഭാരതമൊട്ടുക്ക് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് തീപിടിച്ച വിലക്കയറ്റവും, ലഭ്യതാക്കുറവും ഈ വർഷത്തെ ഓണാഘോഷത്തിൻെറ പൊലിമ കുറയ്ക്കാതിരിക്കട്ടെ.

വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന ഈ സന്ദർഭത്തിൽ ആർഭാടത്തിനു വേണ്ടിയും, അമിതാഘോഷങ്ങൾക്കു വേണ്ടിയും പണം ചിലവഴിക്കുന്നത് നിയന്ത്രിക്കേണ്ട ഒരു സന്ദർഭം കൂടിയാണിത്. നമ്മുടെ സങ്കൽപ്പത്തിലുള്ള മാവേലിത്തമ്പുരാൻ നാടുവാണിരുന്ന കാലമായ മാനുഷരെല്ലാം ഒന്നു പോലെ എന്ന സുന്ദര കാലഘട്ടം മുതൽ കള്ളവുമില്ല, ചതിയുമില്ല എന്ന് പാടി പഠിച്ച നമ്മൾ ഇന്ന് കള്ളപ്പണക്കാരുടെയും, ചതിക്കുഴികളുടെയും മനുഷ്യത്വം തൊട്ടുതീണ്ടാത്ത, പിഞ്ചുകുഞ്ഞുങ്ങളെപ്പോലും അമ്മയും അച്ഛനും പീഡിപ്പിക്കാൻ മടി കാണിക്കാത്ത ഈ കാലഘട്ടത്തിൽ ഓണം എന്ന സങ്കൽപ്പം, ആഘോഷത്തിലുപരി ഒരു സാംസ്ക്കാരിക പൈതൃകത്തിൻെറ മൂല്യം പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുകയും, അച്ചൻ, അമ്മ, സഹോദരി, സഹോദരൻ, കുടുംബം, സമൂഹം എന്ന മഹത്തായ സങ്കൽപ്പം ഉയർത്തിപ്പിടിക്കാൻ ഈ ഓണം കൊണ്ട് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. എല്ലാവർക്കും ഹൃദയത്തിൻെറ ഭാഷയിൽ സ്നേഹത്തിൻെറയും, സാഹോദര്യത്തിൻെറയും ഹൈന്ദവ സംസ്ക്കാരം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഒരു നല്ല നാളെ ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു.

2013 സെപ്റ്റംബർ 27-ാം തീയതി ബീമിൻെറ സഹകരണത്തോടെ എറണാകുളം കരയോഗം സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടി ശ്രീമതി. പല്ലവി കൃഷ്ണൻെറ മോഹിനിയാട്ട സന്ധ്യ വൈകീട്ട് 6.30 ന് ടി.ഡി.എം. ഹാളിൽ നടത്തുന്നു.

ഒക്ടോബർ 1, 2, 3, 4 തീയതികളിൽ കേരള തന്ത്രി സമാജത്തിൻെറ മദ്ധ്യമേഖലാ ഘടകത്തിൻെറ ആഭിമുഖ്യത്തിൽ സാവിത്രീവ്രത യജ്ഞം എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ (ആദിശങ്കര നഗറിൽ) നടത്തുന്നു. ഇതോടനുബന്ധിച്ച് കേരളത്തിലെ പുരാതനവും പ്രസിദ്ധവുമായ ക്ഷേത്രങ്ങളിലെ നൂറുകണക്കിന് തന്ത്രിമാരുടെ നേതൃത്വത്തിൽ എല്ലാ ദിവസവും അഷ്ടദ്രവ്യ മഹാഗണപതി ഹോമം, ഋണമോചന ഹോമം, ഗോപൂജ, ഗജപൂജ, ഭഗവതി സേവ, സർപ്പബലി, സന്താനഗോപാല ഹോമം, സുകൃത ഹോമം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ലോക നൻമയ്ക്കു വേണ്ടി നടത്തുന്ന വൈദികവും, താന്ത്രികവുമായ ഈ അത്യപൂർവ്വ കർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കെടുത്ത് അവരവരുടെ ഭൗതീകവും, ആത്മീയവുമായ ഉയർച്ചയ്ക്കു വേണ്ടി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗവും, പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസും സംയുക്തമായി സംഘടിപ്പിക്കുന്ന എബിലിറ്റീസ് മേള ഒക്ടോബർ 10,11,12 തീയതികളിൽ രാവിലെ 9.30 മുതൽ ടി.ഡി.എം ഹാളിൽ നടത്തുന്നു.

എറണാകുളം കരയോഗത്തിൻെറ നവരാത്രി ആഘോഷം ഒക്ടോബർ 5 മുതൽ എറണാകുളം സ്ത്രീസമാജത്തിലെ അംഗങ്ങൾ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികൾ, നൃത്തനൃത്യങ്ങൾ, ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി, സംഗീതാർച്ചന, കഥകളി എന്നീ കലാ പരിപാടികളോടെ ആഘോഷിക്കുന്നു. 10 ദിവസം നീണ്ടു നിൽക്കുന്ന ഈ ആഘോഷത്തിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

കരയോഗം അംഗങ്ങൾക്കോ, അവരുടെ കുട്ടികൾക്കോ ഉന്നത വിജയമോ സ്ഥാനമാനമോ ലഭിച്ചിട്ടുണ്ടെങ്കിൽ സെപ്റ്റംബർ 30-ാം തീയതിക്കു മുൻപ് ആവശ്യമായ രേഖകൾ സഹിതം കരയോഗം ഓഫീസുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

*എന്ന്*

**- ജനറൽ സെക്രട്ടറി**





**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദഗ്ദ്ധൻ

# വാസ്തു സംബന്ധമായ . . .

## ചില വാസ്തു തത്വങ്ങൾ

വാതിൽ പടിഞ്ഞാറ് തെക്കുള്ള വീടുകളിൽ പലതരത്തിലുള്ള സാമ്പത്തിക പ്രശ്നങ്ങളും, അസുഖങ്ങളും, പൊതുവെ എല്ലാവർക്കും എല്ലാ കാര്യത്തിലും നിരാശയായിരിക്കും.

വടക്കോട്ടു ദർശനമുള്ള വീടുകളിൽ വാതിൽ വടക്കു മദ്ധ്യത്തിലൊ, മദ്ധ്യത്തിനു കിഴക്കോ ആയിരിക്കണം. പ്രധാന വാതിൽ വടക്കു മദ്ധ്യത്തിനു പടിഞ്ഞാറാണെങ്കിൽ അവിടെ താമസിക്കുന്നവർക്ക് യാതൊരു വിശ്രമവുമുണ്ടാവുകയില്ല. പ്രധാന വാതിൽ കൂടാതെ അകത്തുള്ള വാതിലുകളുടെ സ്ഥാനത്തിനും വളരെ പ്രാധാന്യമുണ്ട്. കിഴക്കു നിന്നാണ് വീട്ടിലേക്കു പ്രവേശിക്കുന്നതെങ്കിൽ അതിനു നേരെ മറ്റുള്ള വാതിലുകൾ വരുന്നത് നല്ലതാണ്. പടിഞ്ഞാറു ദർശനമുള്ള വീടുകളിൽ പ്രധാന വാതിൽ കടന്നാൽ വടക്കോട്ടോ, വടക്കു കിഴക്കു മൂലയിലേക്കോ കടക്കുകയാണെങ്കിൽ അവിടെ എല്ലാ കാര്യങ്ങളിലും വിജയമുണ്ടാകും.

വടക്ക് പ്രധാന വാതിലുള്ള വീടുകളിൽ തെക്കുവടക്ക് വഴി (പാസേജ്) വരുന്നതു പോലെ വാതിലുകൾ വയ്ക്കാം. യാതൊരു കാരണവശാലും ഒരു മുറിയിലും തെക്കു പടിഞ്ഞാറെ മൂലയിൽ വാതിലുകൾ വരാൻ പാടില്ല.

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ **9447032434** എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ. വാസ്തു സംബന്ധമായ ഉപദേശങ്ങൾ നല്കുന്നതായിരിക്കും. അതിനായി മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

**Coaching Centre for Accountancy, Costing and Income Tax**

HOUSE OF ACCOUNTANCY

**HOUSE OF ACCOUNTANCY**

**39/2986, Manikkam,**
**Manikkath Cross Road, Cochin - 682 016**
**Ph: 2356104, Mob: 94470 22363**

## നിയമ സഹായവേദി

കരയോഗ സൗഹൃദം വായനക്കാരുടെ നിയമ പരമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനുവേണ്ടി നിയമസഹായവേദി എന്ന ഒരു പംക്തികൂടി കരയോഗസൗഹൃദത്തിൽ ആരംഭിക്കുന്നു. ഈ പംക്തി കൈകാര്യം ചെയ്യുന്നത് അതി പ്രശസ്തരായ അഭിഭാഷകരാണ്. നിയമങ്ങളെപ്പറ്റി നിങ്ങൾക്കുള്ള സംശയങ്ങൾ എഴുതി ചോദിക്കുക.

**എഡിറ്റർ,**

(നമ്മുടെ ആചാരങ്ങൾ തുടർച്ച)

# വ്രതങ്ങൾ

## ആഴ്ചാവ്രതങ്ങൾ

**ഞായറാഴ്ചവ്രതം:** ആദിത്യദശാദോഷപരിഹാരത്തിനും, സർവപാപനാശനത്തിനും, സർവൈശ്വര്യസിദ്ധിക്കും ഞായറാഴ്ചവ്രതമാണ് ഉപദേശിക്കുന്നത്. ശനിയാഴ്ച ഒരിക്കലുണ്ട്, ഞായറാഴ്ച വ്രതമെടുക്കണം. രാവിലെ കുളിച്ച് നവഗ്രഹപ്രതിഷ്ഠയുള്ള ക്ഷേത്രത്തിൽ ദർശനം നടത്തി, ചുവന്ന പൂക്കളാൽ സൂര്യന് അർച്ചന കഴിക്കുക. ഗായത്രീമന്ത്രം, ആദിത്യഹൃദയമന്ത്രം, സൂര്യസ്തോത്രങ്ങൾ ഇവ ഭക്തിപൂർവം ജപിക്കണം. ഞായറാഴ്ചയും ഒരിക്കലൂണുമാത്രം. ഉപ്പ്, എണ്ണ ഇവ വ്രതദിനത്തിൽ ഉപേക്ഷിക്കുന്നത് ഉത്തമം. അസ്തമയത്തിനു മുമ്പു കുളിച്ച് ആദിത്യഭജനം നടത്തണം. അസ്തമയശേഷം ഭജനം അരുത്. നവഗ്രഹപ്രതിഷ്ഠയുള്ള ക്ഷേത്രത്തിൽ പോകാൻ സാധിക്കാത്തവർ ശിവക്ഷേത്രദർശനം നടത്തുക. ശിവന് അഭിഷേകം, ധാര, കൂവളത്തിലകൊണ്ട് അർച്ചന, പുറകിൽ വിളക്ക് ഇവ വഴിപാടുകൾ. ചർമരോഗങ്ങൾ, നേത്രരോഗങ്ങൾ ഇവയുടെ ശമനവും ഫലശ്രുതിയിൽ പറഞ്ഞിരിക്കുന്നു.

**തിങ്കളാഴ്ചവ്രതം:** സ്ത്രീകളാണ് സാധാരണയായി ഈ വ്രതമനുഷ്ഠിക്കുന്നത്.ചന്ദ്രദശാദോഷമനുഭവിക്കുന്നവരും ഈ വ്രതം അനുഷ്ഠിക്കുന്നു. മംഗല്യസിദ്ധി, വൈധവ്യദോഷപരിഹാരം, ദീർഘമംഗല്യം, ഭർത്താവ്, പുത്രൻ ഇവർ മൂലം കുടുംബശ്രേയസ്സും ഐശ്വര്യവും തിങ്കളാഴ്ച വ്രതത്തിന്റെ ഫലങ്ങളാണ്. പ്രഭാതത്തിൽ കുളിച്ച് ശിവക്ഷേത്രദർശനം, ശിവന് അഭിഷേകം, ധാര, കൂവളത്തിലകൊണ്ട് മാലയും അർച്ചനയും, പുറകിൽ വിളക്ക് മുതലായ വഴിപാടുകൾ, ശിവപുരാണപാരായണം, പഞ്ചാക്ഷരീനാമജപം എന്നിവ നടത്തുക. ഒരിക്കലൂണുമാത്രം. ഞായറാഴ്ച മുതൽ വ്രതശുദ്ധി പാലിക്കണം.

**ചൊവ്വാഴ്ചവ്രതം:** ദേവീപ്രീതിക്കും ഹനുമൽപ്രീതിക്കും ചൊവ്വാഴ്ചവ്രതം അനുഷ്ഠിക്കുന്നു. ജാതകത്തിൽ കുജദോഷമുള്ളവർ ഈ വ്രതം അനുഷ്ഠിക്കുന്നത് ദോഷകാഠിന്യമകറ്റാൻ നല്ലതാണ്. ചൊവ്വാദോഷംകൊണ്ട് വിവാഹത്തിനു പ്രതിബന്ധം നേരിടുന്നവരും പാപസാമ്യമില്ലാത്തതുമൂലം ചൊവ്വയുടെ അനിഷ്ടഫലങ്ങളനുഭവിക്കുന്നവരും ചൊവ്വാഴ്ച വ്രതമനുഷ്ഠിക്കണം. പ്രഭാതസ്നാനം നടത്തി ഹനുമൽക്ഷേത്രത്തിലും, ദേവീക്ഷേത്രത്തിലും ദർശനവും വഴിപാടുകളും കഴിക്കുക. സിന്ദൂരം, രക്തചന്ദനം, മഞ്ഞൽപ്പൊടി, ചുവന്ന പുഷ്പങ്ങൾ എന്നിവകൊണ്ടുള്ള പൂജ, ശർക്കരയും നെയ്യും ചേർത്ത കടുംപായസം, ഹനുമാന് കുങ്കുമം, അവിൽ എന്നിവ വഴിപാടായി കഴിക്കാം. ചൊവ്വാഴ്ച ഒരിക്കലൂണ്, രാത്രി ലഘുഭക്ഷണം, അതിൽ ഉപ്പു ചേർക്കരുത്.

**ബുധനാഴ്ചവ്രതം:** ബുധദശാദോഷപരിഹാരം, സർവാഭീഷ്ടസിദ്ധി, ഇവ ഫലശ്രുതിയിൽ പറയുന്നു. പ്രഭാതസ്നാനം, നവഗ്രഹപ്രതിഷ്ഠയുള്ള ക്ഷേത്രത്തിൽ ദർശനം, ബുധപൂജ ഇവ നടത്തുക. മഹാവിഷ്ണുക്ഷേത്രത്തിലോ ശ്രീകൃഷ്ണക്ഷേത്രത്തിലോ ദർശനം നടത്തി തുളസിമാല വഴിപാടായി നൽകുന്നതും മോക്ഷദായകമാണ്. ഒരിക്കലൂണ് രാത്രി ലഘുഭക്ഷണം. പൂർണ ഉപവാസമായാൽ ശ്രേഷ്ഠം.

**വ്യാഴാഴ്ചവ്രതം:** മഹാവിഷ്ണുപ്രീതികരമാണ് വ്യാഴാഴ്ചവ്രതം. വ്യാഴദശാകാലമുള്ളവരും ചാരവശാൽ വ്യാഴം അനിഷ്ടസ്ഥാനത്തു സഞ്ചരിക്കുന്നവരും ഈ വ്രതം അനുഷ്ഠിച്ചാൽ ദോഷകാഠിന്യം കുറയും. പ്രഭാതസ്നാനം, നവഗ്രഹപ്രതിഷ്ഠയുള്ള ക്ഷേത്രത്തിൽ ദർശനം നടത്തി വ്യാഴത്തിന് മഞ്ഞപ്പൂക്കൾകൊണ്ട് അർച്ചന കഴിക്കുക. ഒരിക്കലൂണ് ഉപവാസവുമാകാം. ശ്രീരാമന്റേയും ബൃഹസ്പതിയുടേയും പ്രീതി ഈ വ്രതാനുഷ്ഠാനംകൊണ്ടു ലഭിക്കുന്നു. മഹാവിഷ്ണുവിന്റെ അവതാരകീർത്തനം, രാമായണം ഇവയുടെ പാരായണവും ചെയ്യുക.

**വെള്ളിയാഴ്ചവ്രതം:** അന്നപൂർണേശ്വരിദേവി, മഹാലക്ഷ്മീ, സന്തോഷീമാതാക്കൾ ഇവർ വെള്ളിയാഴ്ച വ്രതമനുഷ്ഠിക്കുന്നവരിൽ പ്രസാദിക്കും.ശുക്രദശാകാലമനുഭവിക്കുന്നവർ ഈ വ്രതമനുഷ്ഠിക്കുന്നു. പൊതുവായ ഐശ്വര്യത്തിന് ദശാകാലഭേദമില്ലാതെയും ഈ വ്രതമനുഷ്ഠിക്കാം. പ്രഭാതസ്നാനശേഷം നവഗ്രഹപ്രതിഷ്ഠയുള്ള ക്ഷേത്രത്തിൽ തൊഴുത് ശുക്രപൂജ കഴിക്കുക. അന്നപൂർണേശ്വരീക്ഷേത്രം, മഹാലക്ഷ്മിക്ഷേത്രം എന്നിവിടങ്ങളിലും ദർശനം ഒരിക്കലൂണ് . രാത്രി പഴങ്ങൾ കഴിക്കുക. മംഗല്യസിദ്ധിക്കു സ്ത്രീകൾക്ക് വെള്ളിയാഴ്ചവ്രതം ഉത്തമം. ധനധാന്യസമൃദ്ധിയും വ്രതാനുഷ്ഠാനഫലമാണ്.

**ശനിയാഴ്ച വ്രതം:** ശനിദശാകാലദോഷങ്ങൾ അകലാൻ ഈ വ്രതമനുഷ്ഠിക്കണം. ശാസ്താപ്രീതികരമാണ് ഈ വ്രതം. പുലർച്ചെ കുളിച്ച് ശാസ്താക്ഷേത്രദർശനം നടത്തണം. ശാസ്താസ്തുതികൾ, ശനീശ്വരകീർത്തനങ്ങൾ ഇവ പാരായണം ചെയ്യുക. ശാസ്താവിന് നീരാജനം വഴിപാടു കഴിക്കുക. തേങ്ങയുടച്ച് രണ്ടു മുറികളിലും എണ്ണയൊഴിച്ച് എള്ളുകിഴികെട്ടിയ തിരി കത്തിച്ച് ശാസ്താവിന്റെ തിരുനടയിൽ സമർപ്പിക്കുന്ന വഴിപാടാണിത്. നവഗ്രഹപ്രതിഷ്ഠയുള്ള ക്ഷേത്രത്തിൽ ശനിക്ക് കറുത്ത എള്ള്, ഉഴുന്ന്, എണ്ണ ഇവ വഴിപാടായി നൽകുക. കറുത്ത വസ്ത്രവും ശനിക്കു പ്രിയംകരമാണ്. ശനീശ്വരപൂജയും കഴിക്കുക. ഉപവാസം നന്ന്. ഒരിക്കലൂണുമാകാം. വ്രതമെടുക്കുന്നവർ വ്രതദിനത്തിനു പിറ്റേദിവസം വരെയും അതു പാലിക്കയും വേണം. ആഴ്ചതോറും വ്രതമെടുക്കാൻ കഴിയാത്തവർ മലയാളമാസത്തിലെ ആദ്യം വരുന്ന ആഴ്ചകളിൽ വ്രതമനുഷ്ഠിക്കണം. ഈ ആഴ്ചകളെ മുപ്പെട്ടു ഞായർ, മുപ്പെട്ടു തിങ്കൾ, മുപ്പെട്ടു ചൊവ്വ, മുപ്പെട്ടു ബുധൻ, മുപ്പെട്ടു വ്യാഴം, മുപ്പെട്ടു വെള്ളി, മുപ്പെട്ടു ശനി എന്നു വിളിക്കുന്നു. ദശാദോഷമനുഭവിക്കുന്നവർ മുടങ്ങാതെ വിധിപ്രകാരമുള്ള വ്രതമനുഷ്ഠിച്ചാൽ ദോഷഫലത്തിനു ശമനമുണ്ടാകുന്നതാണ്.

അക്ഷതൈർന്നാർച്ചയേദ്വിഷ്ണും
ന തുളസ്യാ വിനായകം (അക്ഷതങ്ങളെക്കൊണ്ട് വിഷ്ണുവനെയും തുളസിദളം കൊണ്ട് വിഘ്നേശ്വരനെയും അർച്ചിക്കരുത്. )

(കടപ്പാട്: ഹൈന്ദവ ജീവിത ആചാരങ്ങളും അനുഷ്ഠാനങ്ങളും കുരുക്ഷേത്രപ്രകാശൻ)

വായിച്ചു വളരുക

# ബാലലോകം



അയ്മനം രവീന്ദ്രൻ

പ്രിയകൂട്ടുകാരെ,

നമ്മുടെ മാതൃഭാഷ മലയാളമാണ്. കൂട്ടുകാർക്കെല്ലാവർക്കും മലയാളത്തിൽ എഴുതുവാനും, വായിക്കുവാനും അറിയാമെന്നു വിചാരിക്കുന്നു. അറിയാത്തവർ തീർച്ചയായും പഠിക്കാൻ ശ്രമിക്കണം.

മാതൃഭാഷ അമ്മയെപ്പോലെയാണ്. അമ്മ നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച് എല്ലാം തരുന്നു. അതുപോലെ തന്നെ മലയാളഭാഷ നമുക്ക് അറിവിന്റേയും, ചിന്തയുടേയും, സംസ്കാരത്തിന്റേയും വാതായനങ്ങൾ തുറന്നു തരുന്നു. കൂട്ടുകാരെ, നിങ്ങൾക്കറിയാവുന്നത് പോലെ മലയാളത്തിൽ ചെറിയ ചെറിയ കാര്യങ്ങൾ എഴുതുക. കവിതകൾ, കഥകൾ, ലേഖനങ്ങൾ, അങ്ങിനെ എന്തും, ഏതും. ഞങ്ങൾക്ക് അയച്ചു തരിക. തിരഞ്ഞെടുത്തവ കരയോഗ സൗഹൃദത്തിൽ പ്രസിദ്ധീകരിക്കും.




കൈയ്യിൽ കിട്ടുന്നതൊക്കെ വായിക്കുക. വായിച്ച് കൂടുതൽ അറിവ് സമ്പാദിക്കുക. അറിവ് ശക്തിയാണ്. അറിവുള്ളവർ ശക്തരും.

സ്നേഹിതരെ, നിങ്ങൾ അറിവും, ശക്തിയുമുള്ളവരായി വളരുക,

വായിച്ചു വളരുക.

## ചെറുത്



ചെറുത്...
തെച്ചിപ്പൂവിലെ
തേൻ കവരുന്നു,
വലുത്...
ചെമ്പരത്തിപ്പൂവിലെ
തേൻ നുകരുന്നു.

## വലുത്

ചെറുതിനെ
കാണാൻ കഴിയുന്നില്ല,
വലുതിനേയും......
കാണുന്നതെല്ലാം
ഒന്നേ.....
ഒന്നു..

അയ്മനം

## മഴവില്ല്

**അക്ഷയ. എം**

മഴവില്ലേ, മണിവില്ലേ
മാനത്തങ്ങനെ നിന്നാലോ
മഴ വന്നാൽ നനയൂല്ലേ
നിന്നുടെ വീട്ടിൽ കുടയില്ലേ?
മഴവില്ലേ നിറമില്ലേ
കുഞ്ഞുടുപ്പുകളിൽ എന്നെകാണാൻ
എന്തുരസം എന്തുരസം
എന്നടുത്തു വരുമോ നീ?
മഴവില്ലേ പൂമഴവില്ലേ.....................

## കുസൃതി ചോദ്യങ്ങൾ

| | |
|---|---|
| പതയുന്ന പൂവ് | ഷാംമ്പൂ |
| കുട്ടികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ദിവസം | അവധിദിവസം |
| ഏറ്റവും വലിയ ആഗ്രഹം | അത്യാഗ്രഹം |



## മലയാള പഠനം

**അ കൊണ്ട് അഞ്ചു വാക്കുകൾ ഉണ്ടാക്കുക**

| | | |
|---|---|---|
| അവിട്ടം | = | ഇരുപത്തിയേഴു നാളുകളിൽ ഒന്ന് |
| അവിവേകം | = | വിവേകമില്ലായ്മ |
| അവിഹിതം | = | ചെയ്തുകൂടാത്തത് |
| അവ്യക്തൻ | = | വിഷ്ണു, ശിവൻ, കാമദേവൻ, പരമാത്മാവ് |
| അലസർ | = | മടിയർ |

എല്ലാ കൂട്ടുകാരും ഈ പംക്തി തീർച്ചയായും വായിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങളും, വിലയിരുത്തലുകളും അറിയിക്കുമല്ലോ?

വിലാസം; എഡിറ്റർ, കരയോഗസൗഹൃദം,

എറണാകുളം കരയോഗം, കൊച്ചി

തയ്യാറാക്കിയത് അയ്മനം രവീന്ദ്രൻ

# ഓണം അന്നും ഇന്നും



- ചന്ദ്രിക രാമചന്ദ്രൻ

**ഇ**ന്ന് ചിങ്ങമാസത്തിലെ തിരുവോണം. രാവിലെ 11 മണിക്ക് പെട്ടി-വണ്ടിയിൽ സദ്യവട്ടങ്ങൾ എല്ലാം എത്തി. ആഘോഷങ്ങളൊന്നുമില്ലാത്ത ഒരോണം. ഇന്നിപ്പോൾ വരവ് പൂക്കളം റെഡിയെഡ് സദ്യയുമൊക്കെ പൈസയുടെ പുറത്താണ്. വീടുകളിലേക്കാൾ ഓണം ഹാളുകളിലും, ടി.വി.കളിലും ഓഫീസുകളിലുമൊക്കെയാണ്, മത്സരങ്ങൾക്കു മാത്രമായി പൂക്കളങ്ങൾ. ഇതൊക്കെ കാണുമ്പോൾ 50 വർഷം പുറകോട്ടുള്ള ഓണത്തെപ്പറ്റി ഓർത്തു പോകുന്നു.

അത്തം പത്തോണം എന്നാണല്ലൊ ചൊല്ല്. അത് ഞങ്ങളുടെ തറവാട്ടിൽ ശരിക്കും പാലിച്ചുപോന്നിരുന്നു. സ്കൂൾ വിട്ടു വന്നാൽ ഉടൻ പൂ പറിക്കാനുള്ള പോക്കാണ് ഞാനും ചേട്ടനും അനിയത്തിയും. കാപ്പി കുടിയ്ക്കാനുള്ള ക്ഷമ പോലുമില്ല അന്നൊക്കെ. കർക്കിടക മാസം കഴിയാറാവുമ്പോൾ 'മാതേയി' ചെറിയ പൂ ത്തൊട്ടികൾ കൊണ്ടു വരും. (മാധവി എന്നാണവരുടെ ശരിയായ പേര് . പായ് നെയ്ത്താണ് മാധവിയുടെ ജോലി.) അച്ഛൻ ഞങ്ങൾക്ക് പൂത്തൊട്ടിൽ വാങ്ങിത്തരും. അന്നു തന്നെ പേരെഴുതി വെയ്ക്കും മാറിപ്പോവാതിരിക്കാൻ. ഒരിക്കൾ എന്റെ പൂത്തൊട്ടി എലി കടിച്ചു. അച്ചഌ ഒരു കഷണം കടലാസ്സ് പശ വെച്ച് പൂത്തൊട്ടിയിൽ ഒട്ടിച്ചു തന്നു. അതിനു ശേഷമാണ് കരച്ചിൽ നിർത്തിയത്.

മുക്കുറ്റിപൂവ്, തുമ്പപ്പൂവ്, അരുമണിപ്പൂവ്, ചെട്ടിച്ചിപ്പൂവ്, കിങ്ങിണിപ്പൂവ്,(റോസ് നിറമാണ് കിങ്ങിണിപ്പൂവിന്) ഇതൊക്കെയാണ് പൂക്കൾ. അത്തിക്കാപ്പറമ്പിലെ വേലിയിൽ ധാരാളം കിങ്ങിണിപ്പൂവുണ്ട്. ചേച്ചിയാണ് പൂക്കളം ഇടുന്നത്. ചേച്ചി അന്ന് കോളേജിൽ പഠിക്കുകയാണ്. ചെറിയേട്ടൻ എട്ടാം ക്ലാസ്സിലും ഞാൻ ആറാം ക്ലാസ്സിലും, അനിയത്തി മൂന്നാം ക്ലാസ്സിലുമാണ്. രാവിലെ കാർത്ത്യായനി മുറ്റമടിച്ചു തരും. മുറ്റമടിച്ചു കഴിഞ്ഞാൽ ചാണകം കൂട്ടി വീടിനു ചുറ്റും തളിയ്ക്കും. തുളസിത്തറയോട് ചേർന്ന് വലിയ വട്ടത്തിൽ ചാണകം മെഴുകും. മെഴുകിയ സ്ഥലത്താണ് പൂക്കളം തയ്യാറാക്കുന്നത്. പൂക്കളത്തിന്റെ നടുക്ക് ഒരു മുക്കുറ്റിച്ചെടി കുത്തി വയ്ക്കും. അതിന്റെ ചുറ്റും വട്ടത്തിൽ കളർ മാച്ചു ചെയ്യത്തക്ക രീതിയിൽ പൂക്കൾ ഇടും. അവസാനം ചെമ്പരത്തിപ്പൂവിന്റെ ഇതൾ ചുറ്റും വയ്ക്കും. എന്തൊരു ഭംഗിയാണ് ആ പൂക്കളം കാണാൻ.

അത്തം തുടങ്ങി ചെറിയ ഉത്സവ പ്രതീതിയാണ് നാട്ടിലെല്ലായിടത്തും; അത്തം മുതൽ തിരുവോണം കഴിയുന്നതുവരെ രാവിലെ കാപ്പിയും പലഹാരങ്ങളുമുണ്ടാവും. അല്ലാത്ത ദിവസങ്ങളിലൊക്കെ കഞ്ഞിയാണ് പതിവ്. ഓരോ നാളിനും ഓരോ പൂക്കളമാണ് ഇടുന്നത്. ചിത്തിരനാളിൽ ചകിരിച്ചോറ് ചെങ്കല്ലരച്ചു പുരട്ടി ഉണക്കിയെടുക്കുന്ന പൊടിയാണ് പൂക്കളമിടുന്നത്. നടുവിൽ തുമ്പപ്പൂവ് കൊണ്ട് വെളുത്ത വട്ടം. അതുകഴിഞ്ഞ് ചുമപ്പും മഞ്ഞയും കലർന്ന് ചെട്ടിച്ചിപ്പൂവ്, മുക്കുറ്റിപ്പൂവ്, അരുമണിപ്പൂവ് (വയലറ്റു നിറമാണ് അരുമണിപ്പൂവിന്) കിങ്ങിണിപ്പൂവ്. നാലു മൂലയിലും തുമ്പപ്പൂവ് അർദ്ധചന്ദ്രകൃതിയിൽ ഇടും. എത്രകണ്ടാലും മതിവരില്ല ആ പൂക്കളം. പൂരാടം നാളിൽ ചീരാറ്റുപറമ്പിലെ കുളത്തിലെ ആമ്പൽ പൂക്കൾ (ചുവപ്പും വെള്ളയും) കൊണ്ടാണ് പൂക്കളം തീർക്കുന്നത്. ഉത്രാടത്തിന് തുമ്പക്കുടം മാത്രമാണ് ഇടുന്നത്. അന്നു പടിപ്പുരയുടെ പുറത്തും ഇടും തുമ്പക്കുടം. കിട്ടാവുന്നത്ര തുമ്പ പിഴുതു കൊണ്ടു വന്ന് കുളക്കരയിൽ നട്ടുവയ്ക്കും. (തുമ്പയുടെ തലനുള്ളിയെടുക്കുന്നതാണ് തുമ്പക്കുടം.) ഓണപ്പരീക്ഷ കഴിഞ്ഞ് അവധി തുടങ്ങിയാൽ ഉടൻ ഓണത്തപ്പനെ എതിരേല്ക്കാനുള്ള തിടുക്കമാണ് വീടുകളിൽ. എന്റെ തറവാട്ടിൽ മരം കൊണ്ടുണ്ടാക്കിയ മൂന്ന് ഓണത്തപ്പൻമാരുണ്ട്. നടുവിൽ വെയ്ക്കുന്ന ഒരു വലുതും, ഇടത്തും വലത്തും വയ്ക്കുന്ന രണ്ടു ചെറുതും. ഇതിനു പുറമെയാണ് ചെളിക്കൊണ്ടുണ്ടാക്കിയ ഓണത്തപ്പൻമാർ. ഞാനും ചേട്ടനും കൂടിയാണ് ചെളിവാരാൻ തോട്ടിൽ പോകുന്നത്. ചെളികൊണ്ട് ഓണത്തപ്പനെയുണ്ടാക്കി, ചെങ്കല്ലരച്ചു പുരട്ടി ഉണക്കിയെടുക്കും. അമ്മി, ആട്ടുകല്ല്, ഉരൽ, തിരിക്കല്ല്, മുത്തിയമ്മ ഇതൊക്കെയുണ്ടാക്കും. മുത്തിയമ്മക്ക് കുരുമുളകുകൊണ്ട് കണ്ണുകൾ, കുന്നിക്കുരുകൊണ്ട് മൂക്കുത്തി, മഞ്ചാടിക്കൊണ്ട് കമ്മൽ, പിന്നെ മഞ്ചാടിക്കൊണ്ട് തന്നെ മാല, (മഞ്ചാടിക്കുരു മാലയുടെ ആകൃതിയിൽ കഴുത്തിൽ പറ്റിച്ചു വയ്ക്കും) ചെളി ഉണങ്ങുന്നതിനു മുമ്പ് വേണം ആഭരണങ്ങൾ അണിയിക്കേണ്ടത്. ആ ദിവസങ്ങളിലൊന്നും ഭക്ഷണം പോലും വേണ്ട. ഉത്രാടത്തിന് വില്ല്കുറുപ്പ് രാവുണ്ണി, അമ്പും വില്ലും കൊണ്ടു വരും . അതൊരു ചടങ്ങാണ്. അതിന് അവർക്ക് അരിയും കോപ്പും കൊടുക്കണം.

പൂരാട ദിവസം കായ വറുക്കൽ, പുളിയിഞ്ചി, നാരങ്ങാക്കറി ഇതൊക്കെ ഉണ്ടാക്കും; അച്ഛനാണ് എല്ലാം അരിയുന്നത്. അമ്മ വറുക്കും. വറത്തു കോരി മുറത്തിൽ ആറാൻ വയ്ക്കുമ്പോൾ അമ്മ കാണാതെ അതിൽ നിന്നെടുത്തു തിന്നും; ഓണത്തിനു കായ വട്ടം വറക്കാറില്ല. നാലുപ്പേരിയാണ് പതിവ്. പിന്നെ കഴിഞ്ഞ വർഷത്തെ ഉണങ്ങിയ ചേന, ചേമ്പ് ഇതൊക്കെ വറക്കും. ഇതെല്ലാം പുത്തൻ കലത്തിലാണ് കെട്ടി വയ്ക്കുന്നത്. എത്ര ദിവസം കഴിഞ്ഞാലും അപ്പോൾ വറുത്തപോലെ ഇരിക്കും. കായയുടെ തലയും, കടയും, ചേമ്പിന്റേയും, ചേനയുടേയും ബാക്കി ഇവ ചേർത്ത് ഒരു വെട്ടുപുളിങ്കറി, കായത്തൊലിയും വൻപയറും ചേർത്ത തോരൻ, പുളിയിഞ്ചി , നാരങ്ങാക്കറി, ഒരു പപ്പടം ഇത്രയൊക്കെയാണ് ഉത്രാടദിവസം ഉച്ചയൂണിന്. വറുത്തുപ്പേരികളൊക്കെ തിരുവോണ ദിവസം ഗണപതിയ്ക്ക് വച്ച

തിനുശേഷം മാത്രമെ തരികയുള്ളു. തിരുവോണത്തിന് സാമ്പാർ, കുറുക്കു കാളൻ, അവിയൽ, ഓലൻ, പച്ചടി, തോരൻ,പപ്പടം, ഉപ്പേരികൾ, അടപ്രഥമൻ ഇതൊക്കെയാണ് വിഭവങ്ങൾ. ഉച്ചയ്ക്ക് 12 മണിക്ക് അച്ഛൻ ഭാഗവതം വായിക്കും. എന്തിനാണ് ഇതെന്ന് അന്ന് മനസ്സിലായിരുന്നില്ല. ചിങ്ങമാസത്തിലെ തിരുവോണനാളിലെ അഭിജിത് മുഹൂർത്തത്തിലെ വാമനാവതാരത്തിന്റെ പ്രാധാന്യമാണിതെന്ന് വലുതായപ്പോഴാണ് മനസ്സിലായത്. ഉത്രാടദിവസം മരത്തിന്റെ ഓണത്തപ്പൻമാരെ കഴുകി ഉണക്കി അരിമാവ് കൊണ്ട് അണിയും. മനോല കൊണ്ട് നിറയെ പൊട്ടുകൾ തൊടുവിക്കും. (മഞ്ഞനിറമുള്ള ഒരു തരം ചാന്തുകൂട്ടാണ് മനോല). അമ്പും വില്ലും മനോലകൊണ്ട് അണിഞ്ഞിരിക്കും. ഓണത്തപ്പനെ എതിരേല്ക്കാനുള്ള തുമ്പക്കുടവും, ചെത്തിപ്പൂവും കുരുത്തോല അരിഞ്ഞതും ഒരു കുട്ടയിൽ വെള്ളം തളിച്ചുവെക്കും. ആവണപ്പലകയും കഴുകി ഉണങ്ങി വയ്ക്കും.

തിരുവോണ ദിവസം വെളുപ്പിന് നാലു മണിയ്ക്ക് എതിരേല്ക്കും. ചെറിയേട്ടന്റെ നാള് തിരുവോണമായതുകൊണ്ട് എല്ലാ വർഷവും ചെറിയേട്ടനാണ് എതിരേല്ക്കുന്നത്. ഞാൻ വിളക്കു പിടിച്ച് മുമ്പിൽ നടക്കും. അച്ഛൻ റാന്തൽ വിളക്കു പിടിച്ച് ഒപ്പം ഉണ്ടാവും വഴി കാണിക്കാൻ. പടിപ്പുരയുടെ പുറത്ത് ഒരു ചെറിയ തൂശനിലയിൽ ഒരു മണ്ണിന്റെ ഓണത്തപ്പൻ വച്ച് എതിരേല്ക്കും. പിന്നെ കുളക്കടവിൽ, അതുകഴിഞ്ഞ് മുറ്റത്ത്. തലേദിവസം കുളത്തിലെ മണ്ണു കൊണ്ടു വന്ന് അരഅടി പൊക്കത്തിൽ ചതുരാകൃതിയിൽ തറ കൂട്ടി വച്ചിരിക്കും. അതിൽ ആവണപ്പലക വെച്ച് തൂശനില കിഴക്കോട്ട് തിരിച്ചു വയ്ക്കും. അതിൽ അരിമാവ് അണിയും. ഉണക്കലരി അരച്ച് കാച്ചിലിന്റെ ഇല പിഴിഞ്ഞ് ചേർത്താണ് അണിയാൻ ഉപയോഗിക്കുന്ന അരിമാവ് ഉണ്ടാക്കുന്നത്. തൂശനിലയുടെ നടുവിൽ വലിയ ഓണത്തപ്പൻ, ഇടത്തും വലത്തും ചെറിയ ഓണത്തപ്പൻമാർ, പിന്നെ ഇലനിറച്ച് മണ്ണു കൊണ്ടുണ്ടാക്കിയ ഓണത്തപ്പൻ, മുത്തിയമ്മ, അമ്മി, ആട്ടുകല്ല്, തിരികല്ല് ഇതൊക്കെ നിരത്തി വയ്ക്കും. രണ്ടു നാളികേരം മുറിവെള്ളം കളയാതെ കൈ പിണച്ചു വയ്ക്കും. ഏറ്റവും മുമ്പലായി അമ്മിക്കുഴവിയിൽ മൂന്നോ നാലോ നാളികേരക്കൊത്തുകൾ വയ്ക്കും. നേരം വെളുത്ത് കാക്ക അതു കൊത്തിക്കൊണ്ടു പോയാൽ എല്ലാം ശുഭം എന്ന സങ്കല്പമാണ്. മുറ്റത്തെ എതിരേല്പു കഴിഞ്ഞാൽ ഒരോണത്തപ്പനെ അകത്ത് അറയുടെ മുമ്പിൽ വച്ച് എതിരേല്ക്കു;ം. എതിരേല്ക്കാൻ ഉപയോഗിക്കുന്ന തുമ്പക്കുടവും, ചെത്തിപ്പൂവും, കുരുത്തോലയും, പടിമുതൽ അറവരെ തൂകി കൊണ്ടു വരും. ഈ സമയത്തൊക്കെ ആർപ്പു വിളി നിർത്താതെ വിളിക്കും. എതിരേല്ക്കുമ്പോൾ നേദിക്കാൻ ഉപയോഗിക്കുന്നത് പൂവടയാണ്. അരിമാവും നാളികേരവും മാത്രം ചേർത്ത അടയാണ് പൂവട. ബാക്കി അടയ്ക്കൊക്കെ ശർക്കരയും നാളികേരവും ചേർക്കാം. ഇതോടെ എതിരേല്പ് കഴിഞ്ഞു. വീട്ടിലെ എല്ലാവരും കുളിച്ച് ചന്ദനം തൊടണം എന്നു നിർബന്ധമാണ്. ദിവസവും രാവിലെ വിളക്ക് കൊളുത്തി പഴവും ശർക്കരയും നേദിക്കണം മുറ്റത്ത്. നാലാം ദിവസം നല്ല സമയം നോക്കി പൂജ കഴിച്ച് ഓണത്തപ്പനെ തിരിച്ചെടുക്കണം.

പിന്നെ രാവിലത്തെ കാപ്പി കുടിയാണ്. അടയും,പഴംനുറുക്കും പപ്പടം കാച്ചിയതും ഉണ്ടാവും കഴിക്കാൻ. അതു വേണ്ടത്ര തരും. എങ്കിലും അച്ഛന്റെ പതിവ് സംസാരം.-ഉച്ചയ്ക്ക് ഊണു കഴിയ്ക്കേണ്ടതാണ്. ആവശ്യത്തിന് കഴിച്ചാൽ മതി ഇപ്പോൾ എന്ന്. ഓണത്തിന് അച്ച്ഛന്റെ ദേഹണ്ഡമാണ്. ഒരു മണി ആവും ഇല വെയ്ക്കാൻ. അറയുടെ മുമ്പിൽ ഗണപതിക്ക് ഇല വയ്ക്കും. എല്ലാ വിഭവങ്ങളും അവിടെ വിളമ്പും ആദ്യം. ഇല നിറച്ച് വിഭവങ്ങൾ വിളമ്പിയിരിക്കുന്നത് കാണാൻ എന്തൊരു പ്രഭുത്വം ആണ്. രണ്ടു മണിയാവുമ്പോഴേയ്ക്കും എല്ലാവരുടേയും ഊണു കഴിയും. പിന്നെ കുറച്ചു ഉറക്കം. അച്ചന്റെ കട്ടിലിനോട് ചേർന്നാണ് ഞാൻ കിടക്കാറ്. അച്ഛന്റെ കൂർക്കം വലി കേട്ടാൽ കട്ടിലിന്റെ താഴെ വച്ചിരിക്കുന്ന കലങ്ങളുടെ കെട്ടഴിയും. അങ്ങനെ എത്രയെത്ര ഓണങ്ങൾ. അച്ഛൻ, അമ്മ, വല്യേട്ടൻ,ചേച്ചി, ചെറിയേട്ടൻ, അനിയത്തി എല്ലാവരും കടന്നുപോയി ഓണം ബാക്കി വെച്ച്. ഓരോ ഓണം വരുമ്പോഴും പഴയ ഓണങ്ങളെക്കുറിച്ച് ഓർത്ത് കണ്ണീർ വാർക്കും. കടന്നുപോയ പ്രിയപ്പെട്ടവരെ ഓർത്തുകൊണ്ട്, കൊഴിഞ്ഞുപോയ ആ നല്ല നാളുകളെ ഓർത്തുകൊണ്ട് ഓണം ആഘോഷിക്കുകയാണ് ഇന്നും ഓണത്തിന്റെ തനിമയില്ലാതെ, പുതിയ രീതിയിൽ....

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം സെപ്റ്റംബർ മാസം പരിപാടികൾ**

| തീയതി | പ്രാർത്ഥന | ഇന്നത്തെ ചിന്താവിഷയം | മുഖ്യപ്രഭാഷണം | വിഷയം | കൃതജ്ഞത |
|---|---|---|---|---|---|
| 26.9.2013 | കെ.ജി.പി. പിള്ള | സുമഗംലാദേവി | പ്രൊഫഃ ബാലകൃഷ്ണൻ | എറണാകുളം ഇന്നലെ ഇന്ന് | ഗോവിന്ദൻകുട്ടി മേനോൻ |
| 3.10.13 | എസ്.രാജേന്ദ്രൻ നായർ | മിനിറ്റ്സ് വായിക്കൽ | മുരളീധരൻ നായർ | മനോഭാവത്തിന്റെ മാറ്റത്തിലൂടെ | ടി.വി.ജി.മേനോൻ |
| 10.10.13 | ബാലഗംഗാധര മേനോൻ | എസ്.ശ്രീകുമാർ | പി.രാമാനുജൻ | | ഗോപികുമാരൻ നായർ |
| 17.10.13 | രാജലക്ഷ്മിഎം. | ടി.കെ. ശ്രീകുമാരൻനായർ | പി ജയരാമൻ | ISTAMBUL | എ.എൻ.കെ. മേനോൻ. |

# ഭക്ഷ്യവിഷബാധ



ഡോ: കല്ല്യാണിമേനോൻ

**ഭ**ക്ഷണപാനീയങ്ങളിൽ അടങ്ങിയ വിഷങ്ങൾ കാരണമുണ്ടാവുന്ന രോഗങ്ങൾ ഇതിൽപ്പെടുന്നു. സാധാരണ ഒരേമാതിരി ഭക്ഷണങ്ങൾ കഴിച്ചവർ കൂട്ടത്തോടെ ഒരേതരത്തിലുള്ള രോഗലക്ഷണങ്ങളുമായി വരുമ്പോൾ ഭക്ഷ്യവിഷബാധയാണെന്ന് അനുമാനിക്കാം.

വിഷബാധ ഉണ്ടാവാൻ കൂടുതൽ സാധ്യതയുള്ള ആഹാരങ്ങൾ

1. മാംസം, മുട്ട, പാൽ, ഉപയോഗിച്ചുണ്ടാക്കുന്ന ഭക്ഷ്യവസ്തുക്കൾ.
2. സമുദ്രമത്സ്യങ്ങൾ, കക്കായിറച്ചി, ഷെൽഫിഷ്
3. പച്ചയായി കഴിക്കുന്നവ സാലഡ്, ഫ്രൂട്ട് ജൂസ്, തൈര്
4. ചൂടാക്കി കഴിക്കുന്നവ CEREALS, ചോറ് , പസ്ത, ന്യൂഡിൽസ്

പക്ഷിമൃഗാദികളുടെ കുടലിൽ രോഗാണുക്കൾ സാധാരണ ഉണ്ടാവുന്നതാണ്. മീറ്റ്, പൗൾട്ടറി, എഗ്ഗ് മുതലായവ നല്ലവണ്ണം വേവിയ്ക്കാതെ ഉപയോഗിക്കുമ്പോൾ ഇവയുണ്ടാക്കുന്ന വിഷങ്ങളും (TOXINS) നമ്മുടെ ശരീരത്തിൽ പ്രവേശിക്കുന്നു.

ഇത്തരത്തിലുള്ള വിഷങ്ങൾ രണ്ടു തരത്തിൽ ഉള്ളതാണ്. ചിലത് PRE FORMED (നേരത്തെ തന്നെ ഉള്ളത്) ചിലത് നമ്മുടെ കുടലിൽ എത്തിയശേഷമാണ് രോഗാണുക്കൾ ഉണ്ടാക്കുന്നത്. ചൂടാക്കുമ്പോൾ നശിക്കുന്നവയും ചൂടാക്കുമ്പോൾ നശിക്കാത്തവയും (HEAT STABLE AND HEAT LABILE) ഈ TOXINS ൽ പെടുന്നു.

**PRE FORMED TOXINS**

തൊലിപ്പുറത്ത് അണുബാധയുണ്ടാക്കുന്ന STAPH AUREUS, മാംസാഹാരങ്ങളിൽ ഉള്ള CL.PERIFRINGES ചൂടാക്കി കഴിക്കുന്ന CEREAL'S ൽ ഉള്ള B.CEREUS എന്നിവയാണ് സാധാരണ കണ്ടു വരുന്നത്.

വിഷങ്ങൾ നേരത്തെ തന്നെ ഉള്ളതുകൊണ്ട് ഭക്ഷണം കഴിച്ച് മൂന്നു നാലു മണിക്കൂറുകൾക്കകം രോഗലക്ഷണങ്ങൾ ഉണ്ടാവുന്നു. ശർദ്ദി, മനംമറിച്ചിൽ, വയറ്റിളക്കം എന്നിവയാണ് സാധാരണയായി ഉണ്ടാകാറുള്ളത്. ഒന്നു രണ്ടു ദിവസത്തിനുള്ളിൽ അസുഖം മാറുന്നു.

**SHIGELLA, E. COLI, CAMPYLOBACTER**

ഈ അണുക്കൾ രോഗിയുടെ കുടലിൽ എത്തിയശേഷം TOXINS ഉണ്ടാക്കുന്നു. അതുകൊണ്ടാണ് രോഗലക്ഷണങ്ങൾ ഉണ്ടാവുന്നത്. പത്തു പന്ത്രണ്ടു മണിക്കൂറിന് ശേഷമാണ് സാധാരണയായി വിട്ടുവിട്ടുള്ള വയറുവേദന വയറ്റിളക്കം, ശർദ്ദി, പനി എന്നീ അസുഖങ്ങൾ ഉണ്ടാകുന്നത് അഞ്ച് ആറു ദിവസം കൊണ്ട് അസുഖം മാറുന്നു. SHIGELLA കാരണമുള്ളവർ രോഗം മാറിയാലും അസുഖം പകരാൻ ഉള്ള കഴിവുള്ളവരാണ്. (CARRIER STATE) E-COLI പല തരങ്ങളിൽ ഉണ്ട്. വലിയ പ്രയാസം ഉണ്ടാക്കാത്ത വയറ്റിളക്കം, ധാരാളം രക്തവും കഫവും പോകുന്ന വയറ്റിളക്കം, രക്താണുക്കളെ നശിപ്പിച്ച് വൃക്കകളെ തകരാറിലാക്കുന്ന തരം, എന്നിവ ശരിക്ക് PROCESS ചെയ്യാത്ത മാംസം (Specially Beef) ആണ് സാധാരണ കാരണക്കാർ.

ചികിത്സ

Special ചികിത്സ ഇല്ല. Supportive Management ആണ് ആവശ്യം Antibioticsന് ഇത്തരത്തിലുള്ള വിഷബാധയിൽ സ്ഥാനമില്ല. രോഗത്തിന്റെ അവസ്ഥ ഗുരുതരമാക്കാനും, നീണ്ടു പോകാനും, Antibiotics കാരണമാവുന്നു. Paralysis ഉണ്ടാക്കുന്ന വിഷബാധകൾ

Sea Foods and Shell Fish-

NEURO, TOXINS (ഞരമ്പിനെ ബാധിക്കുന്ന വിഷങ്ങൾ) ഉള്ള MARINE ALGAEയെ ഭക്ഷിക്കുന്ന, കടലിലെ മത്സ്യങ്ങളുടേയും SHELL FISH ന്റേയും മാംസത്തിൽ ഈ NEUROTOXIC TOXINS ഉണ്ടാവും. PRE FORMED ആയതുകൊണ്ട് കഴിച്ച് മൂന്നു നാലു മണിക്കൂറിന് മുമ്പ് തന്നെ രോഗലക്ഷണങ്ങൾ ഉണ്ടാവും. വായുടെ ഉള്ളിൽ മരവിപ്പ്, തരിപ്പ്, തലച്ചുറ്റ്, തലവേദന, ദേഹമാകെ ചൊറിച്ചിൽ, പേശികൾക്ക് ബലക്കുറവ് , സംസാരിക്കാനും വിഴുങ്ങുവാനും വയ്യാതാവുക, ശ്വാസകോശത്തിനെ ബാധിക്കുമ്പോൾ RESPIRATORY ARREST ഉണ്ടാവാം.

**BOTULISM**

CL BOTULINUM ഉണ്ടാക്കുന്നതും ഒരു NEURO TOXIN ആണ്. CANNED FOODS, VACUUM PACKED FOODS എന്നിവയിൽ ശരിയായ CANNING HIEGENE AND PROCEEDUERS ന്റെ അഭാവം മൂലം ഈ അണുബാധ ഉണ്ടാവുന്നു.

ലക്ഷണങ്ങൾ: കണ്ണിന്റെ പോള അടയുക, ഇരട്ടിയായി കാണുക, (DOUBLE VISION) സംസാരിക്കാനും വിഴുങ്ങുവാനും ബുദ്ധിമുട്ട്, കൈകാലുകൾ ബലഹീനമായി തളർന്നു പോവുക RESPIRATORY PARALYSIS വരെ ഉണ്ടാവാം. വളരെ ഗുരുതരമായ ഈ വിഷബാധക്കു വിഗ്ദ്ധ ചികിത്സ വേണ്ടി വരും. മറുവിഷമായി BUTULINUM ANTI TOXIN, VENTILATORY SUPPORT എന്നിവ വേണ്ടി വരും. പഴകിയ തേനിൽ നിന്ന് ശിശുക്കൾക്ക് BOTULISM ഉണ്ടായിട്ടുണ്ട്.

**MUSH ROOM (കൂൺ)**

ആയിരത്തിൽ പരം തരങ്ങളിൽ കൂണുകൾ ഉണ്ട്. ശർദ്ദി, വയറിളക്കം മുതൽ കരളിനും വൃക്കയ്ക്കും തകരാറുണ്ടാക്കുന്ന TOXINS വരെ അവയിൽ ഉണ്ട്. VISUAL HALLUCINATIUN ഉണ്ടാക്കുന്ന തരവും, മദ്യം കൂടെ കഴിച്ചാൽ BLOOD PRESURE വളരെ താഴുന്ന തരവും കാണും.

PREVENTION

ഭക്ഷ്യസുരക്ഷാ നിയമങ്ങൾ (FOOD SAFETY RULES)

Procurement, Cooking and Storage Sanitation വളരെ ഉത്തരവാദിത്വത്തോടും ആത്മാർത്ഥമായും പാലിക്കണം. STRICT ENFORCEMENT ആവശ്യമാണ്.

വീട്ടിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഫ്രിഡ്ജിന്റെ താപനില <5 ഡിഗ്രി സെൽഷ്യസിലായിരിക്കണം.
2. രണ്ടു മണിക്കൂറിൽ കൂടുതൽ ഫ്രിഡ്ജിന്റെ പുറത്തു വച്ച ആഹാരം വീണ്ടും ഫ്രിഡ്ജിൽ കയറ്റി പിന്നീട് ഉപയോഗിക്കാൻ വയ്ക്കരുത്.
3. പാകം ചെയ്ത ഭക്ഷണം മുറിയുടെ താപനില എത്തിയ ഉടനെ ഫ്രിഡ്ജിൽ വയ്ക്കണം.
4. പാത്രങ്ങളും പ്രതലങ്ങളും വൃത്തിയായി വയ്ക്കണം. veg, Non veg സാധനങ്ങൾ മുറിയ്ക്കാൻ വെവ്വേറെ Cutting Boards ഉം കത്തികളും വയ്ക്കണം.
5. ആഹാരം ചൂടാക്കുമ്പോൾ ആവി നല്ലവണ്ണം വരുന്നതുവരെ ചൂടാക്കണം (Heat Labile Toxins നെ നശിപ്പിക്കാൻ)
6. CANNED&VACUUM PACKED FOOD വാങ്ങിക്കുമ്പോൾ തകരാറുള്ളവ (പ്രത്യേകിച്ചു PUFFED UP LIDS (പുറത്തേക്കു ഉന്തി നില്ക്കുന്ന അടപ്പുകൾ ഉള്ളവ) വാങ്ങിക്കരുത്. EXPIRY DATE, BEST BEFORE DATES എന്നിവ നോക്കി വാങ്ങിക്കുക.

***********

## എറണാകുളം കരയോഗം കലാസാഹിത്യ വിഭാഗം

### വിദ്യാരംഭം

നവരാത്രിയോടനുബന്ധിച്ച് വിജയദശമി ദിവസമായ ഒക്ടോബർ 14 ാം തീയതി ബുധനാഴ്ച രാവിലെ എട്ടുമണി മുതൽ കുട്ടികളെ എഴുത്തിനിരുത്തുന്നതിനുള്ള സൗകര്യം കരയോഗത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

### ശാസ്ത്രീയ സംഗീതം

പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ ആരംഭിക്കുന്നു. വിജയദശമി ദിവസം ഒക്ടോബർ 14-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് ആരംഭിക്കുന്നു. ക്ലാസ്സിൽ ചേരുവാൻ താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

**ഫോൺ: 0484 2361160**

ശ്രീ. വെച്ചൂർസുദർശൻ ആണ് ശാസ്ത്രീയ സംഗീതം പഠിപ്പിക്കുന്നത്. ക്ലാസ്സുകൾ എല്ലാ ഞായറാഴ്ചയും 11 മണിക്ക് ;

### ഡാൻസ്

ഭരതനാട്യം, സിനിമാറ്റിക് ഡാൻസ്, നാടോടിനൃത്തം എന്നീ ഇനങ്ങൾ പഠിക്കുന്നതിന് പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ ആരംഭിക്കുന്നു. അദ്ധ്യാപിക-ഷിൽനാ ജയിംസ്, വിദ്യാരംഭ ദിവസമായ ഒക്ടോബർ 14-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് ആരംഭിക്കുന്ന ക്ലാസ്സിലേയ്ക്ക് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫോൺ: 0484 2361160**

ക്ലാസ്സ് വ്യാഴം, വെള്ളി ദിവസങ്ങളിൽ 4 മണി മുതൽ

### വയലിൻ

ശ്രീ.സദാനന്ദന്റെ ശിക്ഷണത്തിൽ നടന്നുപോരുന്ന വയലിൻ ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചിരിയ്ക്കുന്നു. ഒക്ടോബർ 14-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് തുടങ്ങുന്ന പുതിയ ബാച്ചിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫോൺ: 0484 2361160**

ക്ലാസ്സ് ഞായറാഴ്ച രാവിലെ 10 മണിയ്ക്ക്

## എറണാകുളം കരയോഗം വിമൺസ് ഫോറം 2013 സെപ്റ്റംബർ മാസത്തെപരിപാടികൾ

| തീയതി | സമയം | വിഷയം | മുഖ്യപ്രഭാഷകർ |
|---|---|---|---|
| 25.9.2013 | 4.00 pm | പാചക ക്ലാസ്സ് | |

**എല്ലാ ബുധനാഴ്ചയും പതിവു പോലെ നാരായണീയം ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**

# "Non Intulis Vixi"
# ( I have not lived in vain)



– ഡോ: രമാദേവി

1900–ൽ ഡോ: ക്രിസ്ത്യൻ ഫ്രെഡ്റിക് സാമുവൽ ഹാനിമാൻ എന്ന അവതാര പുരുഷന്റെ സ്മരണാർത്ഥം നിർമ്മിക്കപ്പെട്ട പ്രതിമയുടെ അടിയിലായി രേഖപ്പെടുത്തിയ വാക്കുകളാണിവ (എന്റെ ജീവിതം വൃഥാവിലായില്ല) ആധുനിക വൈദ്യശാസ്ത്രരംഗത്ത് മുൻനിരയിൽ നിൽക്കുന്ന ഹോമിയോപ്പതി ശാസ്ത്രശാഖയുടെ പിതാവാണ് അദ്ദേഹം. 1755 ഏപ്രിൽ 11–ാം തീയ്യതി വെള്ളിയാഴ്ച അതിരാവിലെ ജർമ്മിനിയിലെ സാക്സൺലുള്ള മെയ്സൻ എന്ന ടൗണിലാണ് ഇദ്ദേഹത്തിന്റെ ജനനം. അച്ഛൻ ക്രിസ്റ്റ്യൻ ഗോഡ്ഫ്രൈഡ് ഹാനിമാൻ ഒരു പെയിന്ററായിരുന്നു, അമ്മ ജോഹന്നാ സ്പീസ് ക്രിസ്റ്റ്യാന.

ചിന്തിക്കുവാനും, വിശകലനം ചെയ്യുവാനുമായി ഒരു വിഷയം എന്നും പിതാവ് മകനു വേണ്ടി നൽകികൊണ്ടിരുന്നു. ഇത് ഡോ: ഹാനിമാന്റെ ചിന്താശേഷിയുടെയും, സൂക്ഷ്മ നിരീക്ഷണ പാടവത്തിന്റെയും മൂർച്ച കൂട്ടി. വായിക്കുന്നതെന്തും അന്ധമായി വിശ്വസിക്കാതെ, ക്രിയാത്മകവും, വിമർശനാത്മകവുമായ ബുദ്ധിയോടെ അവയെ സമീപിക്കാൻ ഡോ: ഹാനിമാനു കഴിഞ്ഞു. അതു തന്നെയാണ് അദ്ദേഹത്തെ ഹോമിയോപ്പതി വൈദ്യശാസ്ത്രത്തിന്റെ കണ്ടെത്തലിൽ എത്തിച്ചതും ഡോ: ഹാനിമാനിലെ പഠനശേഷിയും, ജിജ്ഞാസയും കണ്ടെത്തിയ മജിസ്റ്റൽ മുള്ളർ എന്ന ഗുരുനാഥൻ മെയ്സണിലുള്ള ടൗൺ ലാറ്റിൻ സ്കൂളിൽ പഠന സൗകര്യങ്ങൾ ഒരുക്കി കൊടുത്തു. പിന്നീടദ്ദേഹം പ്രിൻസസ് സ്കൂളിലും, മെഡിസിൻ പഠിക്കുന്നതിനായി ലീപ്സിക് യൂണിവേഴ്സിറ്റിയിലേക്കും പോയി. 22 വയസ്സായപ്പോഴേക്കും ഗ്രീക്ക്, ലാറ്റിൻ, ഹീബ്രു, ഇംഗ്ലീഷ്, ഇറ്റാലിയൻ, സിറിയക്, അറബി, സ്പാനിഷ്, ജർമ്മിനി തുടങ്ങി വിവിധ ഭാഷകളിൽ നൈപുണ്യം നേടി. 1778–ൽ അദ്ദേഹം വിയന്നയിലേക്കു പോകുകയും Hospital of Brother's of Mercy ൽ പ്രവേശിച്ച് Dr. Von quarin ന്റെ പ്രിയശിഷ്യനായി. 24–ാമത്തെ വയസ്സിൽ അദ്ദേഹം M.D. കരസ്ഥമാക്കി.

25–ാ മത്തെ വയസ്സിൽ അദ്ദേഹത്തിന്റെ അമ്മ മരിച്ചു. രണ്ടുവർഷം കഴിഞ്ഞ് അദ്ദേഹം ജോഹന്ന ഹെൻറിറ്റ കുച്ച്ലർ നെ വിവാഹം ചെയ്തു. തൊട്ടടുത്ത വർഷം ആദ്യപുത്രി ഹെൻറിറ്റ ജനിച്ചു. 1784–ൽ അദ്ദേഹത്തിന്റെ അച്ഛൻ (64–മത്തെവയസ്സിൽ) മരിച്ചു. 1789–ൽ ഡോ: ഹാനിമാന്റെ നാലാമത്തെ പുത്രിയും ജനിച്ചു. ഈ കാലയളവിനിടയിൽ അദ്ദേഹം നിരവധി ലേഖനങ്ങളും, പരിഭാഷകളും നടത്തി.

ഹോമിയോപ്പതിയുടെ ഉത്ഭവം: (1790–1796)

ഡോ: ഹാനിമാന്റെ കാലത്തു നിലനിന്നിരുന്ന വൈദ്യശാസ്ത്ര രീതികളോട് അദ്ദേഹത്തിന് തികഞ്ഞ അതൃപ്തിയായിരുന്നു. ഒരിക്കൽ Dr. William Cullen ന്റെ a treatise of Materla medica എന്ന പുസ്തകം ഇംഗ്ലീഷിൽ നിന്നും ജർമ്മിനിയിലേക്കു പരിഭാഷ ചെയ്യുമ്പോൾ, സിങ്കോണ എന്ന മരത്തിന്റെ തൊലി മലേറിയ പോലുള്ള വിട്ടുവിട്ടുള്ള പനിയ്ക്കു ഫലപ്രദമാകുന്നത്. വയറ്റിൽ ഉണ്ടാക്കുന്ന ആക്ഷൻ/പ്രവർത്തനം മൂലമാണെന്ന പ്രസ്താവനയോട് വിയോജിക്കുകയും പരീക്ഷണാർത്ഥം 4 ഡ്രാം സിങ്കോണ തൊലിയുടെ ജ്യൂസ് ദിവസം 2 നേരം കുറച്ചു ദിവസങ്ങളോളം തുടർച്ചയായി ഉപയോഗിക്കുകയും, കാറച്ചു ദിവസങ്ങൾക്കുള്ളിൽ അദ്ദേഹത്തിനു മലേറിയയുടെ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങുകയും ചെയ്തു. തുടർന്ന് ഇദ്ദേഹം മറ്റു സുഹൃത്തുക്കളിലും, കുടുംബാംഗങ്ങളിലും പരീക്ഷണാർത്ഥം സിങ്കോണ ജ്യൂസ് നൽകുകയും അവർക്കും ഇതേപോലുള്ള ലക്ഷണങ്ങൾ ഉണ്ടാകുകയും ചെയ്തു. അതിൽ നിന്നും ആരോഗ്യവാനായ ഒരു വ്യക്തിയിൽ സിങ്കോണയ്ക്ക് മലേറിയയുടെ ലക്ഷണങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുന്നു എന്നും അതേ സിങ്കോണ തന്നെ മലേറിയ പോലുള്ള രോഗാവസ്ഥയെ ശമിപ്പിക്കുവാനും ഉപയോഗിക്കുന്നു. ഇങ്ങനെ നിരവധി മെഡിസിനുകൾ സ്വന്തം ശരീരത്തിലും ആരോഗ്യവാന്മാരായ വ്യക്തി സുഹൃത്തുക്കളിലും, കുടുംബാംഗങ്ങളിലും പരീക്ഷണം നടത്തി Similia Similibus curetur"(Let likes be cured by likes)എന്ന ഹോമിയോപതിക് തത്വത്തിലേക്കെത്തി. അക്കാലത്ത് നിരവധി എതിർപ്പുകളും തിരസ്ക്കാരങ്ങളും നേരിടേണ്ടി വന്ന അദ്ദേഹം നിർഭയത്വം ("Dare to be wise", "Aude Sapere") കൈമുതലാക്കി കൊണ്ട് വരും തലമുറയ്ക്കും ശക്തി പകർന്നു.

Leipsic ലും, Koethen ലും ഉള്ള അദ്ദേഹത്തിന്റെ ജീവിതസപര്യയ്ക്കിടയിൽ 48 വർഷത്തെ ദാമ്പത്യ ജീവിതത്തിലെ സഹധർമ്മിണി ഹെൻറിറ്റ 1830–ൽ അദ്ദേഹത്തെ വേർവിട്ടു പോയി.

1834–ൽ മാഡം മെലാനി എന്ന പാരിസ് വംശജ ചികിത്സാർത്ഥം അദ്ദേഹത്തിന്റെ അടുക്കൽ വരികയും പിന്നീട് ജീവിതസഖിയായി മാറുകയും ചെയ്തു. പിന്നീടുള്ള ഔദ്യോഗിക ജീവിതം പാരീസിലായിരുന്നു. 1843–ൽ വയറിളക്കവും പനിയും ബാധിക്കപ്പെട്ട അദ്ദേഹം സുഖം പ്രാപിക്കുന്നതിനിടയിൽ ശ്വാസകോശ സംബന്ധിയായ അസുഖം പിടിപെടുകയും ജൂലൈ 2–ാം തീയ്യതി രാവിലെ 5 മണിക്ക് 88 വയസ്സും 2 മാസവും 22 ദിവസവും പിന്നിട്ട് ഈ ലോകം വിട്ടുപോയി.

ഹോമിയോപ്പതിയുടെ അടിത്തറ സുസ്ഥിരവും ഭദ്രവുമാക്കിയ ഡോക്ടർ ഹാനിമാന്റെ പാദങ്ങളിൽ പ്രണമിച്ചു കൊള്ളുന്നു.

●

# ഇനിയും നമ്മെ അപമാനിക്കരുതേ!

– ഡോ. പി. കെ. എൻ. പിള്ള

പ്രിയപ്പെട്ട നമ്മുടെ കുഞ്ഞുങ്ങളെ,

**നാം** കേരളം ഭരിച്ചിരുന്ന മഹാബലി ചക്രവർത്തിയാണ്. പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണനാൾ നമ്മുടെ ഓർമ്മയ്ക്കായി ലോകമെമ്പാടുമുള്ള മലമയാളികൾ ജാതിമതഭേദമെന്യേ ആഘോഷിച്ചു വരുന്നു. അത്തം മുതൽ വിവിധ ആഘോഷപരിപാടികളുമായി നമ്മെ വരവേൽക്കാൻ കേരളീയർ ഊർജ്ജസ്വലരായി പ്രവർത്തിക്കുന്നു.

നമ്മുടെ കാലത്തെ ശ്രേഷ്ഠതകൾ മാലോകർ ഇപ്പോഴും, പാടിപുകഴ്ത്തി വരുന്നു. നമ്മുടെ രാജ്യഭരണകാലത്ത് ഉച്ചനീചത്വം ഉണ്ടായിരുന്നില്ല. നമ്മുടെ പ്രജകൾ അരോഗദൃഢഗാത്രരായിരുന്നു. ഏവർക്കും പാർപ്പിടങ്ങൾ, സമൃദ്ധമായ കൃഷി സൗകര്യങ്ങൾ, ഏവർക്കും സുരക്ഷിതത്വം, കർശനമായ നീതിന്യായ വ്യവസ്ഥ മുതലായവ നാം അവർക്ക് നൽകിയിരുന്നു. നാം കാടും, മേടും ജലാശയങ്ങളും സംരക്ഷിച്ചിരുന്നതിനാൽ അനാവൃഷ്ടി, വരൾച്ച ഇവ ഉണ്ടായിരുന്നില്ല. നാം നാല്കാലികളേയും, ഇതര ജീവജാലങ്ങളേയും സംരക്ഷിച്ചിരുന്നു. പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരാറാക്കുന്ന ഒരു പ്രവർത്തനവും നമ്മുടെ രാജ്യത്ത് നടന്നിരുന്നില്ല. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ രംഗം മുതലായവയിൽ നാം അതീവ ശ്രദ്ധാലു ആയിരുന്നു. രാജ്യപുരോഗതിയുടെ ഒരു പ്രധാന ഘടകമായ വാണിജ്യത്തിന് നാം പ്രത്യേക ശ്രദ്ധ നൽകിയിരുന്നു.

വിഷ്ണുഭക്തനായ നാം വിരോചനന്റെ പുത്രനും, പ്രഹ്ലാദന്റെ പൗത്രനുമാണ്. നാം യോദ്ധാവും, അരോഗദൃഢഗാത്രനും, ചക്രവർത്തിയുടെ പ്രൗഢഗാംഭീര്യത്തോടെ രാജ്യഭരണം നടത്തി വന്നിരുന്ന മന്നനുമാണ്. ആ നമ്മെ കുടവയറന്റെ വേഷത്തിൽ കപ്പടാ മീശ, പാളത്താറ്, ഓലക്കുട മുതലായവ ധരിപ്പിച്ച് തികഞ്ഞ സർക്കസ് കോമാളിയുടെ വേഷവിധാനങ്ങളോടെ മദ്യവിൽപ്പന ശാലകളിലും, വ്യാപാരസ്ഥാപനങ്ങളിലും, ഫ്ളക്സ്ബോർഡുകളിലും, നോട്ടീസുകളിലും, മാധ്യമങ്ങളിലും, പരസ്യങ്ങളിലും മറ്റും പ്രദർശിപ്പിയ്ക്കുന്നത് നമ്മെ വളരെ സങ്കടപ്പെടുത്തുന്ന വസ്തുതയാണ്. നമ്മുടെ മക്കളാൽ ആദരിക്കപ്പെടേണ്ട നമ്മെ ഇനിയും അവഹേളിച്ചപമാനിക്കരുതേ! എന്ന അപേക്ഷ നമ്മുടെ മക്കൾ മുമ്പാകെ നാം സമർപ്പിക്കുകയാണ്.

നമുക്ക് ഭൂലോകവാസം തുടരണ്ടാ എന്ന് തോന്നിയ സന്ദർഭത്തിൽ, നമ്മുടെ ഇഷ്ടദേവനായ മഹാവിഷ്ണുവിനോട് കാര്യം ഉണർത്തിച്ചു. അദ്ദേഹത്തിന്റെ വാമനാവതാര കാലത്ത് സുതലം എന്ന സ്വർഗ്ഗ സമുച്ചയത്തിലേയ്ക്ക് നമ്മെ യാത്രയാക്കി. ആ സന്ദർഭത്തിൽ ദീർഘനാൾ നാം സൽഭരണം കാഴ്ച വച്ചിരുന്ന കേരളം ആണ്ടിലൊരിക്കൽ സന്ദർശിക്കണമെന്ന എന്റെ ആഗ്രഹം ഭഗവാൻ അനുഗ്രഹിച്ച് അംഗീകരിച്ചു.

എല്ലാ വർഷവും പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണനാളിലാണ് നാം കേരളത്തിലെത്തുന്നത്. ഏതാനും വർഷങ്ങളായി നമ്മെ ദുഃഖത്തിലാഴ്ത്തുന്ന കാഴ്ചകളും, വിവരങ്ങളുമാണ് നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത്. തികച്ചും വികലമായ, ഗുരുതരമായ ഒരു സ്ഥിതിവിശേഷം ആണ് നമ്മുടെ നാട്ടിൽ നടമാടുന്നത്. കൊള്ള, കൊള്ളിവെയ്പ്പ്, കവർച്ച, കൊലപാതകങ്ങൾ, കൈക്കൂലി, മനുഷ്യദ്രോഹപരമായ ബന്ദുകൾ, നിയമനിഷേധങ്ങൾ, സ്ത്രീ പീഡനങ്ങൾ, അരക്ഷിതത്വം, ഭരണാധികാരികളുടെ കൊടും കാര്യസ്ഥത, രാഷ്ട്രീയകക്ഷികളുടെ അധികാര ദുർമ്മോഹം, കാടുകളും, മേടുകളും നശിപ്പിച്ച്, ജലാശയങ്ങളെ പല വിധത്തിലും മരണത്തിലേയ്ക്ക് നയിച്ച്, കൃഷിഭൂമികൾ നശിപ്പിച്ച് രാജ്യത്ത് സ്വയം ദാരിദ്ര്യം സൃഷ്ടിയ്ക്കുന്നവർ, വിലക്കയറ്റം, ഭക്ഷണപദാർത്ഥങ്ങൾ ഉൾപ്പെടെ മനുഷ്യന് ഉപയോഗപ്രദമാകേണ്ട എല്ലാ സാധനങ്ങളിലും മായം ചേർക്കൽ, വിലക്കയറ്റം കൊണ്ട് നട്ടം തിരിയുന്ന സാധാരണ ജനത, വൈദ്യസഹായം ലഭിക്കാതെ പോകുന്ന സാധാരണജനങ്ങൾ, കാടുകൾ നശിപ്പിയ്ക്കപ്പെട്ടതിനാൽ വനവിഭവങ്ങൾ ശേഖരിച്ച് വിറ്റ് ഉപജീവനം നയിച്ചിരുന്ന നമ്മുടെ വനവാസി മക്കളുടെ ദുരവസ്ഥ, വഴിതെറ്റി ജീവിക്കുന്ന യുവസമൂഹം, വിദ്യാർത്ഥികൾ, കുടുംബജീവിതത്തിൽ ഭദ്രത ഇല്ലായ്മ, പ്രകൃതിയുടെ സന്തുലിതാവസ്ഥ പല വിധത്തിലും താറുമാറാക്കുന്ന പ്രവർത്തനങ്ങൾ അങ്ങിനെ പലതും നമ്മെ വളരെ വ്യസനിപ്പിക്കുന്നു.

നമ്മുടെ മക്കൾ ഒരു വിധ പ്രവർത്തനങ്ങളിൽകൂടെയും അധഃപ്പതനത്തിലേയ്ക്ക് കൂപ്പു കുത്തരുതെന്നാണ് നമ്മുടെ അപേക്ഷ. ആയതിലേക്കായി മക്കൾ പരസ്പരം സ്നേഹിച്ചും, ബഹുമാനിച്ചും, അംഗീകരിച്ചും, രാജ്യക്ഷേമ തൽപ്പരരായി പ്രവർത്തിച്ചും, സമ്പത്തിനോടുള്ള ആർത്തി ഇല്ലാതെയും, പ്രകൃതിയെ സംരക്ഷിച്ചും മുമ്പോട്ടു പോകണം. നിങ്ങളുടെ നാവിൻ തുമ്പിൽ ഇപ്പോഴും ഉതിർന്നു വരുന്ന

**മാവേലി നാടുവാണീടും കാലം**
**മാനുഷരെല്ലാരുമൊന്നു പോലെ**
**ആമോദത്തോടെ വസിക്കും കാലം**
**ആപത്തങ്ങാർക്കുമൊട്ടില്ലതാനും**



എന്ന ഗാന ശകലം അന്വർത്ഥമാക്കി നമ്മുടെ മക്കൾ ജീവിക്കണം

എന്ന്

വാത്സല്യപൂർവ്വം മഹാബലി ചക്രവർത്തി

രാഗപരിചയം

# കാപ്പി



ഡോ: ജയലക്ഷ്മി നന്ദകുമാർ

22-ാ മത്തെ മേളകർത്താ രാഗമായ ഖരഹരപ്രിയയുടെ ജന്യരാഗമാണ് കാപ്പി. ഹിന്ദുസ്ഥാനി സംഗീതത്തിൽ നിന്നും കർണ്ണാടക സംഗീതത്തിലേയ്ക്കു പരിചയപ്പെടുത്തിയ ഏതാനും രാഗങ്ങളിൽ ഒന്നായതിനാൽ കാപ്പി രാഗത്തെ ഒരു ദേശ്യ രാഗമായി കണക്കാക്കുകയും ഹിന്ദുസ്ഥാനി കാപ്പി എന്നു വിശേഷിപ്പിക്കുകയും ചെയ്യുന്നു.

ആരോഹണം : സ രി മ പ നി സ
അവരോഹണം : സ നി ധ നി പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ: ഷഡ്ജം, ചതുഃ ശ്രുതി ഋഷഭം, സാധാരണ ഗാന്ധാരം,അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം,ശുദ്ധധൈവതം, ചതുഃശ്രുതി ധൈവതം, കൈശികി നിഷാദം, കാകളി നിഷാദം.

സ്വന്തം മേളകർത്താ രാഗമായ ഖരഹരപ്രിയയിൽ ഇല്ലാത്ത മൂന്നു അന്യസ്വരങ്ങൾ (അന്തര ഗാന്ധാരം, ശുദ്ധധൈവതം, കാകളി നിഷാദം) ഈ രാഗത്തിൽ വരുന്നതിനാൽ ഹിന്ദുസ്ഥാനി കാപ്പി ഒരു ത്രി അന്യസ്വര ഭാഷാംഗ രാഗമാണ്. ആരോഹണത്തിൽ അഞ്ചു സ്വരങ്ങളും, അവരോഹണത്തിൽ സമ്പൂർണ്ണ സ്വരങ്ങൾ ക്രമമല്ലാതെയും, വരുന്നതുകൊണ്ട് ഇത് ഔഡവ വക്രസമ്പൂർണ്ണ രാഗമാണ്.

കർണ്ണാടക കാപ്പി എന്ന രാഗം ഖരഹരപ്രിയയുടെ തന്നെ ജന്യരാഗമാണെങ്കിലും , അന്യസ്വരങ്ങൾ ഇല്ലാത്തതുകൊണ്ട്, ഹിന്ദുസ്ഥാനി കാപ്പിയിൽ നിന്നും വ്യത്യസ്തമാകുന്നു. ത്യാഗരാജ സ്വാമിയുടെ ഇന്തസൗഖ്യ, മീവല്ലഗുണദോഷമേമീ, തുടങ്ങിയ കൃതികൾ കർണ്ണാടക കാപ്പിയിൽ ആണ് ചിട്ടപ്പെടുത്തിയത് എന്നും പിന്നീടാണ് ഹിന്ദുസ്ഥാനി കാപ്പിയിലേക്ക് മാറ്റി ചിട്ടപ്പെടുത്തിയത് എന്നും പറയപ്പെടുന്നു.

വർണ്ണം, കൃതി, ജാവലി, തില്ലാന തുടങ്ങിയ സംഗീത രൂപങ്ങൾ ഹിന്ദുസ്ഥാനി കാപ്പി രാഗത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. മന്ത്രസ്ഥായി നിഷാദത്തിനു താഴെ സഞ്ചാരം ഇല്ല. അർദ്ധശാസ്ത്രീയ ഗാനങ്ങളും നാടോടി ഗാനങ്ങളും ഈ രാഗത്തിൽ ചിട്ടപ്പെടുത്തുന്നത് ഏറെ അനുയോജ്യമാണ്.

ആലപിക്കുന്ന കാലപ്രമാണമാണ് ഈ രാഗത്തിന്റെ ഭാവം പ്രതിഫലിപ്പിക്കുന്നത്. പ്രധാനമായും ശൃംഗാരമാണ് ഹിന്ദുസ്ഥാനി കാപ്പി രാഗത്തിന്റെ ഭാവം. ശൃംഗാര രസത്തിന്റെ മറ്റു ഭാവങ്ങളായ ദുഃഖം, കോപം, ആകാംക്ഷ തുടങ്ങിയ രസങ്ങളും പ്രകടിപ്പിക്കുവാൻ ഈ രാഗത്തിനു കഴിയും. പതിഞ്ഞ കാലത്തിൽ ആലപിക്കുമ്പോഴാണ് കാപ്പി രാഗം കൂടുതൽ ശോഭിക്കുന്നത്. ശ്രോതാക്കളിൽ സന്തോഷം ജനിപ്പിക്കുന്ന രാഗം.

**ഈ രാഗത്തിലുള്ള കൃതികൾ**

| | | | |
|---|---|---|---|
| 1. | ഇന്തസൗഖ്യ | ആദി | ത്യാഗരാജ സ്വാമി |
| 2. | മീവല്ല ഗുണദോഷമേമി | ഖണ്ഡചാപ്പ് | ത്യാഗരാജസ്വാമി |
| 3. | എന്ന തവം ശെയ്തനൈ | ആദി | പാപനാശം ശിവൻ |
| 4. | പരുലനമാട്ട | രൂപകം | ധർമ്മപുരി സുബ്ബരായർ (ജാവലി) |
| 5. | മായാ ഗോപബാല | ആദി | കെ.സി.കേശവപിള്ള |
| 6. | ജഗദോദ്ധാരണ | ആദി | പുരന്ദര ദാസർ |

**ചലച്ചിത്ര ഗാനങ്ങൾ**

| | | |
|---|---|---|
| സുമംഗലീ നീ ഓർമ്മിക്കുമോ | - | വിവാഹിത |
| രാജീവ നയനേ നീ ഉറങ്ങൂ | - | ചന്ദ്രകാന്തം |
| സന്ന്യാസിനീ നിൻ | - | രാജഹംസം |
| കണ്ടു കണ്ടു കണ്ടില്ല | - | ഇഷ്ടം |
| അനുരാഗവിലോചനനായി | - | നീലത്താമര |
| ഇന്നലെ എന്റെ നെഞ്ചിലെ | - | ബാലേട്ടൻ |
| ഉരുഗുതെ മറുഗുതെ | - | വെയിൽ (തമിഴ്) |
| കണ്ണേ കലൈമാനേ | - | മൂന്നാം പിറൈ (തമിഴ്) |
| മൗനസരോവരമാകെയുണർന്നു | - | സവിധം |
| സ്വരകന്യകമാർവീണമീട്ടുകയായ് | - | സാന്ത്വനം |
| യദുകുല രതിദേവനെവിടെ | - | റസ്റ്റ് ഹൗസാ |
| സ്വർണ്ണമുകിലേ | - | ഇത് ഞങ്ങളുടെ കഥ |
| വരമഞ്ഞളാടിയ | - | പ്രണയവർണ്ണങ്ങൾ |
| വാർതിങ്കളുദിക്കാത്ത | - | അഗ്നിസാക്ഷി |
| തുമ്പീ വാ തുമ്പക്കുടത്തിൽ | - | ഓളങ്ങൾ |
| ഘനശ്യാമ വൃന്ദാരണ്യം | - | കൊച്ചു കൊച്ചു സന്തോഷങ്ങൾ |

# എന്റെ അനുഭവം



ഒരദ്ധ്യായം എന്റെ സ്വന്തം അനുഭവവിവരണത്തിനായി നീക്കി വയ്ക്കട്ടെ. പന്ത്രണ്ടാം വയസ്സുവരെ ഞാൻ പഠിച്ചത് മാതൃഭാഷയായ ഗുജറാത്തി യിലൂടെയാണ്. ഗണിതശാസ്ത്രവും ചരിത്രവും ഭൂമിശാസ്ത്രവും മറ്റും അപ്പോഴേയ്ക്കും കുറച്ചൊക്കെ അറിയാറായി. പിന്നെ ഹൈസ്കൂളിലെത്തി. മാതൃഭാഷാ മാധ്യമത്തിൽ പഠനം മൂന്നുവർഷം കൂടി തുടരുന്നുണ്ട്. എന്നാൽ സ്കൂൾ മാസ്റ്ററുടെ പ്രധാന പണി കുട്ടികളുടെ തലയിൽ ഇംഗ്ലീഷ് അടിച്ചു കയറ്റലായിരുന്നു. അതുകൊണ്ട് ഞങ്ങളുടെ സ്കൂൾ സമയത്തിന്റെ പകുതിയിലേറെ ചെലവായത് ഇംഗ്ലീഷ് പഠിക്കാനാണ്. അതിന്റെ കുഴപ്പം പിടിച്ച സ്പെല്ലിംങ്, ഉച്ചാരണം എന്നിവ ഉറപ്പിക്കാൻ ഏറെ പാടുപ്പെട്ടു. എഴുതുന്നതുപോലെയല്ല ഇംഗ്ലീഷ് പറയുന്നത്. വേദനിപ്പിക്കുന്ന ഒരു കണ്ടുപിടുത്തമായി ഇത്. സ്പെല്ലിംങ്ങ് കാണാതെ പഠിക്കൽ വിചിത്രമായ അനുഭവമായി. എന്നാലും ആദ്യമൂന്നു വർഷം വലിയ കുഴപ്പമില്ലാതെ തുഴഞ്ഞു കയറാനൊത്തു. നാലാം കൊല്ലം തൊട്ടാണ് പരിഹാസ പർവത്തിന്റെ തുടക്കം. എല്ലാ വിഷയവും ഇംഗ്ലീഷിൽ പഠിക്കണം. ക്ഷേത്രഗണിതവും ബീജഗണിതവും ജോതിർ ഗണിതവും രസതന്ത്രവും ചരിത്രവും ഭൂമിശാസ്ത്രവുമെല്ലാം ഇംഗ്ലീഷിൽ. ഇംഗ്ലീഷ് അടിച്ചേല്പിക്കലിന്റെ ക്രൗര്യം എത്രയെന്ന് സംസ്കൃതവും, പേർഷ്യനും കൂടി ഇംഗ്ലീഷിൽ പഠിക്കേണ്ടി വന്നപ്പോഴാണ് മനസ്സിലായത്. ഏതെങ്കിലും വിദ്യാർത്ഥി ക്ലാസ്സിൽ ഗുജറാത്തി സംസാരിച്ചാൽ അത് കുറ്റമാണ്. ശിക്ഷിക്കപ്പെടും. ശരിയായി ഉച്ചരിക്കാനോ പൂർണ്ണമായി മനസ്സിലാക്കാനോ കഴിഞ്ഞില്ലെങ്കിലും ഇംഗ്ലീഷ് മോശമായി പറഞ്ഞാലും കുഴപ്പമില്ല. ടീച്ചർ കാര്യമാക്കില്ല. അദ്ദേഹത്തിനും ഇംഗ്ലീഷ് നന്നായറിയില്ല. മറിച്ചാകാൻ തരമില്ലല്ലോ. കുട്ടികൾക്കെന്നപോലെ മാസ്റ്റർക്കും ഇംഗ്ലീഷ് വിദേശപ്പേച്ചാണ്. ഫലം ആകെ അലങ്കോലം. ഞങ്ങൾ കുട്ടികൾക്ക് ഒരു പാട് കാണാപ്പാഠം പഠിക്കേണ്ടി വന്നു. ഉരുവിടുന്നതെന്താണെന്ന് ഒരു ചുക്കും പിടികിട്ടിയില്ലെങ്കിലും ക്ഷേത്രഗണിതക്ലാസ്സിൽ കാര്യം വ്യക്തമാക്കാൻ മാസ്ടർ ഇംഗ്ലീഷുമായി മല്ലടിക്കാൻ തുടങ്ങുമ്പോൾ എനിക്ക് തലകറക്കം വരും. യൂക്ലിഡിന്റെ ആദ്യപുസ്തകത്തിലെ 13-ാം സൂത്രത്തിലെത്തുംവരെ ക്ഷേത്രഗണിതത്തിന്റെ വാലും തലയും തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. മാതൃഭാഷാ സ്നേഹം എനിക്കൊട്ടും കുറവല്ല. എന്നാലും വേദനയോടെ സമ്മതിക്കുന്നു. ഇന്നും എനിക്കറിയില്ല. ക്ഷേത്രഗണിതത്തിലും ബീജഗണിതത്തിലും മറ്റും വരുന്ന സാങ്കേതികസംജ്ഞകളുടെ ഗുജറാത്തി പദങ്ങൾ. നാലുകൊല്ലമെടുത്ത് ഇംഗ്ലീഷിലൂടെ പഠിക്കേണ്ടി വന്ന ഈ വിഷയങ്ങളെല്ലാം മാധ്യമം ഗുജറാത്തിയായിരുന്നെങ്കിൽ ഒരു കൊല്ലം കൊണ്ട് തീർന്നേനെ. വിഷയജ്ഞാനം കൂടുതൽ തെളിഞ്ഞതും ആഴമുള്ളതും ആയേനെ. വീട്ടിലും എനിക്കതു പ്രയോജനപ്പെടുമായിരുന്നു. ഈ ഇംഗ്ലീഷ് മീഡിയം എനിക്കും ഇംഗ്ലീഷ് സ്കൂളിൽ പോകാത്ത എന്റെ വീട്ടുകാർക്കുമിടയിൽ മറികടക്കാനാകാത്ത മതിലായി നിന്നു. ഞാൻ പഠിക്കുന്ന തെന്തെന്ന് അച്ഛൻ അറിഞ്ഞില്ല. കാര്യങ്ങളിൽ അച്ഛന് താല്പര്യമുണ്ടാക്കാൻ എനിക്കും കഴിഞ്ഞില്ല. എനിക്കാ ഗ്രഹമുണ്ടായിരുന്നു. അദ്ദേഹം ബുദ്ധിമാനായിരുന്നു. ഇംഗ്ലീഷറിയില്ല. സ്വന്തം വീട്ടിൽ അതിവേഗം ഒരപരിചിത നായിത്തീരുകയായിരുന്നു ഞാൻ. എന്റെ വസ്ത്രധാരണം പോലും മാറ്റങ്ങൾക്ക് വിധേയമായി.

ഹൈസ്കൂളിലെ ആദ്യത്തെ മൂന്നു കൊല്ലം എന്റെ പൊതു വിജ്ഞാനത്തെ ഒട്ടും പോഷിപ്പിച്ചില്ല. അക്കാലം ഇംഗ്ലീഷ് പരിചയപ്പെടുത്തുന്ന പാകപ്പെടുത്തൽ കാലമായിരുന്നു. ഇംഗ്ലീഷിന്റെ സാംസ്കാരികമായ ആധിപത്യശ്രമത്തിന്റെ ഘട്ടമായിരുന്നു ഹൈസ്കൂൾ കാലം. എന്റെ ഹൈസ്കൂളിലെ 300 കുട്ടികൾ നേടിയ ജ്ഞാനം ഒരു വൃത്തപരിധിയിൽ ഒതുങ്ങി. അത് ജനങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്താനുള്ളതായിരുന്നില്ല. ഇനി സാഹിത്യത്തെക്കുറിച്ച് അല്പം. ഇംഗ്ലീഷ് പദ്യഗദ്യ പുസ്തകങ്ങൾ അനേകം ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്നു. തീർച്ചയായും മനോഹരങ്ങൾ. എന്നാൽ ജനങ്ങളെ ആകർഷിക്കുന്നതിനോ അവരോട് ബന്ധപ്പെടുന്നതിനോ അതൊന്നും സഹായകരമായിരുന്നില്ല. ഈ ആംഗലസാഹീത്യം പഠിച്ചില്ലെങ്കിൽ വലിയ നഷ്ടമായേനെ എന്നു പറയാൻ ഞാനല്ല. എന്നാൽ വിലപ്പെട്ട ആ ഏഴുകൊല്ലം ഗുജറാത്തിയും ഗുജറാത്തി മാധ്യമത്തിൽ ഗണിതാദിശാസ്ത്രങ്ങളും പഠിക്കാൻ കഴിഞ്ഞെങ്കിൽ തീർച്ചയായും കൂടുതൽ പ്രയോജനമുണ്ടാകുമായിരുന്നു. ജനങ്ങളുമായി കൂടുതൽ അടുത്ത ബന്ധമുണ്ടാക്കാമായിരുന്നു. എന്റെ മാതൃഭാഷയ്ക്കും എന്റെ

രാജ്യത്തിനും കൂടുതൽ മികവുറ്റ സേവനങ്ങൾ അർപ്പിക്കാൻ എനിക്ക് കഴിയുമായിരുന്നു. ഇംഗ്ലീഷിനേയോ അതിന്റെ അതിധന്യമായ സാഹിത്യത്തേയോ താഴ്ത്തിക്കെട്ടാൻ ഞാൻ തുനിഞ്ഞിട്ടില്ല. അങ്ങനെ ആരും ധരിച്ചേക്കരുത്. ഇംഗ്ലീഷിനോട് എനിക്കുള്ള സ്നേഹാദരങ്ങൾക്ക് വേണ്ടത്ര തെളിവ് ഹരിജൻ നല്കും. എന്നാൽ ഇംഗ്ലണ്ടിന്റെ മിതമായ കാലാവസ്ഥയ്ക്കും, ദൃശ്യഭംഗിക്കും ഇന്ത്യയെ എത്രമാത്രം സഹായിക്കാനൊക്കുമോ, അതിനെക്കാൾ കൂടുതൽ സഹായിക്കാൻ ഇംഗ്ലീഷിന്റെ സാഹിത്യകുലീനതയ്ക്കാവില്ല. ഇന്ത്യയ്ക്ക് മേൽഗതിയാവുക, അതിന്റെ സ്വന്തം കാലാവസ്ഥയും ദൃശ്യഭംഗിയും സാഹിത്യവുമാണ്. ഈ മൂന്നു ഘടകങ്ങളും ഇംഗ്ലീഷിന്റേതിനേക്കാൾ കിഴിഞ്ഞതാകാമെങ്കിൽ ത്തന്നെയും. നമുക്കും നമ്മുടെ സന്തതികൾക്കും സ്വന്തം പൈതൃകത്തിൻമേലാണ് ഭാവി കെട്ടിപ്പടുക്കാനാവുക. ഇതിന് അന്യമായതിന്റെ കടംകൊള്ളൽ നമ്മുടെ നാശത്തിനാവും. വിദേശവിഭവങ്ങൾകൊണ്ട് നമുക്കു ജീവിക്കാനാവില്ല. നമുക്കുള്ളതുകൊണ്ടേ നമുക്കു ജീവിക്കാനാവൂ. ഇംഗ്ലിഷിലും മറ്റു വിദേശഭാഷകളിലുമുള്ള ഉത്തമ സാഹിത്യസൃഷ്ടികൾ പ്രാദേശികഭാഷകളിലുമുള്ള അനുപമസൃഷ്ടികൾ ആസ്വദിക്കാൻ ഞാൻ ബംഗാളി പഠിക്കണമെന്നില്ല. അവയുടെ നല്ല പരിഭാഷകൾ മതിയാകും. ഗുജറാത്തിലെ കുട്ടികൾക്ക് ടോൾസ്റ്റോയ്കഥകൾ വായിക്കാൻ റഷ്യൻ പഠിക്കണമെന്നും ഇല്ല. വിശ്വസാഹിത്യത്തിലെ ഏതു മികച്ച സൃഷ്ടിയും പ്രസിദ്ധീകരിച്ച് ആഴ്ചകൾ കഴിയുംമുമ്പേ ഇംഗ്ലീഷുകാർക്ക് ലഭ്യമാക്കുമെന്ന് അവർ വീമ്പടിക്കാറുണ്ട്. ലോകഭാഷകൾ അറിയാൻ ഓരോന്നിലുമുള്ള മികച്ച കൃതികൾ നാട്ടു ഭാഷകളിൽ പരിഭാഷപ്പെടുത്താൻ അതിനു മിടുക്കും താത്പര്യവുമുള്ള കുറെ യുവാക്കൾ മതി. രാഷ്ട്രത്തിന് ഈ നേട്ടമുണ്ടാക്കിക്കൊടുക്കാൻ ഏറ്റവും ചെലവുകുറവുള്ള എളുപ്പവഴി അതാണ്. നമുക്കുവേണ്ടി നമ്മുടെ അധിപൻമാർ തിരഞ്ഞെടുത്ത മാർഗം പിഴച്ചതാണ്. തഴക്കംകൊണ്ട് തെറ്റ് ശരിയാണെന്ന് നമുക്ക് തോന്നുന്നു എന്നു മാത്രം. ഇന്ത്യക്കാരായ ദശലക്ഷക്കണക്കായ ജനങ്ങൾ നിരന്തരമായും നിരങ്കുശമായും നിത്യവും വഞ്ചിക്കപ്പെടുന്നതിന്റെ തെളിവുകൾ ഞാൻ കാണുന്നു. എന്റെ സഹചാരികളായ ബിരുദധാരികൾ ആത്മപ്രകാശനത്തിന് പ്രയാസപ്പെടുന്നത് എന്റെ നിത്യാനുഭവമാണ്. സ്വന്തം വീടുകളിൽ അവർ അപരിചിതർ. അവരുടെ മാതൃഭാഷാജ്ഞാനം ഏറെ പരിമിതവും. മാതൃഭാഷയിലൂടെ ഏതുകാര്യം പറയുമ്പോഴും അവർ തട്ടിത്തടയുന്നു. ആംഗലവാണിയുടെ ഊന്നുവടിയില്ലാതെ അവർക്കൊട്ടും മുന്നോട്ടു നീങ്ങാനാകില്ല. മാതൃഭാഷയിൽ ഒരു വാക്യം പൂർത്തിയാക്കാൻ ഇടയ്ക്കിടെ ആംഗലശബ്ദങ്ങൾ കുത്തിത്തിരുകണം. ഇംഗ്ലീഷുപുസ്തകം കൂടാതെ അവർക്കു ജീവിക്കാനാകില്ല. അവരുടെ കത്തിടപാടുകൾ ഇംഗ്ലീഷിലാണ്. പ്രശ്നം എത്ര ഗുരുതരം എന്ന് വ്യക്തമാക്കാനാണ് എന്റെ കൂട്ടുകാരുടെ അനുഭവങ്ങൾ ഇവിടെ പറഞ്ഞത്. സ്വയം തിരുത്തുന്നതിന് നാം ആത്മാർത്ഥശ്രമം തുടങ്ങിയിട്ടുണ്ട്. നമ്മുടെ കലാലയങ്ങളിൽ സംഭവിക്കുന്ന യുവജനശക്തിയുടെ പാഴ്വ്യയത്തെക്കുറിച്ച് അത്രയ്ക്കൊന്നും ആശങ്കപ്പെടാനില്ലെന്നാണ് ചിലരുടെ വാദം. കോളേജിന്റെ സംഭാവനയാണ് ജഗദീശ് ചന്ദ്രബോസ് എന്ന് അവർ പറയുന്നു. ഈ പാഴ്വ്യയം ഒഴിവാക്കാൻ ഒക്കാത്തതായിരുന്നെങ്കിൽ അവരുടെ വാദത്തെ ഞാൻ എതിർക്കുമായിരുന്നില്ല. എന്നാൽ സംഗതി അതല്ല. അത് ഒഴിവാക്കുന്നതാണ്. ഒരു ബോസിന്റെ നിർമിതി എന്റെ വാദം അസാധുവാക്കുന്നില്ല. കാരണം ആധുനിക വിദ്യാഭ്യാസ പദ്ധതിയുടെ ഉത്പന്നമല്ല ബോസ്. ഒരു പാട് കടുത്ത പ്രയാസങ്ങൾ തരണം ചെയ്തിട്ടാണ് ബോസ് ഇന്നത്തെ നിലയിൽ എത്തിയത്. മാത്രമല്ല ബോസ് നേടിയ ശാസ്ത്രജ്ഞാനം ജനകോടികൾക്ക് അപ്രാപ്യവുമാണ്. പിന്നെ ഇംഗ്ലീഷ് അറിവാണ് ബോസിനെ ഉന്നതസ്ഥാനത്തെത്തിച്ചതെന്നതും ശരിയല്ല. ഇതിനേക്കാൾ വലിയ ഒരു അന്ധവിശ്വാസം എനിക്ക് സങ്കല്പിക്കാൻ പോലും പ്രയാസം. ഇന്ത്യക്കാരന്റേതുപോലുള്ള ഒരു നിസ്സഹായവസ്ഥ ഒരു ജപ്പാൻകാരനും അനുഭവപ്പെടുന്നില്ല.

പഠനമാധ്യമം ഇംഗ്ലീഷ് ആകരുത്. ആ സ്ഥാനം പ്രാദേശിക ഭാഷകൾക്കു നല്കണം. എന്തു വില നല്കേണ്ടി വന്നാലും മാറ്റം ഉടൻ വേണം. ഉന്നതവിദ്യാഭ്യാസരംഗത്ത് താത്കാലികമായ ചില ബുദ്ധിമുട്ടുകൾ ഉണ്ടായെന്നു വരാം. എന്നാലും യുവജനശക്തിയുടെ കുറ്റകരമായ പാഴ്വ്യയം അനുദിനം പെരുകുന്നു. പ്രാദേശിക ഭാഷകളുടെ നിലയും വിലയും ഉയർത്തുന്നതിന് കോടതി കാര്യങ്ങളൊക്കെ അതതു പ്രദേശങ്ങളിലെ ഭാഷകളിലാക്കണം. ഒരു സംസ്ഥാനത്ത് ഒന്നിൽക്കൂടുതൽ ഭാഷകളുണ്ടെങ്കിൽ അവയെല്ലാം പരിഗണിക്കപ്പെടണം. ഉത്സാഹിച്ചാൽ ഒരു സാമാജികന് വലിയ കാലതാമസമില്ലാതെ അവ ഗ്രഹിക്കാവുന്നതേയുള്ളൂ. തമിഴന് മലയാളവും മലയാളിക്ക് തമിഴും എളുപ്പത്തിൽ പഠിക്കാം. തമിഴും മലയാളവും കന്നടവും തെലുങ്കും ഒരു കുടുംബത്തിൽപ്പെട്ട, സമാനതകൾ ഏറെയുള്ള ഭാഷകളാണ്.ഒരു പ്രദേശത്തെ കുട്ടികൾ ഏതു ഭാഷയിൽ പഠിക്കണം എന്നു തീരുമാനിക്കേണ്ടത് അവരല്ല. എല്ലാ സ്വതന്ത്രരാജ്യങ്ങളും ഇക്കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞീട്ടുള്ളതാണ്. പഠിപ്പിക്കേണ്ട വിഷയങ്ങൾ ഏതെല്ലാമെന്ന് തീരുമാനിക്കേണ്ടതും അവരല്ല. ഓരോ രാജ്യത്തിന്റേയും പ്രത്യേകസാഹചര്യങ്ങളും ആവശ്യങ്ങളും കണക്കിലെടുത്തു വേണം വിഷയ നിർണയം. ജനകീയമായ ഇച്ഛാശക്തിയായിരിക്കണം ഇക്കാര്യങ്ങളിൽ നിർണായക ഘടകം. ഈ രാജ്യം സ്വതന്ത്ര്യമായിത്തീരുമ്പോൾ ഭാഷാമാധ്യമനിർണയത്തിന് ഒരൊറ്റ മാനദണ്ഡമേ ഉണ്ടാകാവൂ. പാഠ്യപദ്ധതിയും അതനുസരിച്ചുള്ള പാഠപുസ്തകങ്ങളും വിദഗ്ദ്ധന്മാർക്ക് തയ്യാറാക്കാം. സ്വതന്ത്രഇന്ത്യയുടെ ആവശ്യങ്ങൾ നിറവേറ്റുക വിദ്യാഭ്യാസ നിർമിതികളാകും. ഇപ്പോൾ വിദേശഭരണകൂടത്തിന്റെ ആവശ്യങ്ങളാണവ നിറവേറ്റിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ അഭ്യസ്തവിദ്യവർഗം ഇപ്പോൾതന്നെ വിദ്യാഭ്യാസ പ്രശ്നം ഗൗരവപൂർവം പരിഗണിക്കണം. ഇല്ലെങ്കിൽ നമ്മുടെ സ്വപ്നത്തിലുള്ള കരുത്തുറ്റ സ്വതന്ത്ര ഇന്ത്യയുടെ നിർമിതി അവതാളത്തിലായേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. പാരതന്ത്രത്തിൽ നിന്ന്, അത് വിദ്യാഭ്യാസപരമോ സാമ്പത്തികമോ സാമൂഹികമോ രാഷ്ട്രീയമോ ഏതുമാകട്ടെ, വിടുതി നേടാനുള്ള കഠിനശ്രമമാണ് വേണ്ടത്. ആ ശ്രമം തന്നെ പോരാട്ടത്തിന്റെ മുക്കാൽ പങ്കാണ്. ●

# കളിവീട്




- കെ. ജി. മോഹൻദാസ്

മുറ്റത്തു നിൽക്കുന്ന മാവിൻ ചുവട്ടിലായ്
വൈക്കോലു മേഞ്ഞൊരു വീടു കാണാം
കൂടിയാൽ രണ്ടടിപ്പൊക്കമുള്ളാക്കൊച്ചു
കൂരയ്ക്കകത്തു കടന്നു കൂടാ
അഞ്ചു തികയാത്ത കുഞ്ഞുങ്ങളഞ്ചാറു-
ണ്ടാക്കൊച്ചു വീട്ടിൽ വിനോദിക്കുന്നു.
വീടിന്നുചുറ്റുമായാക്കൊച്ചു പൈതങ്ങൾ
ജീവിത നൃത്തങ്ങളാടുകയായ്
"ഞാനച്ചൻ, നീയമ്മ, നീയാണു കൊച്ചുമോൻ,
ഞാനാണീ വീട്ടിലെ കാരണവർ,
നീയിന്നു ഞങ്ങടെ അമ്മൂമ്മയാകണം,
നിങ്ങളിൽ രണ്ടു പേർ വേലക്കാരും".
അപ്പമുണ്ടാക്കുവാൻ പൊട്ടച്ചിരട്ടയിൽ
മണ്ണുമായെത്തുന്നു വീട്ടുകാരി.
വേലക്കാർ രണ്ടുപേർ ചന്തയിൽ പോകുന്നു
പച്ചക്കറിയുമായെത്തിടുന്നു.
സർവ്വാധിപത്യം നടിച്ചുകൊണ്ടമ്മൂമ്മ
ഗർവ്വം കലർന്നെത്തുമെല്ലാടവും.
പൊട്ടച്ചിരട്ടയും ചട്ടുകത്തുമ്പുമാ
യമ്മയും തേങ്ങാ ചുരണ്ടാനെത്തി.
തേങ്ങാചുരണ്ടുന്നോരമ്മതൻ തോളത്താ
യമ്മിണിക്കുട്ടൻ സ്ഥലം പിടിച്ചു.
അമ്മിണിക്കുട്ടനെ തല്ലിയോടിയ്ക്കുവാ-
നമ്മൂമ്മയന്നേര മോടിയെത്തി.
കൊച്ചനുജത്തിയാമമ്മൂമ്മ വന്നപ്പോ
ളാക്കൊച്ചു കള്ളനൊരോട്ടമോടി.
എല്ലാരുമൊന്നിച്ചടുക്കള വേലക
ളെല്ലാം നടത്തിക്കഴിഞ്ഞു പിന്നെ
മെല്ലവേ വെണ്മണൽക്കൂനയിലേറിയി
ട്ടമ്മണൽ വാരി ശിരസ്സിലിട്ടു
"വെണ്മണൽ വാരിക്കളിക്കേണ്ട" യെന്നോതി
യെത്തി ഞാനാക്കൊച്ചു വീട്ടിലേയ്ക്കായ്
ചാട്ടവുമോട്ടവുമാട്ടവും പാട്ടുമ-
ങ്ങെല്ലാമടങ്ങി നിശ്ശബ്ദമായി
പിഞ്ചിളം ഹൃത്തുക്കൾ നോവിച്ചു വിട്ടതിൽ
സന്തപ്തനായി ഞാൻ നിന്നു പോയി.
ചിന്തിക്കും തോറുമാ കേളീനികേതമെൻ
ചിത്തം നിറയ്ക്കുന്നു ദിവ്യാനന്ദം.

കവിത

# നൊമ്പരപ്പെടുത്തുന്ന ഓർമകൾ

- പ്രേമാ ബാലചന്ദ്രൻ




Late Sri. Babu

**ദിവഗംതനായ ശ്രീ. ബാബാവിന്റെ വേദനിപ്പിക്കുന്ന ഓർമ്മകൾക്കു മുമ്പിൽ അനുജത്തിപ്രേമയുടെ ബാഷ്പാഞ്ജലി.**

അക്ഷരങ്ങൾ മങ്ങുന്നു
വാക്കുകൾ ഇടറുന്നു
ചിന്തകൾ സദാ നീറുന്നു യെൻ
ഏട്ടന്റെ ഓർമയിൽ
പരാതികളില്ല തെല്ലും
പരിഭവവുമില്ല
ഏട്ടൻ നടന്നു ഏകനാ
യീ ലോകവീഥിയിൽ
കണ്ണീരില്ല, പരിദേവനങ്ങളില്ല
ക്ഷമിച്ചും സഹിച്ചും കഴിഞ്ഞു സർവ്വ മീ ജന്മം
കാതിൽ നിത്യം തേൻ മഴ ചൊരിയാൻ
മൊഴിഞ്ഞു പലതും മിത്രങ്ങൾ
കൃഷ്ണനും, സുധാകരനും, ജി. കെ. യും
എറണുകുളത്തപ്പനെ വണങ്ങി,
അയ്യപ്പനെ തൊഴുതു,
കൃഷ്ണനെ ഭജിച്ചു, ദേവിയെ സ്തുതിച്ച്
പ്രയാണം തുടർന്നു ഏട്ടൻ ഏകാന്ത പഥികനായ്
നിശ്ചലനായ് പോകവെ അടർന്നു അധരത്തിൽ
എറണാകുളത്തപ്പ ാ........ാ........ാ....
നിത്യനിദ്രയ്ക്കായ് ഒരുങ്ങവേ
ഒരു നറു നിലാ പുഞ്ചിരി നീട്ടി
വിടചൊല്ലീ എന്റെ ബാബുവേട്ടൻ
ഒരു മിന്നാമിനുങ്ങിൻ വെട്ടവുമായ് വരില്ലേ
യെൻ അകതാരിൽ നിത്യവും പ്രഭ ചൊരിയാൻ
നിരത്തുന്നു ഏട്ടാ തേങ്ങുന്ന ഹൃദയവുമായ്
അനുജത്തി തൻ ഒരുപിടി കണ്ണീർ പുഷ്പങ്ങൾ

# കാവലാൾ



- ജി. മാധവൻ നായർ

**സൂര്യൻ അസ്തമിയ്ക്കാത്ത പഴയ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കേന്ദ്രബിന്ദുവായ ലണ്ടൻ നഗരത്തിൽ ഒരു പര്യടനം നടത്തുവാൻ കുറച്ചുനാളുകൾക്ക് മുൻപ് ഭാഗ്യമുണ്ടായി. ആ അവസരത്തിൽ പലസ്ഥലങ്ങളിലായി സ്ഥിതി ചെയ്യുന്ന കൊട്ടാരങ്ങൾ, വലിയ കച്ചവടസ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, പാചക മന്ദിരങ്ങൾ, ഭക്ഷണശാലകൾ, നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചു നടത്തി വരുന്ന വില്പനശാലകൾ, കളിക്കളങ്ങൾ....അങ്ങനെ പലതും നൈരന്തര്യമായി സന്ദർശിയ്ക്കുവാൻ സമയം കണ്ടെത്തി. മാനുഷികമൂല്യങ്ങളെ ഉയർത്തിപ്പിടിച്ചും, മതനിരപേക്ഷതയെ ബഹുമാനിച്ചും ഉൾകൊള്ളുന്ന ആംഗലേയ സംസ്ക്കാരത്തിന്റെ അന്തഃസത്ത എന്നും പ്രശംസനീയമാണ്. ആ പ്രദേശങ്ങളിൽ താമസിച്ചു വരുന്ന, അത്രയ്ക്ക് ചെറുതല്ലാത്ത കേരളീയരുടെ കൂട്ടായ്മയും അവർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളും, കുടുംബജീവിതത്തിൽ അനുഭവപ്പെടുന്ന സുഖദുഃഖങ്ങളും എല്ലാം ഒന്ന് അവലോകനം ചെയ്ത്, സത്യസന്ധമായി കുറിച്ചതാണീ വരികൾ. പല കഥാപാത്രങ്ങളും, ജീവിതഗന്ധിയുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നുള്ള വസ്തുത മറച്ചുവയ്ക്കുന്നില്ല.**

**ക്ഷീ**ണിച്ച കൊച്ചു ശരീരത്തിന്റെ ദുർബ്ബലമായ കൈകളിൽ വാങ്ങേണ്ടുന്ന സാധനങ്ങൾക്കുള്ള സഞ്ചിയും, തോളത്ത് പൊങ്ങച്ച ബാഗും തൂക്കി നഗര വീഥിയിലെ പ്രധാന വ്യാപാര സ്ഥലത്തേക്കവൾ നടന്നു. പ്രഭാതത്തിലെ തണുത്ത് വിറങ്ങലിച്ചു പോകുന്ന കാലാവസ്ഥയക്ക് ഇപ്പോളല്പം മാറ്റം വന്നിട്ടുണ്ട്. സൂര്യഭഗവാൻ കനത്ത മേഘങ്ങൾക്കിടയിലൂടെ മുഖം മെല്ലെ കാട്ടിതുടങ്ങി. അതിനാൽ വീടുകളിൽ നിന്നും ആളുകളിറങ്ങിക്കഴിഞ്ഞു. കോട്ടും, ജാക്കറ്റും, തലയിൽ തൊപ്പിയും ധരിച്ച് പുരുഷന്മാരും, ജാക്കറ്റും, കൂടെ ഷാളും പുതച്ച് സ്ത്രീകളും കടകളിലേയ്ക്ക് പ്രവഹിച്ചു. ഇന്ന് ശനിയാഴ്ചയായതിനാൽ കച്ചവടസ്ഥാപനങ്ങൾക്കുൽസവമാണ്. അതു കൂടാതെ, കടകൾക്കപ്പുറത്തുള്ള ഈ വിശാലമായ മൈതാനത്ത് വൻ ആഘോഷതിമർപ്പുകൾക്കിടയിൽ വഴിയോര കച്ചവടവും പൊടിപൊടിക്കുന്നു. പഴയ വീട്ടുസാധനങ്ങൾ മുതൽ പുതിയ ഇലക്ട്രോണിക്ക് വിഭവങ്ങൾ വരെ ഒരുക്കിയിരിക്കുന്നു

പാഠശാലകൾക്കിന്ന് അവധിയായതിനാൽ കുട്ടികളെ അവരുടെ അച്ഛനെ ഏല്പിച്ചിട്ടാണ് പുറപ്പാട്. സാധാരണ ദിവസങ്ങളിൽ അവരെയെല്ലാം സ്കൂളിൽ ആക്കിയിട്ടാണ്, കടകളിലേയ്ക്ക് പോകാറ്. ഇന്ന് ധൃതി കൂടാതെ, അനായാസമായി പീടികകളിലെത്തി, യഥേഷ്ടം സാധനങ്ങൾ വാങ്ങാം. പൊതു ചന്തയിൽ നിന്നും, വില പേശി, വേണ്ടത് സംഭരിക്കാം. കൂടുതലും പാചക വസ്തുക്കളാണ്. അതിൽ പച്ചക്കറിയും, മാംസവും, മീനുമെല്ലാമുണ്ട്. വലിയ കമ്പനിയുടെ, വലിപ്പമുള്ള കടയിൽ നിന്നും വാങ്ങേണ്ടുന്ന സാധനങ്ങൾക്ക് ലിസ്റ്റു പ്രകാരം ഒരു ഉന്നത പരിധിയ്ക്ക് മേൽ ഉറപ്പുകൊടുത്താൽ, ബില്ല് ശരിയാക്കി, തുക വാങ്ങി എല്ലാം സൗജന്യമായി വീട്ടിലെത്തിച്ചു തരും. അങ്ങിനെ വീട്ടിൽ നിന്നും തയ്യാറാക്കി കൊണ്ടു പോയ ഒരു വലിയ പട്ടികയിലുള്ള സാധനങ്ങൾ വാങ്ങി, വില നൽകി, നിറച്ച ട്രോളി കടക്കാരെ ഏല്പിച്ച്, മടക്ക യാത്രയ്ക്കായി വീട്ടിലേയ്ക്ക് തിരിച്ചു. പ്രധാനപ്പെട്ട വഴി കഴിഞ്ഞ്, ചെറുവീഥിയിലൂടെ നടന്ന്, ഒരു കുന്ന് കയറി വേണം ഗൃഹത്തിലെത്താൻ. ഈ വഴിയിൽ ഒരു വശം മുഴുവൻ കാറുകളിട്ടിരിക്കുകയാണ്. ഇവിടുത്തെ ഒരു പ്രത്യേക വീട്ടുവളപ്പിനുള്ളിൽ വാഹനങ്ങൾ ഇടാറില്ല. ഷെഡുകൾ ഉണ്ടെങ്കിൽക്കൂടി, അത് മറ്റാവശ്യങ്ങൾക്കാണുപയോഗിക്കുക. കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ പിന്നിട്ട്, നിരനിരയായിട്ടുള്ള ആംഗലേയഹർമ്മ്യങ്ങൾ ഒട്ടിനില്ക്കുന്ന ഇടവഴി കടന്ന് സ്വന്തം വീടിനടുത്തെത്തി. അപ്പുറത്തു നിന്നും ശ്രീലങ്കക്കാരി സ്നേഹിത, ഇളയ കുട്ടിയെ കുഞ്ഞുവണ്ടിയിലിരുത്തി, തള്ളിക്കൊണ്ട് വരുന്നുണ്ടായിരുന്നു. അവളോടു കുശലം പറഞ്ഞ്, വീട്ടിലേയ്ക്ക് ക്ഷണിച്ചെങ്കിലും തിരക്കുണ്ടെന്നു പറഞ്ഞ്, നന്ദി പ്രകാശിച്ചവൾ പോയി.

വീടിന്റെ ഗേറ്റു കടന്ന്, വാതില്ക്കലെത്തി മണിയുടെ സ്വിച്ചമർത്തി. മകനാണ് ചങ്ങലപ്പൂട്ട്, എടുത്ത് ഉയർത്തി, നീക്കി വാതിൽ തുറന്നത്. ഉള്ളിൽ പ്രവേശിച്ച് നേരെ അടുക്കളയിലേയ്ക്ക് കടക്കുന്നതിനു മുൻപ്, കോട്ട് ഊരി ഹാങ്ങറിലിട്ടു. തുടർന്ന് ബാഗ് തോളത്ത് നിന്നെടുത്ത് ഗോവണിയുടെ താഴെയുള്ള മേശപ്പുറത്തു വച്ചും, ചിണുങ്ങി കൊണ്ടു നിന്ന മകനെ, അനുനയിപ്പിച്ച് സ്വീകരണമുറിയിലിരുത്തി, ടി.വി. പ്രവർത്തിപ്പിച്ചുകൊടുത്തു. അവനു വേണ്ടുന്ന എക്സ്-ബോക്സ്, സ്വയം റിമോട്ടുപയോഗിച്ച് ഓൺ ചെയ്ത് ഇഷ്ടം പോലെ നിയന്ത്രിയ്ക്കാവുന്ന ചലിയ്ക്കും പടം കാണുവാൻ തുടങ്ങി.

അടുക്കളയിലേയ്ക്ക് കടന്ന്, വാതകയടുപ്പ് കത്തിച്ച് ഓരോന്നിലും, ഓരോന്നുവച്ചും, (പാലിവിടെ തിളപ്പിക്കാറില്ല. പാസ്ചുറൈസേഷന്റെ കേമത്തിൽ അതിന്റെ ആവശ്യകതയില്ല എന്നാണ് നിഗമനം.) ഇന്ന് പ്രാതലിന് ഇഡ്ഡലി വേണ്ട പുട്ട് മതി. മലയാളിക്കടയിൽ നിന്ന്, വിവിധ ആകൃതിയിൽ തന്നെ കിട്ടുന്ന വിഭവങ്ങൾ ഒന്നു ചൂടാക്കി

ക്കൊടുത്താൽ മതി. എളുപ്പമുണ്ട്. പിന്നെ, നേന്ത്രപ്പഴവും മുറിച്ച് കഷണങ്ങളാക്കി, പുഴുങ്ങിയെടുക്കാം. അത് കുട്ടികൾക്ക് വലിയ താല്പര്യമില്ലെങ്കിലും, ഭർത്താവിനിഷ്ടമാണ്. ഇവിടെ വന്നിട്ട്, കാലം കുറച്ചായതിനാൽ കുട്ടികൾക്ക് ഈ നാട്ടിലെ ഭക്ഷണങ്ങളോടാണ് താല്പര്യം. രാവിലെ ചൂടു പാലിൽ കുതിരുന്ന, ധ്യാനമിശ്രിതം (സിറിയൽ) ആണ് ഇഷ്ടപ്പെട്ട ആഹാരം. അതിന്റെ കൂടെ രണ്ടു കഷണം റൊട്ടി ഒന്നുകിൽ ജാം പുരട്ടിയതോ, അല്ലെങ്കിൽ മാർമലെയിഡിലോ, മാർഗറൈനിലോ തേച്ചതോ ആകാം. കേരള തനിമയിൽ ചായ, കാപ്പി, മറ്റു പാനീയങ്ങൾ എന്നിവകളിൽ ആർക്കും വിശ്വാസമില്ല, പകരം ഏത് ജൂസുമാകാം.

പ്രവൃത്തി ദിവസങ്ങളിൽ ഭക്ഷണത്തിനു വേണ്ടിയുള്ള സന്നാഹങ്ങൾ ഒരുക്കുന്നത് അങ്ങേയറ്റം ക്ലേശകരമാണ്. മൂന്നു സന്താനങ്ങളിൽ ഓരോരുത്തർക്കും ഓരോ ഇഷ്ടമാണ്. തീൻമേശയ്ക്ക് മുൻപിൽ അത് ഒരുക്കി വയ്ക്കണം. അതിനു മുൻപ് ഓരോരുത്തരേയുംവിളിച്ചുണർത്തി, പ്രഭാത കർമ്മങ്ങൾ നിറവേറ്റി സ്ക്കൂൾ യൂണിഫോം അണിയിച്ച്, എല്ലാ രീതിയിലും സജ്ജമാക്കി മുകളിലത്തെ മുറിയിൽ നിന്നും താഴെ എത്തിക്കണം. ഉദ്വേഗം മുറ്റി നില്ക്കുന്ന ഒരവസ്ഥയിൽ അവൾ ഒരു യന്ത്രം കണക്കെ ഈ ജോലികളെല്ലാം നിർവ്വഹിച്ചു. ഇടയ്ക്ക് തന്റെ പഠനകാലത്ത്, മൂത്ത രണ്ടു സഹോദരിമാരൊടൊപ്പം കഴിഞ്ഞിരുന്നു കാലഘട്ടത്തിലേയ്ക്ക് ഒന്നൂളിയിട്ടു പോകും. അല്പസ്വല്പം തമ്മിത്തല്ലലും, പടലപിണക്കങ്ങളുമുണ്ടായിരുന്നിട്ടും, രക്തബന്ധത്തിന്റെ വിലയെന്താണെന്ന് പരസ്പരം അറിവുണ്ടായിരുന്നു. ഇതോർക്കുമ്പോൾ ഒരു വിങ്ങലും, പിന്നീട് വിതുമ്പലിലേയ്ക്കും പോകുന്നു.

ജീവിത പങ്കാളി ജോലി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥലം കുറച്ചകലെയാണ്. അതു കൊണ്ട് ആഴ്ചയുടെ ആദ്യ ദിവസം, പുലർച്ചെ തന്നെ പുറപ്പെടുമായിരുന്നു. ബാക്കി പ്രവൃത്തി ദിവസങ്ങളിൽ, ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ അടുത്തുള്ള ഒരു ഹോട്ടലിലായിരുന്നു താമസം. വെള്ളിയാഴ്ച രാത്രി വൈകീട്ടാണ് മടങ്ങി എത്താറ്. യാത്ര തിരിക്കുന്നതിനു മുൻപ്, വേണ്ടതെല്ലാം ഒരുക്കികൊടുക്കണം. അടുപ്പുണർന്നു പ്രവർത്തിച്ചപ്പോൾ തീൻമേശയിലെത്തേണ്ടുന്ന പല ആഹാര സാധനങ്ങളും ഉണ്ടാക്കുവാൻ കഴിഞ്ഞു. ഇനി എല്ലാവരേയും ഉണർത്തികൊണ്ടു വരണം. ഒഴിവു ദിവസമായതിനാൽ മകനൊഴികെ, മറ്റെല്ലാവരും വളരെ ലാഘവത്തോടെ സുഖസുഷുപ്തിയിൽ തന്നെ ലയിച്ചുമരുവുന്നു. പല പ്രലോഭനങ്ങളിൽ വീഴ്ത്തിയതിനാൽ ഓരോരുത്തരും ഉണർന്ന്, ദന്തധാവനം കഴിഞ്ഞ് താഴെത്തെ സ്വീകരണമുറിയിലെത്തി, ടി.വി യിലെ രൂപഭാവം മാറ്റുവാനുള്ള അവളുടെ ശ്രമം മകന്റെ മുറുമുറുക്കിലും, പിന്നീട് നിലവിളിയിലും അവസാനിച്ചു. എങ്കിലും ബി. ബി. സി യുടെ ന്യൂസ് ചാനൽ ഉണർന്നു പ്രവർത്തിയ്ക്കുവാൻ തുടങ്ങി. ലോകോത്തര വാർത്താ മാദ്ധ്യമങ്ങളിൽ മുൻപന്തിയിൽ നില്ക്കുന്ന ഈ ചാനൽ എന്തുകൊണ്ടും ശ്രദ്ധേയമാണ്. പ്രത്യേകിച്ച് പ്രാതൽ പരിപാടി തുടങ്ങുന്നത്, അവരുടെ ഏറ്റവും സമർത്ഥരും കാഴ്ചയിൽ സുന്ദരി, സുന്ദരന്മാരുടേയും അരങ്ങേറ്റത്തോടെയാണ്. ഉൾനാട്ടിലെ കുളിക്കടവ് രംഗം മുതൽ രാജകൊട്ടാരത്തിലെ, അത്രയ്ക്കൊന്നും പ്രാധാന്യമില്ലാത്ത, എന്നാൽ പൊതുജനത്തിനു സ്വീകാര്യമായ പരിപാടികൾ വരെ അതിൽ വരുന്നു. ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങളെ ഉൾപ്പെടുത്തി, അത്ഭുതകരമായ കാഴ്ചാ വിശേഷങ്ങളും, വിവരണങ്ങളും പ്രതിപാദിയ്ക്കുന്നത് മിന്നൽ വേഗത്തിലാണ്. സമൂഹത്തിലെ ഉന്നതസ്ഥാനീയരുടേയും, താരപ്രതിഭകളുടേയും സ്വകാര്യ ജീവിതത്തിലേയ്ക്ക് ഒളിവീശുന്ന, മിന്നിമായുന്ന രംഗങ്ങൾ ഒരു ആകർഷണമാണ്. കായികരംഗത്തേയ്ക്കുള്ള പ്രവേശനം, ഓരോ കളികളുടേയും സവിശേഷത ഉൾപ്പെടുത്തി കൊണ്ട് പ്രകടമാക്കുന്നു ഇതെല്ലാം വീക്ഷിച്ചു അച്ഛനും, മക്കളും കൂടി രസിക്കുന്നതിനിടയിൽ അവൾ ദ്രുതഗതിയിൽ രാവിലത്തേയ്ക്കുള്ള വിഭവങ്ങൾ പാനീയങ്ങളടക്കം തയ്യാറാക്കി, മേശപ്പുറത്ത് വച്ചു കഴിഞ്ഞു. മക്കളുടേയും, ഭർത്താവിന്റേയും രുചിക്കനുസരിച്ചാണ് ഭക്ഷണ പദാർത്ഥങ്ങൾ രൂപപ്പെടുത്തൽ. ഇന്നത്തെ പ്രധാന വിഭവം, റൈസ്കേക്ക്(പുട്ട്) തന്നെ. അതിനു വേണ്ടുന്ന കടലക്കറിയും, പഴവും, പപ്പടവുമെല്ലാം സജ്ജമാക്കിയിട്ടുണ്ട്. തലേന്ന് ഉണ്ടാക്കിയ പാലിൽ മൊരിച്ച റൊട്ടിയുടെ ചില കഷണങ്ങൾ ബാക്കിയുണ്ട്. അതും ഓവനിൽ വച്ചു ചൂടാക്കി, പ്ലേറ്റിലാക്കി മേശപ്പുറത്തു വച്ചു. ഒന്നുകൂടി എല്ലാവരേയും വിളിച്ചപ്പോൾ, ഓടി എത്തി. കസേരകളിൽ ഉപവിഷ്ടരായി, പ്രാതൽ കഴിക്കുവാൻ തുടങ്ങി അവൾ ഒരു തളിക കൈയ്യിലെടുത്ത് അതിൽ ഒരു കഷണം പുട്ടും, കുറച്ചു കടലക്കറിയൊഴിച്ച്, അതിനു മീതേ ഒരു പപ്പടവും വച്ച്, തീൻമേശയ്ക്കരികിലുള്ള കസേരയിലിരിക്കാതെ, നിന്നുകൊണ്ടു തന്നെ പയ്യേ കഴിച്ചു. മറ്റുള്ള എല്ലാവരും, ഓരോ തമാശകൾ പറഞ്ഞ് വിഭവങ്ങൾ തീർത്തു. അതിനിടക്കാണ് അവളുടെ മൊബൈൽ ഫോണിൽ മണിയടിച്ചത്. കൈയ്യിലുള്ള പ്ലേറ്റ് മേശപ്പുറത്ത് വച്ച് ഫോണെടുത്ത് അടുക്കളയിലേയ്ക്ക് ചെന്നു. ഗൾഫിലുള്ള മൂത്ത സഹോദരിയാണ് വിശേഷങ്ങൾ ഓരോന്നായി പങ്ക് വച്ചു. ചേച്ചിക്കാകെ ഒരു മകളേയുള്ളൂ. അവൾ നാട്ടിൽ എൻജിനീയറിങ്ങിനു പഠിക്കുകയാണ്. സാമ്പത്തികമായി വളരെ ഉയർന്ന നിലയിലുള്ള അവർക്കു, പ്രത്യേകിച്ചും ചേട്ടന്, സാമാന്യം നല്ല അംഗസംഖ്യയുള്ള സാമ്പത്തിക പരാധീനതയുള്ള ബന്ധുക്കളെ സഹായിയ്ക്കുന്നതിൽ അനല്പമായ സന്തോഷവും, അഭിമാനവുമുണ്ട്. വിവിധശാഖയിലുള്ള, വളർന്നു വരുന്ന തലമുറയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നല്കുന്നത് അവർ ജീവിതത്തിന്റെ ഒരു ഭാഗമാക്കി മാറ്റിയിരിക്കുന്നു. കുട്ടികളുടെ കാര്യമെല്ലാം അന്വേഷിച്ച്, അവരുടെ പഠിത്തത്തിന്റെ സ്ഥിതി കൂടി ആരാഞ്ഞതിനുശേഷമാണ്, അടുത്ത നാട്ടിലേയ്ക്കുള്ള യാത്ര എന്നാണെന്ന് ചോദിച്ചത്. വിഷാദ ഭാവത്തോടെ അത് തീരുമാനിച്ചിട്ടില്ലെന്നും, ഇക്കൊല്ലമെങ്കിലും മാതാപിതാക്കളേയും, മറ്റു ബന്ധുമിത്രാദികളേയും, കാണുന്നതിലേയ്ക്ക് അതിയായ ആഗ്രഹമുണ്ടെന്നും പറഞ്ഞപ്പോൾ, അങ്ങേ തലയ്ക്കൽ നിന്നും പരസ്പരം കണ്ടിട്ട്, മൂന്നു വർഷമായിരിക്കുന്നു എന്നുള്ളതു പരിഭവസ്വരത്തിലുണർത്തിച്ചത് അവൾക്ക് അങ്ങേ യറ്റം സങ്കടമായി. കണ്ണുകൾ നിറഞ്ഞു തുളുമ്പി, സ്വരമിടറി. സംസാരം നിർത്തി, വീണ്ടും തീൻമേശയ്ക്ക്

സമീപമെത്തി, പ്ലേറ്റ് എടുത്തു. ബാക്കിയിരിക്കുന്നത് കഴിക്കുവാൻ ശ്രമിച്ചെങ്കിലും, അതിനു സാധിച്ചില്ല. കലുഷിതമായ മനസ്സ് നിയന്ത്രിക്കുവാൻ പ്രയാസപ്പെടുന്നു. മേശപ്പുറത്തിരിക്കുന്ന കാലിയായ പ്ലേറ്റുകൾ, കഴുകി വൃത്തിയാക്കണം. അമ്മയുടെ നിരന്തരമായ, നിർദ്ദേശങ്ങൾ കേട്ട്, മൂത്തമകൾ പ്ലേറ്റുകളെല്ലാമെടുത്ത്, അടുക്കളയിലെത്തി, കഴുകുവാനുള്ള ടാപ്പിനടിയിലുള്ള സിങ്കിൽ നിക്ഷേപിച്ചു. ചൂടുവെള്ളം വരുന്ന കുഴലിലൂടെ, മെല്ലെ കഴുകുന്നതിനിടയ്ക്ക് മകൾ വല്യമ്മയുടെ വിശേഷം തിരക്കി. രണ്ടു വല്യമ്മമാരിൽ കൂടുതൽ സുഹൃത്ബന്ധം പുലർത്തുന്നത്, അമ്മയുടെ ഗൾഫിലുള്ള സഹോദരിയോടാണ്. വിദേശരാജ്യത്ത് താമസിക്കുന്ന അവർക്ക്, മറ്റു രാജ്യങ്ങൾ സന്ദർശിക്കുന്നത് ഒരു ഹരമാണ്. അങ്ങിനെയാണ്, മൂന്നു വർഷങ്ങൾക്ക് മുൻപ് അവർ ഈ ഇംഗ്ലീഷുകാരുടെ ജന്മസ്ഥലത്തെത്തിയതും. അന്ന് വല്യമ്മയുടെ കൂടെ വല്യച്ഛനും അവരുടെ മകളുമുണ്ടായിരുന്നു. പ്രായത്തിൽ തന്റെ മകളേക്കാൾ മൂത്ത അവരുടെ മകൾ വളരെ സൗമ്യമായി പെരുമാറുന്ന കൂട്ടത്തിലാണ്. അവൾ തന്റെ മകൾക്കു എന്നും ഒരു അനുകരിക്കേണ്ടുന്ന വ്യക്തി (റോൾ മോഡൽ) ആണ്. ബാല്യകാലം മുതൽ ഗൾഫിൽ ഭാരതീയ വിദ്യാലയങ്ങളിൽ പഠിച്ച് വളർന്ന അവൾക്ക് ആർഷ സംസ്കാരത്തിന്റെ അന്തഃസത്ത ഉൾക്കൊള്ളാൻ സാധിച്ചിരുന്നു.

നീണ്ട ഫോൺ സംസാരത്തിനു ശേഷം, അവൾ ഒഴിഞ്ഞ തീൻ മേശയ്ക്ക് സമീപമിട്ടിരിക്കുന്ന 'ദിവാനിൽ' കുറച്ചു നേരം ചാരിയിരുന്നു. അതിഥികൾ വരുന്നയവസ്സരങ്ങളിൽ സംഖ്യാ ബാഹുല്യം കൊണ്ട്, കിടപ്പു മുറികൾക്ക് തിരക്കു വരുമ്പോൾ ഉറങ്ങുവാൻ ഉപയോഗിക്കുന്നതാണിത്. മിക്കപ്പോഴും ഇവിടെ ശയിയ്ക്കുവാൻ ഭാഗ്യം സിദ്ധിയ്ക്കുന്നത് തനിക്കാണെന്നവൾ ഓർത്തു. നാട്ടിലുള്ള അച്ഛനമ്മമാരേയും, തൊട്ടു മൂത്ത സഹോദരിയേയും സ്മരിച്ചു കൊണ്ടവൾ പതുക്കെ ഒന്നു മയങ്ങി പോയി.

നടുവിലത്തെ മകൾ വന്ന് അടുത്തു കിടന്നപ്പോളാണവൾ ഉണർന്നത്. അത്രയക്കാരോഗ്യ സൗഭാഗ്യമില്ലാത്ത ആ കുട്ടി മിക്കപ്പോഴും സ്വയം സംസാരിച്ചും, വീട്ടിനു പുറകിലുള്ള പൂന്തോട്ടത്തിൽ ചുറ്റി നടന്ന് പ്രകൃതിയുമായി സംവദിക്കുകയും ചെയ്യുന്ന കൂട്ടത്തിലാണ്. ഇടയ്ക്ക്, ഇതിൽ ചാരിയിരുന്ന്, ചിന്താനിമഗ്നയായി കണ്ണുകളടച്ച്, ശ്രദ്ധാപൂർവ്വം കൈയ്യിലുള്ള കൊച്ചു ഡയറിയിൽ വരികൾ കുറിച്ചിടും. ഇംഗ്ലീഷു ഭാഷ നന്നായി കൈകാര്യം ചെയ്യുന്ന ആ കുട്ടിക്ക് നുണുങ്ങു കവിതകൾ, പൊട്ടിമുളയ്ക്കുന്നത് ഈ അവസരത്തിലാണ്. മാതൃഭാഷ ഇംഗ്ലീഷായ കുട്ടികളെ പിന്നിലാക്കിക്കൊണ്ട്, ദ്രുതകവനത്തിൽ വിദ്യാലയ പുരസ്ക്കാരം വാങ്ങിയത് അവളാണ്. ഒരു പൂച്ചക്കുഞ്ഞ് ഉരുമ്മുന്ന മാതിരി, അമ്മയുടെ ദേഹത്തോടൊട്ടി, താലോലിച്ച്, മകൾ അങ്ങിനെ കിടന്നു. ഇനി വിശ്രമിച്ചിട്ടു കാര്യമില്ല. ഉച്ചഭക്ഷണത്തിനു വേണ്ടുന്നത് തയ്യാറാക്കണം. മിക്കതും ശീതികരണയന്ത്രത്തിനുള്ളിൽ ശേഷിപ്പായിട്ടുണ്ട്. ഇന്ന് ഒരു പുത്തൻ വിഭവമായി, സാമ്പാർ ഉണ്ടാക്കാം. ഭർത്താവിനു വളരെ ഇഷ്ടമുള്ളതിനാൽ, അതും അതിന്റെ കൂട്ടത്തിൽ പച്ചിലകളാൽ സമ്മിശ്രമായ ഒരു സാലഡും ആയിക്കളയാം. അരിയാഹാരത്തിലത്രയും തൃപ്തരല്ലാത്ത കുട്ടികൾക്ക് പാസ്തായും അതിനു മേമ്പൊടിയായി ചിക്കൻന്യൂഗറ്റ്സുമാകാം. നാട്ടിൽ നിന്നു കൊണ്ടുവന്നിട്ടുള്ള കൊണ്ടാട്ടമുളക്, വറുത്തത് രുചിയ്ക്ക് ഒരു പുതിയ മാനം സൃഷ്ടിക്കാം.

കുളിക്കുന്നതിനു മുൻപ് അടുക്കള വിഭവങ്ങൾ എല്ലാം ശരിയാക്കണം. അതെല്ലാം നിർവ്വഹിച്ച ശേഷം ഒഴിവു ദിവസത്തെ പ്രധാന ചടങ്ങിലേയ്ക്കു കടന്നു. മാലിന്യം സംഭരിച്ച്, വീപ്പയ്ക്കകത്തു നിറച്ച് വച്ചിട്ടുണ്ട്. പച്ചക്കറി നന്നാക്കലിലെ ബാക്കി, ഭക്ഷണാവശിഷ്ടങ്ങൾ, മറ്റുപയോഗശൂന്യമായ വസ്തുക്കൾ ഇവ എല്ലാം എടുത്ത് അതിനു നിയോഗിക്കപ്പെട്ട വലിയ പാത്രത്തിലാണ് നിക്ഷേപിക്കേണ്ടത്. മറ്റൊരു പെട്ടിയിൽ പുനർനിർമ്മാണത്തിനുകതുന്ന വസ്തുക്കൾ നിറയ്ക്കണം. ഇവയെല്ലാം, വീടിനു മുൻപിൽ നിരത്തിനു സമീപമെത്തിക്കണം. വലിയ വീപ്പയ്ക്ക് ചക്രങ്ങളുള്ളതിനാൽ ഉരുട്ടിക്കൊണ്ടു പോകാം. നാട്ടിൻ പുറത്തുള്ള കൗൺസിൽ ലോറി വന്ന്, ആഴ്ചയിലൊരിക്കൽ, സംസ്ക്കരണത്തിനായി കൊണ്ടു പോകും. ഈ കൃത്യ നിർവ്വഹണം പൂർത്തിയാക്കി, ഗൃഹത്തിനുള്ളിലേയ്ക്ക് പ്രവേശിച്ചു.ഇനി വീടു മുഴുവൻ അടിച്ചു വൃത്തിയാക്കണം. അതിന്, വിദ്യുശക്തികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രമെടുത്തു, മകന്റെ സഹായത്തോടെ എല്ലായിടവും ഭംഗിയാക്കി. സ്കൂൾ യൂണിഫോമുകളും, ഭർത്താവിനു തിങ്കളാഴ്ച കൊണ്ടുപോകേണ്ടുന്ന വസ്ത്രങ്ങളും, പ്ലാസ്റ്റിക് കൊട്ടയിലിരുപ്പുണ്ട്. അതെടുത്ത് തേപ്പുപെട്ടിയുപയോഗിച്ച് ഇസ്തരി ഇടണം. മെലിഞ്ഞ തേപ്പു മേശയിൽ വച്ച്, ഓരോന്നായി തേച്ച് അട്ടിയിട്ടു. ഭാരിച്ച ജോലികളെല്ലാം, ഒരുവിധം പൂർത്തിയാക്കിയതിനാൽ ഇനി സ്നാന കർമ്മത്തിലേയ്ക്ക് പ്രവേശിയ്ക്കാം. കുളിമുറിയിൽ കടന്ന്, ബാത് ടബ്ബിന്റെ ടാപ്പ് പ്രവർത്തിപ്പിച്ച് വെള്ളം നിറച്ചു. എല്ലാ ദിവസവും കുളിക്കുവാൻ പറ്റുന്നില്ല. തന്റെ സന്തതസഹചാരിയായി കൂടെയുള്ള അലർജ്ജി ദേഹത്തേയ്ക്കുള്ള ജലപ്രവാഹത്തിനെതിരാണ്. ഇന്നേതായാലും വിസ്തരിച്ച്, ടബ്ബിൽ കിടന്ന് കുളിച്ചും, ഷാമ്പു ഇട്ട്, തലമുടി എല്ലാം ഒന്നു കോതിമിനുക്കി അവൾ പുറത്തിറങ്ങി. കിടപ്പു മുറിയിൽ ചെന്ന് വസ്ത്രങ്ങൾ മാറി, കണ്ണാടിയിൽ പ്രതിബിംബ പരിശോധന നടത്തി, ചീപ്പുകൊണ്ട് മുടിയാകമാനം ഒന്ന് വാരിയിട്ട്, കൈകാലുകളിൽ ലോഷൻ പുരട്ടി. ഇവിടുത്തെ കാലാവസ്ഥയിൽ ശരീരമാകെ ഉണങ്ങിച്ചുരുളും, കൂടാതെ ചൊറിച്ചലുമുണ്ടാകും, അതിന് തടയിടുവാനാണീ സ്നോ ദേഹത്ത് ചാലിച്ചു വയ്ക്കുന്നത്.മുറിയിൽ നിന്നും വെളിയിലേയ്ക്കിറങ്ങി, താഴെ എത്തിയപ്പോൾ, മക്കളിൽ മകൻ എക്സ് ബോക്സിലും, പെൺമക്കളിൽ മൂത്തമകൾ കമ്പ്യൂട്ടറിലും, ഇളയവൾ ഐ പാഡിലും തകൃതിയായി വിളയാടുകയാണ്. ഒത്ത നീളമുള്ള സോഫയിൽ ഒരു പുസ്തകം മടിയിൽ വച്ച് ഭർത്താവ് ശയിക്കുന്നു. അഞ്ചു ദിവസത്തെ പൊരിഞ്ഞ പണിക്കു ശേഷം വിശ്രമം വീട്ടിൽ വന്നിട്ടാണ്. അതിന്റെ ഒരു മുന്നോടിയായിട്ടാണീ കിടപ്പ്. വീട്ടിലെ അംഗങ്ങളെല്ലാം ഓരോന്നിൽ ലയിച്ചിരിയ്ക്കുന്ന, ഈയവസ്സരമാണ് നാട്ടിലേയ്ക്ക് വിളിയ്ക്കുവാൻ പറ്റിയത്. ഫോണിന്റെ, മീതെയുള്ള കോർഡ്

ലെസ്സ് എടുത്ത് സാർവ്വദേശീയ കാർഡുമായി, അവൾ അടുക്കളവാതിൽ തുറന്ന് വെളിയിലുള്ള പൂന്തോട്ടത്തിലേക്കിറങ്ങി. വേഗത്തിൽ തന്നെ തുരുതുരെ, അടിക്കടിയുള്ള നമ്പരുകൾ ഡയൽ ചെയ്ത് ഫോൺ സജീവമാക്കി. നാട്ടിൽ മണിയടി ശബ്ദം കേട്ട്, അമ്മയാണ് ഫോൺ എടുത്തത്. അവിടെ വൈകുന്നേരം ഏതാണ്ട് അഞ്ചു മണി കഴിഞ്ഞിരിക്കുന്നു. അവിടുത്തെ വിശേഷങ്ങളെല്ലാം മണി മണിയായി പറഞ്ഞ്, കുട്ടികളുടെ കാര്യങ്ങളെല്ലാം തിരക്കിയ ശേഷമാണച്ഛന് ഫോൺ കൊടുത്തത്. അദ്ദേഹവും മറുനാട്ടിലെ മുഴുവൻ വിശേഷവും, കുട്ടികളുടെ പഠനകാര്യം, ഭർത്താവിന്റെ ജോലിഭാരം എല്ലാവരുടേയും ആരോഗ്യസ്ഥിതി, പ്രത്യേകിച്ചും അവളുടെ ശരീര സംരക്ഷണം എല്ലാം ചോദിച്ചിട്ട്, അപ്പോൾ വന്നെത്തിയ, തൊട്ടടുത്തു താമസിക്കുന്ന രണ്ടാമത്തെ സഹോദരിക്ക് ഫോൺ നൽകുകയാണെന്നു പറഞ്ഞു നിർത്തി. ചേച്ചിയുമായി, ദീർഘമായി സംസാരിച്ച ശേഷം, ഫോൺവിളി അവസ്സാനിപ്പിച്ചു.

പൂന്തോട്ടത്തിൽ ചെന്ന് സ്ഥിതി വിവരം പരിശോധിച്ചപ്പോൾ വാഴയൊഴിച്ച്, ആപ്പിൾ, സ്ട്രോബെറി, ടൊമാറ്റോ തുടങ്ങിയ ഫലയിനങ്ങളെല്ലാം കായ്ച്ചിരിക്കുന്നു. ശതാവേരി, അടുത്തുള്ള ചെടികളിലേയ്ക്ക് താങ്ങി നില്ക്കുന്നു. തോട്ടോപകരണങ്ങളും മറ്റു പഴയ ഉപയോഗശൂന്യമായ വസ്തുക്കളും സൂക്ഷിക്കുന്ന ഷെഡിന്റെ വാതിൽ തുറന്ന്, അവൾ അതിനകത്ത് കയറി. ഇവിടങ്ങളിൽ വളർത്താറുള്ള രണ്ടു വെള്ള എലികൾ അവിടെ ഉണ്ടായിരുന്നു. ചുവന്ന പരൽ കണ്ണുകൾ വിടർത്തി, വിറയ്ക്കുന്ന ചുണ്ടുകളോടെ അവ അതിശയഭാവത്തോടെ അവളെ നോക്കി നിന്നു. ചുവരിലുള ഷെൽഫിൽ നിന്ന് ഒരു ടിന്നിൽ സൂക്ഷിച്ചിരുന്ന ധാന്യമണികൾ, താഴെ വച്ചിരിക്കുന്ന ഒരു പ്ലേറ്റിലേക്ക് അവൾ ചൊരിഞ്ഞിട്ടു, അത് ആ ചെറിയ ജീവികൾ കരണ്ടു തിന്നുവാൻ തുടങ്ങി. തലേദിവസം അലക്കിയ പൂർണ്ണമായും ഉണങ്ങാത്ത തുണികളെടുത്ത് കൊണ്ടു വന്ന്, അഴയിൽ ഇട്ടശേഷം ആകാശത്തിലേയ്ക്ക് ഒന്ന് കണ്ണോടിച്ചു. ഇന്നു വെയിൽ ഉണ്ടാകുമെന്നുള്ള കാലാവസ്ഥ പ്രവചനമുള്ളതിനാൽ അകത്ത് വലിയ പ്ലാസ്റ്റിക് കൂടയിൽ സൂക്ഷിച്ചിരിക്കുന്ന മുഷിഞ്ഞ തുണികൾ അലക്കിയെടുക്കണം. ഷെഡിന്റെ വാതിലടച്ച്, അടുക്കള ഭാഗത്തേയ്ക്കു കയറി, മൂലയിൽ വച്ചിട്ടുള്ള അലക്കുയന്ത്രം. തുറന്ന്, വെള്ളത്തിന്റെ കുഴലും, അതോടൊപ്പം പ്രവർത്തിപ്പിക്കാനുള്ള സ്വിച്ചുമിട്ടു. മുകളിലും, താഴേയുമൊക്കെ സൂക്ഷിച്ചു വച്ചിട്ടുള്ള മുഷിഞ്ഞ തുണിക്കൂമ്പാരം മുഴുവനുമെടുത്ത് യന്ത്രത്തിനുള്ളിലേയ്ക്കിട്ടു. മൂത്ത മകളെ വിളിച്ച്, ഊണു കഴിക്കുവാനായി എല്ലാവരേയും കൂട്ടി കൊണ്ടുവരുവാൻ നിർദ്ദേശിച്ചു. വലിയ താമസമില്ലാതെ അവരെല്ലാം വന്നെത്തി, പ്ലേറ്റുകളെടുത്ത് തീൻമേശയിൽ നിരത്തി, വേണ്ടുന്ന ഭോജ്യങ്ങൾ വിളമ്പി കഴിക്കുവാൻ ആരംഭിച്ചു. മലയാളിക്കടയിൽ നിന്നും വാങ്ങി വച്ചിരുന്ന ആവോലി പൊരിച്ചു കൂട്ടിയിരുന്നു. കൂടാതെ ധാരാളം ഗ്രേവിയുള്ള കോഴിക്കറിയും തയ്യാറാക്കിയിരുന്നു. പച്ചക്കറികളോടു താല്പര്യമുളള ഭർത്താവിനു പ്രത്യേകമായി സാലഡും, സാമ്പാറും നേരത്തെ തന്നെ കരുതിയിരുന്നു. ഉറക്കെയുള്ള സംസാരവും, പൊട്ടിച്ചിരിയുമൊക്കെയായിട്ടു, അരമണിക്കൂർ കഴിഞ്ഞപ്പോൾ മേശപ്പുറം മിക്കവാറും കാലിയായി. ഒഴിഞ്ഞ പ്ലേറ്റുകളെടുത്ത്, മൂത്ത മകളും അവളും അടുക്കളയിലെത്തി, എല്ലാം കഴുകി വൃത്തിയാക്കി, സ്റ്റാൻഡിൽ തൂക്കി. ബാക്കി വന്ന ഭക്ഷണസാധനങ്ങൾ, അടപ്പുള്ള പാത്രങ്ങളിലാക്കി ഫ്രിഡ്ജിൽ വച്ചു. അടുപ്പിനു മുകളിൽ ചുവരിൽ സ്ഥാപിച്ചിട്ടുള്ള ഷെൽഫിൽ, വച്ചിരുന്ന ഒരു പ്ലാസ്റ്റിക് ഡബ്ബയിൽ നിന്നും ഒരടുക്ക് മിഠായികളെടുത്ത് ഓരോരുത്തർക്കും കൊടുക്കുവാൻ മകളെ ഏൽപ്പിച്ചിട്ട് അല്പം ചൂടുവെള്ളം കൊണ്ട്, വായ് കുഴുക്കുഴിഞ്ഞു. അടുക്കളവാതിലടച്ച്, സ്വികരണ മുറിയിൽ ചെന്ന്, അവിടെ ഇട്ടിരുന്ന സോഫയിലേയ്ക്ക് ചാഞ്ഞു. രണ്ടാമത്തെ മകളൊഴികെ, എല്ലാവരും മുകളിലത്തെ മുറികളിലെത്തി, ഒരു മദ്ധ്യാഹ്ന സുഷുപ്തിയുടെ ലഹരിയിലേയ്ക്ക്, അലിഞ്ഞു ചേരാൻ തുടങ്ങിയിരുന്നു. ഈ മകൾ ഒരു സാഹിത്യകുതുകിയായതിനാൽ തീൻമേശയ്ക്ക് സമീപമിട്ടിരിക്കുന്ന ദിവാനിൽ കിടന്ന് പുസ്തക വായന തുടങ്ങി. സ്വതവെ ഉപയോഗിക്കുന്ന കനത്ത കണ്ണടയിലൂടെ, അക്ഷരങ്ങളുടെ സ്വർഗ്ഗലോകം തെളിഞ്ഞു വരുവാൻ താമസമുണ്ടായില്ല. അവളുടെ കലാവാസനയ്ക്ക് അംഗീകാരമെന്നോണം, ഈ നാട്ടിൽ നിന്നു തന്നെ പല പുരസ്ക്കാരങ്ങളും വാങ്ങികൂട്ടയിട്ടുണ്ട്. ഈ സർഗ്ഗ പ്രക്രിയ. സാക്ഷാത്കാരത്തിനുതകുന്ന പുസ്തകങ്ങൾക്കു വേണ്ടി, കൗൺസിലിന്റെ മുഖ്യവായനശാലയിൽ പ്രത്യേകമായി, അംഗത്വ കാർഡുമുണ്ട്.

നാലുമണിയോടെ ഉറക്കമുണർന്ന അവൾ, മുഖമെല്ലാം കഴുകി, ടോയിലെറ്റിൽ പോയി തിരിച്ച്, വീണ്ടും വന്ന് സോഫയിലിരുന്ന് ടി.വി പ്രവർത്തിപ്പിക്കുവാൻ തുടങ്ങി. പ്രത്യേകമെടുത്തിട്ടുള്ള മലയാളം ചാനലിൽ വരുന്ന ഒരു പരിപാടിയുണ്ട്. അത് ഒന്നോടിച്ചു കാണാമെന്നു പ്രതീക്ഷയുണ്ട്. അതിനു ശേഷം ചായ തയ്യാറാക്കാം. സമൂഹത്തിലെ പല പ്രമുഖരേയും അനുകരിച്ചു കൊണ്ടുള്ള ഹാസ്യതാരങ്ങൾ പങ്കെടുക്കുന്ന പരിപാടിയാണ്. ചിരിയുടെ മാലപടക്കത്തിനു തിരികൊളുത്തുന്ന രീതിയിൽ ഒന്നുമില്ലെങ്കിൽക്കൂടി, പലതും നർമ്മരസാനുഭവം പകരുന്നവയായിരുന്നു. അത് മുഴുവൻ കാണാൻ നില്ക്കാതെ, അടുക്കളയിൽ കയറി ചായ തയ്യാറാക്കി, ഫ്രിഡ്ജ് തുറന്ന് ശീതികരിച്ചുവച്ചിട്ടുള്ള ഉരുളക്കിഴങ്ങ് ചിപ്പ്സിന്റെ പാക്കറ്റെടുത്ത്, അടുപ്പ് കത്തിച്ചു, എണ്ണയിൽ വറത്തു വച്ചു.

വായനയുടെ കൊടുമുടിയിൽ കയറി ഇരുന്നിരുന്ന മകളെ വിളിച്ചും, ഉറക്കത്തിലായിരുന്ന എല്ലാവരേയും, വിളിച്ചുണർത്തിക്കൊണ്ടു വരുവാൻ നിർദ്ദേശിച്ചിട്ടവൾ, അലക്കുയന്ത്രത്തിനു സമീപം ചെന്ന്, അടപ്പ് തുറന്നു, തുണികളെടുത്ത് പുറകിലത്തെ വാതിലിലൂടെ പൂന്തോട്ടത്തിലെ ഒഴിവുള്ള സ്ഥലത്ത് കെട്ടിയിട്ടുള്ള അഴയിലേയ്ക്ക് ഇടുവാൻ തുടങ്ങി. പ്രകാശവാനായ സൂര്യഭഗവാന്റെ, താപസൗന്ദര്യത്തിൽ തുണികളെല്ലാം ഉണങ്ങികിട്ടുമെന്നതിനാൽ അവൾക്കു സന്തോഷമായി. ഇവിടെ ഏതാണ്ട് എട്ടുമണി കഴിഞ്ഞേ ഭാസ്ക്കരൻ മറയൂ. ഉള്ളിലെത്തി തീൻമേശയ്ക്ക് മുൻപിലെത്തിയപ്പോൾ, ചായകുടി കഴിഞ്ഞ് എല്ലാവരും പിരിഞ്ഞിരുന്നു. തനിക്ക് വേണ്ടി ഒരു കപ്പ്


ചായ ബാക്കിയുണ്ടായിരുന്നെങ്കിലും, ഭാഗ്യവശാൽ തിന്നുവാനൊന്നുമുണ്ടായിരുന്നില്ല.

ഇന്നിനി, പുറത്തേയ്ക്ക് പോകുവാനുള്ള തയ്യാറെടുപ്പിന് ഓരോരുത്തരേയും സജ്ജമാക്കണം. അതിനായി മക്കളേയും, ഭർത്താവിനേയും സജ്ജമാക്കണം. മക്കളേയും, ഭർത്താ വിനേയും പലപ്രാവശ്യം വിളിച്ചുണർത്തിച്ച ശേഷം, അവൾ മുകളിലത്തെ തന്റെ മുറിയിലെ അലമാരയിൽ നിന്നും ഒരു ജീൻസും, ടോപ്പും എടുത്തണിഞ്ഞ്, തലമുടി ഒന്നു വാരിവലിച്ചിട്ട്, സന്തത സഹചാരിയായ ബാഗും, പഴ്സുമെടുത്ത് താഴെയെത്തി. അതിശയകരം, തന്നെ എല്ലാവരും റെഡി. വീടിന്റെ മുൻവശ വാതിലടച്ച് പൂട്ടി, താക്കോൽ സഞ്ചിയിലിട്ടശേഷം ഏറ്റവും അവസാനം, മറ്റൊരാശ്രയമില്ലാതെ, അംബരത്തിനു കീഴിൽ അനാഥമായി കിടന്നിരുന്ന കാറിന്റെ മുൻസീറ്റിൽ കയറി. ഇതിനോടകം മറ്റുള്ളവരെല്ലാം കാറിന്റെ പിൻസീറ്റിലിരുപ്പുറപ്പിച്ചിരുന്നു.

വാഹനസാരഥിയുടെ ഇരിപ്പിടത്തിൽ, ഭർത്താവ് കയറിയിരുന്ന് ശകടം പ്രവർത്തിപ്പിച്ച്, കുന്നിൻചരുവിലൂടെ താഴെയിറങ്ങി, ഇവിടുത്തെ കൗൺസിൽ (പഞ്ചായത്ത്) അതിർത്തിയിലുള്ള ഗ്രാമചന്തയിലേയ്ക്ക് തിരിച്ചു. അവിടെ കാറുകൾ നിർത്തുവാനുള്ള പ്രത്യേക സ്ഥലത്ത്, വരിവരിയായിട്ടിരിക്കുന്ന വാഹനങ്ങൾക്കിടയിൽ ഒഴിവുണ്ടായിരുന്ന ഒരു ഇടത്തിൽ നിർത്തി. എല്ലാവരും പുറത്തിറങ്ങി. മാർക്കറ്റ് റോഡിലേയ്ക്ക്, ഇറങ്ങേണ്ടുന്ന സ്ഥലത്തുള്ള യന്ത്രത്തിൽ മൂന്നുമണിക്കൂർ കാർ നിർത്തലിനു വേണ്ടുന്ന പണം നിക്ഷേപിച്ച്, കാർഡെടുത്ത് ഭർത്താവ് കുടുംബത്തോടു ചേർന്ന് നടന്ന് ഷോപ്പിംഗ് മാളിന്റെ മുന്നിലെത്തി. പുറമേനിന്ന്, നോക്കിയാൽ ഒരു കോട്ട കണക്കെ കെട്ടി ഉയർത്തിയിട്ടുള്ള ഒരു സംവിധാനമാണ്. ഇതിനുള്ളിലാണ് വിവിധ വ്യാപാര സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നത്. പബ്ബുകൾ (വിദേശമദ്യശാലകൾ) മുതൽ പർണ്ണശാല പോലെ അലങ്കരിക്കപ്പെട്ട നവീനപാചകശാലകൾ വരെ ഇവിടെയുണ്ട്. ഇലക്ട്രോണിക്ക് സാധനങ്ങൾ, മഞ്ഞുകാലത്തേയ്ക്ക് മാത്രം ഉപയോഗിക്കേണ്ട വസ്ത്രങ്ങൾ, സ്ത്രീകൾക്കും, പുരുഷന്മാർക്കും, കുട്ടികൾക്കും അണിയേണ്ട ഉടയാടകൾ, വീട്ടുപകരണങ്ങൾ, പുസ്തകങ്ങൾ. എല്ലാം ഇവിടെ ലഭ്യമാണ്. അവിടവിടെയുള്ള എ. ടി. എമ്മുകൾ, വിവിധ രാജ്യങ്ങളെ പ്രതിനിധീകരിച്ചു കൊണ്ടുള്ള കാപ്പി ക്ലബുകൾ, സൂപ്പർ മാർക്കറ്റുകൾ, വിദേശ ബാങ്കുകളുടെ കണ്ണിയായിട്ടുള്ള വലുതും ചെറുതുമായിട്ടുള്ള ശാഖകൾ, ഇവയെല്ലാം ഇവിടെ കൃത്യതയോടും, സൂക്ഷ്മതയോടും പ്രവർത്തിക്കുന്നു. നിത്യോപയോഗത്തിനുതകുന്ന ഏതു തരം സാധനവും വലിയ വിലപ്പിടിപ്പില്ലാതെ തന്നെ ഇവിടെ കിട്ടുന്നു. ആഡംബരവസ്തുക്കൾ കുന്നുകൂടി കിടക്കുന്നു. ഏതിനായാലും, മറ്റു പ്രധാനപ്പെട്ട നഗരങ്ങളിലേയ്ക്ക് പോകേണ്ടുന്ന സാഹചര്യം വരുന്നില്ല. കുട്ടികൾക്ക് സ്ക്കൂളിൽ കൊണ്ടുപോയി കഴിക്കേണ്ടുന്ന ചില ആഹാരസാധനങ്ങൾ, ഇഷ്ടപ്പെട്ട സൂപ്പർമാർക്കറ്റിലൊന്നിൽ കയറി വാങ്ങിയ ശേഷം എല്ലാവരും കൂടി അതിനു സമീപത്തുള്ള തായ് റെസ്റ്റോറന്റിലേയ്ക്കു പുറപ്പെട്ടു. ഈ വഴിയിൽ ഏഷ്യൻ ഭക്ഷണ സാധനങ്ങൾ ലഭിക്കുന്ന അനേകം ശാലകളുണ്ട്, പ്രത്യേകിച്ചും കേരളത്തനിമയിൽ പ്രവർത്തിക്കുന്ന ഒരു ഭോജനശാല എല്ലാവരുടേയും ആകർഷണമാണ്. പെൺകുട്ടികൾക്ക് പിസാഹട്ടിലേയ്ക്ക് പോകുവാൻ താല്പര്യമുണ്ടായിരുന്നു. പക്ഷെ, ഇന്നീ തായ് ഹോട്ടലിലാകാമെന്ന് കുട്ടികളുടെ അച്ഛൻ പറഞ്ഞപ്പോൾ എല്ലാവർക്കും സമ്മതമായി. ഭക്ഷണത്തിനുള്ള പട്ടിക കൊടുത്ത് അല്പനേരം കാത്തിരിക്കേണ്ടി വന്നു. എന്നാലും തുടക്കത്തിൽ വന്ന വറ സാധനങ്ങൾക്കു ശേഷം, ചുരുങ്ങിയ ഒരു സമയത്തിനുള്ളിൽ ആഗ്രഹിച്ച ഭോജ്യങ്ങളെല്ലാമെത്തി. വിഭവങ്ങൾ സ്വാദോടെ കഴിച്ച്, പാനീയങ്ങൾ കൂടി മൊന്തിയ ശേഷം രാത്രി 9 മണിയോടെ വീട്ടിൽ തിരിച്ചെത്തി. പിറ്റേന്ന് ഞായറാഴ്ചയായതിനാൽ, വലിയ തിരക്കൊന്നുമില്ലെന്നു മനസ്സിലാക്കി ദിവാനിലിരുന്ന്, ഷെൽഫിൽ വച്ചിരുന്ന ഇൻഡ്യൻ പാചക രീതികൾ എന്ന പുസ്തകമെടുത്ത് അവൾ വായിക്കുവാൻ തുടങ്ങി. കുട്ടികൾ, അന്നൊരു മലയാള സിനിമ കാണുവാനുള്ള വ്യഗ്രതയിൽ ഇന്റർനെറ്റ് പരതി, അത്രയ്ക്കു പഴക്കമില്ലാത്ത ഒരു പടം തപ്പിയെടുത്തു. അത് ടി. വിയിലേയ്ക്ക് ലാപ്പ്ടോപ്പ് കമ്പ്യൂട്ടറിൽ നിന്നും മാറ്റി, സിനിമാ കാണുവാൻ തുടങ്ങി. ഭർത്താവും, അവരുടെ കൂടെ അതിൽ ലയിച്ചു. സിനിമ മുഴുവൻ കാണാതെ അവർ ഉറങ്ങില്ല എന്നു മനസ്സിലാക്കി, അവൾ മുകളിലത്തെ തന്റെ മുറിയിൽ ചെന്ന്, കിടക്കയെല്ലാം ഒന്നുകൊട്ടി വിരിച്ചു തലയിണക്കീഴിൽ വച്ചിരുന്ന ഭാഗവതമെടുത്ത്, തലേദിവസം വായന അവസാനിപ്പിച്ച്, അടയാളം വച്ചിരുന്നിടത്തു നിന്നും തുടങ്ങി. ഏതാണ്ട് ഒരു പേജ് ആവുന്നതെയുള്ളൂ, കണ്ണുകളടഞ്ഞു പോകുന്നു. പുസ്തകത്തിന്റെ ആ പേജിൽ വീണ്ടും അടയാളം വച്ച്, ഭഗവാനേയും, സകല ചരാചരങ്ങളേയും സ്മരിച്ച് കൈകൾ കൂപ്പി. സുഷുപ്തിയിലേയ്ക്ക് മെല്ലെ വീണു. രാത്രിയുടെ ഏതോ യാമത്തിൽ ഞെട്ടിയുണർന്നു. അടുത്തു കിടക്കുന്ന ഭർത്താവിന്റെ ക്രമാതീതമായ കൂർക്കംവലിയുടെ അപസ്വരം അവളിൽ ഒരു വിഹ്വലത സൃഷ്ടിച്ചതിനാൽ ഇനിയങ്ങോട്ടുള്ള നിദ്രയ്ക്ക് തടസ്സമായി ഏതായാലും ദേവീനാമജപത്തോടെ ഒന്നു ശ്രമിക്കാം. എങ്ങിനെയോ, ഒരു മയക്കത്തിലേക്കവൾ അമർന്നു. അതിനിടയിലാണ്, അവൾക്ക് ആ സ്വപ്നലോകത്തിലേയ്ക്ക് പ്രവേശിയ്ക്കുവാൻ ഭാഗ്യമുണ്ടായത്. വെളുപ്പിനേഴുന്നേറ്റ് ധൃതഗതിയിൽ അകലെയുള്ള ജോലിസ്ഥലത്തേയ്ക്ക് പോകേണ്ടുന്ന ഭർത്താവിന്റെ മുഖം, ലാപ്ടോപ്പ് കമ്പ്യൂട്ടർ ബാഗ്, കൂടാതെ ഒരാഴ്ച ജോലിസ്ഥലത്തുള്ള ഹോട്ടലിൽ കഴിച്ചു കൂട്ടുന്നതിനു വേണ്ടുന്ന വസ്ത്രങ്ങളും മറ്റ് അനുസാരികളും അടങ്ങിയപെട്ടി, അത്യാവശ്യ ഭക്ഷണസാധനങ്ങൾ തയ്യാറാക്കി അടുക്കിവച്ചിട്ടുള്ള മറ്റൊരു തൂക്കു സഞ്ചി, ടാക്സി വിളിപ്പിച്ച് അതിൽ കയറി റെയിൽവെ സ്റ്റേഷനിലേയ്ക്ക് എല്ലാമെടുത്തു കൊണ്ട് കുതിച്ചു പോകുന്നു; വാതിലടച്ച് തിരികെ വന്ന് അടുക്കളയിലെത്തി കുട്ടികൾക്കു വേണ്ടുന്ന ഭക്ഷണമൊരുക്കൽ; വാട്ടർബോട്ടിൽ, സ്നാക്ക് ബാഗ്, പുസ്തകസഞ്ചി ഇവയെല്ലാം സ്വരുകൂട്ടി മുൻവശത്തു വാതിലിനടുത്തു കിടക്കുന്ന മേശമേൽ കൊണ്ടു വയ്ക്കൽ; മക്കളെ ഓരോരോത്തരായി പല പ്രാവശ്യം വിളിച്ച് ഉണർത്തി കൊണ്ടു വന്ന്, പ്രഭാത കൃത്യങ്ങൾ നിറവേറ്റി വസ്ത്രങ്ങൾ

# കേരള നാടേ

(വഞ്ചിപ്പാട്ട്)



\- ബാലസുബ്രമണ്യൻ

1. ഭാരതത്തിൻ വഞ്ചിനാടേ കേരളമാം ജന്മനാടേ<br>
ഭാവുകങ്ങൾ നേർന്നിടുന്നു കേരള മക്കൾ — തിത്തിത്താരാ........തിത്തൈ
2. ഓണം വന്നു കേറീടുമ്പോൾ കോടിയുടുത്താടീടുമ്പോൾ<br>
ഓടീവള്ളം തുഴഞ്ഞിതാ ഞങ്ങൾ വരുന്നേയ് — തിത്തിത്താരാ........തിത്തൈ
3. ഓണ വില്ലീന്നീണം കേട്ടു ഓണത്തുമ്പി ഉറഞ്ഞാടി<br>
ഓമനകൾ നാളെയുടെ പുലരികളായ് — തിത്തിത്താരാ........തിത്തൈ
4. മഞ്ഞണിഞ്ഞ മാമലകൾ പൊന്നണിഞ്ഞ പുഞ്ചപ്പാടം<br>
നിന്നുനിവർന്നാടീടുന്ന കൽപകവൃന്ദം — തിത്തിത്താരാ........തിത്തൈ
5. തെയ്യമുണ്ട്, തിറയുണ്ട്, തിയ്യലാട്ടം, മുടീയാട്ടം<br>
മെയ്യറപ്പ് കളരിയും വേറെയുണ്ട് — തിത്തിത്താരാ........തിത്തൈ
6. കൂടിയാട്ടം, കഥകളി, തുള്ളലുണ്ട്, തുടികൊട്ട്<br>
തുമ്പിതുള്ളൽ, കുമ്മിയടി, ചീതങ്കം തുള്ളൽ — തിത്തിത്താരാ........തിത്തൈ
7. പഞ്ചവാദ്യം, പാണ്ടിമേളം, പറകൊട്ടിപുറപ്പാട്<br>
പള്ളിവേട്ട എന്നു വേണ്ട പലതുമുണ്ട് — തിത്തിത്താരാ........തിത്തൈ
8. ശങ്കുവിളി കേട്ടുണർന്ന അമ്പലങ്ങൾ പുലരിയിൽ<br>
വാങ്കുവിളി, പള്ളിമണി, പങ്കുചേരുന്നു. — തിത്തിത്താരാ........തിത്തൈ
9. പണ്ടുവാണ തമ്പുരാന്റെ ഇണ്ടലെല്ലാമകറ്റാനായ്<br>
കൊണ്ടുപിടിച്ചാടിടുന്ന കേരളമക്കൾ — തിത്തിത്താരാ........തിത്തൈ
10. ഓണം വന്നു കേറീടുമ്പോൾ കോടിയുടുത്താടിടുമ്പോൾ<br>
ഓടിവള്ളം തുഴഞ്ഞിതാ ഞങ്ങൾ വരുമ്പേയ് — തിത്തിത്താരാ........തിത്തൈ

---

## ത്രിപുരസുന്ദരീ ചതുഃഷഷ്ട്യുപചാര സ്തോത്രം

**നന്ദകുമാർ .എം.മേനോൻ**

**സുന്ദരീമണിയെ നോക്കുകീശ തളയിട്ട ഭാര്യ സുരദേവ, തേ**<br>
**രത്ന നൂപുരമണിഞ്ഞു ലാസ്യവതിയായി നിൽക്ക പരദേവതേ**<br>
**പാദഭംഗി പുനരേറുവാനിടുക മോതിരങ്ങൾ സുരദേവതേ**

**സുരദേവ = സുരന്മാരുടെ ദേവൻ, ശിവൻ. തേ=അങ്ങയുടെ.**

## ശ്രീ വിദ്യാധിരാജ വചനം

ചൈതന്യമാണ് ഏറ്റവും സൂക്ഷ്മമായ ഘടകം. അതാണ് മനുഷ്യന്റെ സത്തയും. അത് എല്ലാവരിലും ഒരു പോലെ നിലകൊള്ളുന്ന ഏക സത്യവുമാണ്.

ധരിപ്പിച്ച്, ഭക്ഷണം കഴിപ്പിച്ച് സ്കൂളിലേയ്ക്ക് യാത്രയാക്കുന്നു; ഇളയമകനെ അടുത്തുള്ള സ്ക്കൂളിൽ കൊണ്ടു പോയി വിടുന്നു.; അതിനു ശേഷം, തിരികെ വീട്ടിൽ വന്ന്, വാതിൽ തുറന്ന് അകത്ത് പ്രവേശിച്ചു കുറ്റിയിടുന്നു; വൈകുന്നേരം, ഇളയമകനെ കായിക കേന്ദ്രത്തിൽ നീന്തലിനും, മൂത്തമകളെ നാട്യശാലയിൽ അഭിനയപരിശീലനത്തിനും, ഇളയവളെ ബാലേ പഠനത്തിനും കൊണ്ടു പോകണം അതുവരെ വിശ്രമസമയമാണ്. സ്വീകരണ മുറിയിലെ സോഫായിലേയ്ക്ക് ചായുന്നു. പയ്യേ കണ്ണുകളടയുന്നു. ഞെട്ടിയുണർന്ന്, തപ്പിതടഞ്ഞു സോഫയ്ക്കു അരികെയുള്ള മേശമേൽ വച്ചിരിക്കുന്ന വാച്ചിലേയ്ക്ക് നോക്കുമ്പോൾ മണി ഏഴ്. രാവിലെ, വളരെ താമസിച്ചു പോയല്ലോ, എന്നോർത്ത് വ്യസനിച്ച് പിടഞ്ഞെഴുന്നേറ്റപ്പോഴാണ് അന്ന് ഞായറാഴ്ച ആണെന്നും, താൻ കണ്ടത് വെറുമൊരു കിനാവാണെന്നും അവൾക്കു മനസ്സിലായത്. നിറഞ്ഞ സന്തോഷത്തോടെ ഇന്നിനി ഒരു പ്രാരാബ്ധവുമില്ലെന്ന് ആഹ്ളാദിച്ച് ഒരു വലിയ ഭാരം ഇറക്കിവച്ചു എന്നുള്ള സമാധാനത്തോടെ സമീപത്ത് സുഖസുഷുപ്തിയിൽ ലയിച്ചുകിടക്കുന്ന തന്റെ ജീവിതേശ്വരനെ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ട് വീണ്ടും അവൾ അതീവ ലാഘവത്തോടെ കിടന്നു. ●

# അഷ്ടാവക്രൻ

– എം. ജി. തങ്കമ്മ

ഉദ്ദാലകൻ എന്ന മഹർഷിക്ക് ഖഗോദരൻ എന്ന് പേരുള്ള ഒരു ശിഷ്യനും സുജാത എന്ന പേരിൽ ഒരു പുത്രിയും ഉണ്ടായിരുന്നു. ശിഷ്യന്റെ ഗുരുഭക്തിയിൽ പ്രസന്നനായ ഉദ്ദാലകൻ പുത്രിയായ സുജാതയെ ശിഷ്യന് വിവാഹം ചെയ്തു കൊടുത്തു. സുജാത ഗർഭിണിയായി. ഒരിക്കൽ ഖഗോദരൻ വേദോച്ചാരണം ചെയ്തപ്പോൾ ഗർഭസ്ഥനായ ശിശു ഇങ്ങനെ പറഞ്ഞു. അങ്ങയുടെ ഉച്ചാരണമന്ത്രം ഞാൻ പഠിച്ചു കഴിഞ്ഞു. പക്ഷെ ഉച്ചാരണം ശുദ്ധമല്ല, തെറ്റുണ്ട്. കോപിഷ്ഠനായ ഖഗോദരൻ ഗർഭസ്ഥ ശിശുവിനെ ശപിച്ചു. നിന്റെ മനസ്സ് വക്രമായിരിക്കുന്നതു പോലെ തന്നെ ശരീരവും വക്രവും ഒടിവുകളോടു കൂടിയും ഭവിക്കട്ടെ.

സുജാത പ്രസവിച്ചു. ആ കുട്ടിയുടെ ശരീരത്തിന് എട്ട് ഒടിവുകളും എട്ടു വളവുകളും ഉണ്ടായിരുന്നതിനാൽ കുട്ടിയെ അഷ്ടാവക്രൻ എന്നു വിളിച്ചു. (മ. ഭാ. വനപർവ്വ) സുജാത ഗർഭിണിയായിരുന്നപ്പോൾ അവർ ദാരിദ്ര്യം കൊണ്ട് വളരെ കഷ്ടപ്പെട്ടു. ഭാര്യയുടെ നിർബന്ധം മൂലം കുറെ ധനം യാചിക്കുന്നതിനു വേണ്ടി ഖഗോദരൻ ജനക മഹാരാജാവിന്റെ അടുക്കലേയ്ക്കു പോയി. ജനകൻ ഒരു യാഗം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു അപ്പോൾ. തന്മൂലം ഉടൻ രാജാവിനെ കാണാൻ സാധിച്ചില്ല. പിന്നീട് രാജസദസ്സിൽ പ്രവേശിച്ച് വാനീനൻ എന്ന ഒരാളുമായി വാദപ്രതിവാദം നടത്തി. തോല്ക്കുന്നവനെ സമുദ്രത്തിലെറിയുക എന്നതായിരുന്നു പന്തയം. ഖഗോദരൻ വാദത്തിൽ തോല്ക്കുകയും കടലിൽ എറിയപ്പെടുകയും ചെയ്തു. അങ്ങനെ ജനനത്തിനു മുമ്പു തന്നെ പിതാവ് നഷ്ടപ്പെട്ടു.

ഉദ്ദാലകന് ശ്വേതകേതു എന്ന ഒരു കുട്ടിക്കൂടി ഉണ്ടായിരുന്നു. ശ്വേതകേതുവും അഷ്ടാവക്രനും ആശ്രമത്തിൽ ഏറ്റവും സഹകരിച്ച് കഴിഞ്ഞുക്കൂടി. അച്ഛന്റെ മരണവൃത്താന്തം ഉദ്ദാലകനും സുജാതയും അഷ്ടാവക്രനിൽ നിന്ന് മറച്ചു വച്ചു.

ശ്വേതകേതുവും അഷ്ടാവക്രനും ഒരിക്കൽ കളിച്ചുകൊണ്ടിരുന്നപ്പോൾ ഒരു തർക്കം ഉണ്ടായി. അപ്പോൾ ശ്വേതകേതു അവർക്ക് അച്ഛനില്ലെന്ന് പറഞ്ഞു. കുപിതനായ അഷ്ടാവക്രൻ മാതാവിന്റെ അടുക്കൽ ചെന്ന് വിവരങ്ങളെല്ലാം ഗ്രഹിച്ച ശേഷം ജനകമഹാരാജാവിന്റെ സദസ്സിലേയ്ക്ക് പോയി. ബാലനായതുകൊണ്ട് ദ്വാരപാലകർ കടത്തി വിട്ടില്ല. പ്രായമല്ല, ജ്ഞാനമാണ് പരിഗണിക്കേണ്ടതെന്ന് വാദിച്ചപ്പോൾ കുട്ടിക്ക് പ്രവേശിക്കാൻ അനുവാദം കിട്ടി. അവിടെ വച്ച് അച്ഛന്റെ ശത്രുവായ വാനീനനുമായി തർക്കത്തിലേർപ്പെട്ടു. പന്തയമനുസരിച്ച് വാനീനൻ കടലിലെറിയപ്പെട്ടു. അയാൾ വരുണന്റെ പുത്രനായതിനാൽ കടലിൽ എറിയപ്പെട്ടത് ഗൗരവമുള്ളതായി തോന്നിയില്ല. വാനീനൻ കടലിൽ പതിച്ച ഉടനെ അഷ്ടാവക്രന്റെ അച്ഛനായ ഖഗോദരൻ കടലിൽ നിന്നുയർന്നു വന്നു. പുത്രനോടൊന്നിച്ച് ഖഗോദരൻ നദിയിൽ സ്നാനം ചെയ്തു. സ്നാനം കഴിഞ്ഞപ്പോൾ അഷ്ടാവക്രന്റെ ശരീരത്തിലെ ഒടിവുകളും വളവുകളും മാറി പൂർണ്ണാംഗനും ശ്വേതവർണ്ണ നുമായിത്തീർന്നു. (മ. ഭാ. വന പർവ്വം)

അഷ്ടാവക്രന്റെ ശരീരം വക്രമായതിന് മറ്റൊരു കഥ ബ്രാഹ്മവൈവർത്ത പുരാണത്തിൽ കാണുന്നുണ്ട്. ആ കഥ ഇങ്ങനെ. പണ്ട് ആസിതൻ എന്നൊരു മുനി ജീവിച്ചിരുന്നു. അദ്ദേഹം ഒരു പുത്രനുണ്ടാകുന്നതിനു വേണ്ടി ശിവനെ തപസ്സു ചെയ്തു. തപോഫലമായി ദേവലൻ എന്നൊരു പുത്രനുണ്ടായി. ദേവലോക സുന്ദരിയായ രംഭ ദേവലനിൽ അനുരുക്തയായി. പക്ഷെ ദേവലൻ അവളുടെ ആഗ്രഹത്തിന് വഴിപ്പെട്ടില്ല. രംഭ ദേവലനെ ശപിച്ച് വക്ര ശരീരനാക്കിത്തീർത്തു. അദ്ദേഹം ആറായിരം സംവത്സരം തപസ്സു ചെയ്തു. തപശക്തിയാൽ ശ്രീകൃഷ്ണഭഗവാൻ രാധയുമൊന്നിച്ച് അഷ്ടാവക്രന്റെ മുന്നിൽ പ്രത്യക്ഷനായി. മഹർഷിയുടെ വൈരൂപ്യം രാധയ്ക്ക് ആക്ഷേപമായി തോന്നി. ഭഗവാൻ രാധയെ വിലക്കുകയും മുനിയെ ആലിംഗനം ചെയ്യുകയും ചെയ്തു. തൽക്ഷണം അഷ്ടാവക്രന്റെ വക്രത മാറി സുമുഖനായിത്തീരുകയും ചെയ്തു. അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് ഒരു രഥം ഇറങ്ങി വരികയും രാധാ കൃഷ്ണന്മാരും മുനിയും അതിൽ കയറി സ്വർഗ്ഗത്തിലേക്ക് പോകുകയും ചെയ്തു. ●

## സ്ത്രീ സമാജത്തിലെ സെപ്റ്റംബർ മാസത്തെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 10.9.2013 (ചൊവ്വാഴ്ച) | അംഗങ്ങളുടെ ഒത്തുചേരൽ | 4 pm |
| 12.9.2013 (വ്യാഴാഴ്ച) | പാചക ക്ലാസ്സ് | 10 am |
| 14. 9. 2013 (ശനിയാഴ്ച) | ഓണാഘോഷം | 10 am |

**എല്ലാ തിങ്കളാഴ്ചയും രാവിലെ 10.30 ന് നാരായണീയ ക്ലാസ്സും വെള്ളിയാഴ്ച രാവിലെ 10.30 മണിക്ക് ഭജനക്ലാസ്സും ഉണ്ടായിരിക്കും.**


## SITUATION WANTED

**B.Com, with Tally,**
seeks job in Accounts/Finance.
**Jayasankar. R**
S/o R. Reghunandanan
Uthradam House
Hospital Road
Tripunithura

Mob: 9895975629

Email:
jayashankarreghu@gmail.com

# ഈ മരത്തണലിൽ

- എൻ. എൽ. കുമാരി ഗിരിജ

**ക**ലിതുള്ളിയെത്തിയ ഇടവപ്പാതി ഇത്തവണ നാശം ഏറെയുണ്ടാക്കി. മഴയോടൊപ്പം ഉറഞ്ഞുതുള്ളിയ കാറ്റിൽ നഗരത്തിലെ മരങ്ങൾ പലതും നിലം പൊത്തി. ആ കൂട്ടത്തിൽ മുറ്റത്തു നിന്നിരുന്ന ആ തണൽ മരവും. റോഡിലേയ്ക്ക് മറിഞ്ഞുനിന്ന അതിന്റെ ചില്ലകൾ എല്ലാം ഇന്ന് രാവിലെ തന്നെ മുറിച്ചു മാറ്റി.

നഗരത്തിൽ പുതിയ വീടു വച്ച് താമസം തുടങ്ങിയ നാളുകളിൽ തന്നെ ആ പാഴ്ച്ചെടി ശ്രദ്ധയിൽ പെട്ടിരുന്നു. വീടിന്റെ മുൻവശത്ത്, മതിലിനോട് ചേർന്ന് അത് നിന്നിരുന്നു. കാക്ക മുന്തിരിയെന്നും ഇംഗ്ലീഷ് മുന്തിരി യെന്നും വീട്ടിലെ മുതിർന്നവർ വിളി ക്കുന്ന ഒരു തണൽ മരത്തിന്റെ തൈ. വേണമെങ്കിൽ അത് അപ്പോഴേ പറിച്ചു കളയാമായിരുന്നു. മുളയിലെ നുള്ളുക! അത് വളർന്നു വലുതായാൽ മുറ്റത്ത് പൂച്ചെടികൾ നടാൻ പറ്റില്ല എന്നും തോന്നിയിരുന്നു. പക്ഷെ പറിച്ചു കള യാൻ തോന്നിയില്ല.

ആ മരത്തിന് എന്റെ കുട്ടിക്കാലവു മായി ചെറിയ ഒരു അടുപ്പം ഉണ്ടായി രുന്നു. അച്ഛന്റെ ജോലിസ്ഥലമായിരുന്നു, ഒരു നാൾ ഈ നഗരം. അന്ന് ഗ്രാമത്തിൽ താമസിച്ചിരുന്ന ഞങ്ങൾ അവധിക്കാലം ആഘോഷിക്കാനായി നഗരത്തിലെ വാടകവീട്ടിൽ എത്തുമായിരുന്നു. ആ വാടകവീടിന്റെ പുറകിൽ ഇത്തരം ഒരു മരം പന്തലിച്ച് കുട പിടിച്ച് നിന്നിരുന്നു. പച്ചയും ചുവപ്പും കായ്കളും വെളുത്ത കൊച്ചു പൂക്കളും നിറഞ്ഞ മരം. ഞാനും അനിയത്തിയും അതിന്റെ കായ്കൾ പറിച്ചു തിന്നും കളിച്ചും അതിന്റെ ചുവട്ടിൽ സമയം ചിലവിടുമായിരുന്നു. ഏറെ സമയം പറ്റില്ലാ, കാരണം അന്നു നഗരത്തിൽ കൊതുകുകൾ സജീവം തന്നെ. പിന്നീട് വർഷങ്ങൾക്കു ശേഷവും പല ആവശ്യങ്ങൾക്കായി ഈ നഗരത്തിൽ എത്തുമ്പോഴൊക്കെ ഈ മരവും, ഈ നഗരവാസവും സർക്കസ്സും, സിനിമയും ഒക്കെ മനസ്സിലേയ്ക്ക് പൊട്ടിച്ചിരിയുമായി ഓടിയെത്തും. അതിനാലാകണം ഞാൻ ആ മരത്തിന്റെ തൈ പറിച്ചു കളയാതെ വളരാൻ വിട്ടത്!

അതൊരു പാഴ്മരമായിരുന്നു. അതു കൊണ്ടു തന്നെ അതിന്റെ വളർച്ച വലുതായിരുന്നു. ആരും നോക്കാനി ല്ലാത്ത പാഴ്ച്ചെടികൾക്ക് കരുത്തേകും. അങ്ങനെ അത് വളർന്ന് പന്തലിച്ച് റോഡിലും മുറ്റത്തും തണൽ വിതറി നിന്നു. ധാരാളം പൂക്കളും കായ്കളും! മരം അധികം പൊക്കം വക്കുന്നതിനു മുൻപ് അടുത്ത സ്കൂളിലെ കുട്ടികൾ പഴുത്ത കായ്കൾ പറിക്കാൻ വരുമായി രുന്നു. സ്ക്കൂളിലേയ്ക്കുള്ള വഴിയിലെ മരങ്ങളേയും, നായ്ക്കളേയും കെല്ലറിയാ നുള്ള അവകാശം എന്നും സ്ക്കൂൾ കുട്ടികൾക്കു തന്നെയായിരുന്നു. ഈ മരം അതിന്റെ ചില്ലകൾ ഉയരത്തി ലേയ്ക്ക് കൊണ്ടു പോയപ്പോൾ കിളികൾ മാത്രമായി പഴങ്ങളുടെ അവകാശികൾ!

പ്രഭാതത്തിൽ കിളികളുടെ പാട്ടു കേട്ട് ഉണരാം. അതിരാവിലെ തന്നെ ചലപില പറഞ്ഞും പറന്നും നാരായണ ക്കിളികളാണ് ആദ്യം എത്തുക. വയറു നിറച്ച് പഴങ്ങൾ തിന്ന് അവർ സന്തോ ഷത്തോടെ പറന്നു പോകും. ഏർലി ബേർഡ്....... അടുത്ത ഊഴം മണ്ണാത്തി പുള്ളിന്റേതാണ്. അവർ മൂന്നുപേർ ഒരുമിച്ചാണ് വരവ്. ആൺകിളിയും രണ്ടു ഭാര്യമാരും?! പരസ്പരം വഴക്കടിക്കാത്ത രണ്ടു ഭാര്യമാർ! അവർക്കും കിട്ടും വയറുനിറയെ പഴങ്ങൾ! ഭക്ഷണവും വിശ്രമവും സൊറ പറച്ചിലുമൊക്കെ യായി അവർ അവിടെ കുറച്ചധികം സമയം കഴിച്ചു കൂട്ടും. അവരുടെ കൂകൽ പൂവാലൻമാരുടെ ചൂളം വിളി പോലെ യാണ്. ആദ്യമൊക്കെ ചുറ്റിലും ആശങ്ക യോടെ നോക്കിയിട്ടുണ്ട്. പിന്നെയാണ് പൂവാലൻ കിളിയെ തിരിച്ചറിഞ്ഞത്. മരത്തിലെ സ്ഥിരതാമസക്കാർ വേറെ രണ്ടു പേരാണ്. നമ്മുടെ കാവതികാക്ക തന്നെ. ഇണകളായ അവരുടെ ഇരിപ്പും, ഭക്ഷണവും, ഉറക്കവും, കൂടുണ്ടാക്കലും, മുട്ടയിടലും ഒക്കെ ഇവിടെ തന്നെ. പഴങ്ങൾ പോരാതെ വരുമ്പോഴോ, നോൺവെജ് ട്രൈ ചെയ്യാനോ എന്തോ അടുത്തുള്ള ഹോട്ടലിൽ നിന്നും മീൻ മാർക്കറ്റിൽ നിന്നും വലിയ മീനിന്റെ എല്ലുകളും മുള്ളുകളുമായി കടിച്ചുവലി ക്കുന്നതും ഈ മരത്തിലിരുന്ന്. അവരുടെ ഉച്ചമയക്കം എന്റെ ഒരു പതിവ് കാഴ്ചയാണ്. രണ്ടുപേരും കുറച്ചുനേരം തലകുനിച്ച് കണ്ണടച്ചിരിക്കും. അതുകഴി ഞ്ഞാൽ തലയിലെ പേൻ പെറുക്കാൻ തുടങ്ങും. ആദ്യം പെൺകാക്കയാകണം തലകുനിച്ച് കൊടുക്കും. ഇണകാക്ക വളരെ ശ്രദ്ധയോടെ പേനുകൾ കൊത്തി യെടുക്കും. അതിന്റെ സുഖത്തിൽ പെൺ കാക്ക നിമിലിതനേത്രയായി ഒട്ടിച്ചേർ ന്നിരിക്കും. ഇനി എന്റെ തല നോക്ക് എന്ന ഭാവത്തിൽ മറ്റേ കാക്ക തല കുനിക്കും. ഇത്രയും നേരം പേൻ നോക്കലിന്റെ സുഖം അനുഭവിച്ച ഇണ ആർക്കാനും വേണ്ടി ഓക്കാനിക്കുന്നതു പോലെ ഒന്ന് രണ്ട് കൊത്തിയിട്ട് ഒറ്റ പറക്കൽ ദൂരേയ്ക്ക്! അമ്പടി! ഇവൾ തന്നെ അസ്സൽ കാവതിപെണ്ണ്!

കാക്കയുടെ കൂടുണ്ടാക്കലും രസ മുള്ള കാഴ്ചയാണ്. മുറ്റത്ത് കിടക്കുന്ന ചില്ലകളുടെ ബലം നോക്കുന്നത് കൗതു കകരമാണ്. ചുണ്ടുകൊണ്ട് കൊത്തി നോക്കും; ഒടിയുമെന്നു കണ്ടാൽ ഉപേ ക്ഷിച്ച് മറ്റൊന്നു നോക്കും. നഗരത്തിലെ കോൺക്രീറ്റ് മന്ദിരങ്ങൾ കണ്ടിട്ടാകണം വയറുകളും കമ്പികളും ഒക്കെ കൂടു ണ്ടാക്കാൻ ശേഖരിക്കുന്നതു കണ്ടു. ഇലക്ട്രിക് പോസ്റ്റിൽ കയറി അവിടു ത്തെ കമ്പിയും ഒടിച്ചെടുക്കാനും നോക്കുന്നു. ഞാൻ ഓടിച്ചുവിട്ടു, എന്നിട്ടു വേണം, വീട് നിർമ്മാണത്തിനിടയിൽ ഗ്രഹനാഥൻ വൈദ്യുതാഘാതമേറ്റു മരണമടഞ്ഞു എന്ന വാർത്ത വരാൻ ! കൂട് പകുതി ആയപ്പോൾ മറ്റൊരു വില്ലൻ കാക്കകൂട് പിടിച്ചെടുക്കാൻ ഒരു ശ്രമം.

ദേ മാഫിയ! രണ്ടു പേരും കൂടി കൊത്തി ഓടിച്ചു!

വെയിൽ ഒന്ന് ആറുമ്പോഴാണ് മാടത്തകളുടെ വരവ്. നഗരത്തിൽ വന്നിട്ട് വർഷങ്ങളോളം ഈ മൈനകളെ കാണാനേ കിട്ടാറില്ലായിരുന്നു. ഈ മരത്തിന്റെ കായ്കളും, പഴങ്ങളും , കൊച്ചു പുഴുക്കളും ഏറെ ഉണ്ടെന്ന് കാറ്റോ കൂട്ടുകാരോ പറഞ്ഞിട്ടാകണം, അവരും എത്തിയത്. അവർ ഒരു കൂട്ടമായി എത്തി. അവരുടെ കൊക്കിലൊതുങ്ങുന്നത് മാത്രം കൊത്തി ആരും പരസ്പരം വഴക്കിട്ടില്ല. സ്വന്തം ഊഴം സ്വയം നിശ്ചയിച്ച്, നേരവും കാലവും തെറ്റാതെ വന്ന് ഭക്ഷണം തേടി പറന്നു പോയി; എല്ലാ കിളികളും!

ഈ കാഴ്ചകളൊക്കെയാണ് പൊടുന്നനെ മറഞ്ഞത്. ശക്തമായ കാറ്റിൽ മരം ആടി ഇളകി ചരിഞ്ഞു നിന്നു. മരത്തണലിലെ സ്ഥിരം ലോട്ടറി വില്പനക്കാരൻ വിഷമത്തോടെ മേലോട്ട് നോക്കി. ബാറിനടുത്തുള്ള ഈ തണൽ മരം നല്ല സെന്റർ ആയിരുന്നു. രണ്ട് പെഗ്ഗ്(?) അടിച്ചിറിങ്ങുന്നവർ ഈ മരത്തണലിൽ എത്തുമ്പോൾ ഒന്നു നിൽക്കും. എല്ലാവരോടും സ്നേഹം തോന്നുന്ന സമയം. കൂടാതെ ബാറിൽ കൊടുത്തത് ലോട്ടറിയിലൂടെ തിരിച്ചു പിടിക്കും എന്ന ദൃഢനിശ്ചയം; ഒരു വിൻവിൻ, കാരുണ്യ, പ്രതീക്ഷ..... ആ കച്ചവടവും ഈ മരം വീണപ്പോൾ നിലച്ചു. ലോട്ടറിക്കാരൻ വേറെ തണൽ തേടിപോയി.

വീടും പരിസരവും വിജനമായതു പോലെ. ഇടയ്ക്കിടെ സംഭവിച്ചത് എന്താണെന്നറിയാതെ മരം തേടിയെത്തി. നിരാശയോടെ പറന്നു പോകുന്ന കിളികൾ. ചലപിലകളില്ല. ബാറിലേയ്ക്ക് കുതിക്കുന്ന മോട്ടോർ ബൈക്കുകളുടെ പടപട ശബ്ദം മാത്രം. വൻമരങ്ങൾ വീഴുമ്പോൾ മാത്രമല്ല പാഴ്മരങ്ങൾ വീഴുമ്പോഴും വിടവുകൾ ഉണ്ടാകും. അതെ മരം ഒരു വരം തന്നെ. ●

## വദതു സംസ്കൃതം (സംസ്കൃതം പറയൂ)


ആർ.കിരൺകുമാർ

| | | |
|---|---|---|
| ഇത് എന്റെ കൂട്ടുകാരനാണ് | - | ഏതത് മമ മിത്രം |
| ഇദ്ദേഹത്തിന്റെ പേര് സതീഷ് | - | ഏതസ്യ നാമ സതീഷഃ |
| താങ്കൾ എന്തു ചെയ്യുന്നു? | - | ഭവാൻ കിം കരോതി? |
| ഞാൻ ഉദ്യോഗസ്ഥനാണ് | - | അഹം ഉദ്യോഗസ്ഥ |
| താങ്കൾ എവിടെ ജോലി ചെയ്യുന്നു? | - | ഭവാൻ/ഭവതി കുത്ര ഉദ്യോഗം കരോതി? |
| ഞാൻ കലക്ട്രേറ്റിൽ ജോലി ചെയ്യുന്നു | - | അഹം കലക്ട്രറ്റ് മധ്യേ ഉദ്യോഗം കരോമി. |

മുകളിൽ കൊടുത്തിട്ടുള്ള വാക്യം ശ്രദ്ധിച്ചല്ലോ കളക്ടറേറ്റിന്റെ എന്നതിന് കളക്ടറേറ്റ് മധ്യേ എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. സംസ്കൃത പദങ്ങളുടെ സ്ഥാനത്ത് ഇംഗ്ലീഷ് വാക്കുകൾ ഉപയോഗിക്കേണ്ടി വന്നാൽ ൽ (അതിൽ) എന്ന് അർത്ഥം കിട്ടാൻ ആ വാക്കിനൊപ്പം മധ്യേ എന്ന് യോജിപ്പിച്ചാൽ മതി.

| | | |
|---|---|---|
| ഓഫീസിൽ | - | ഓഫീസ് മധ്യേ |
| K.S.R.T.C. യിൽ | - | K.S.R.T.C. മധ്യേ |
| റയിൽവേയിൽ | - | റയിൽവേ മധ്യേ |
| B.S.N.L ൽ | - | B.S.N.L. മധ്യേ |
| അമേരിക്കയിൽ | - | അമേരിക്കാ മധ്യേ |
| ന്യൂയോർക്കിൽ | - | ന്യൂയോർക്ക് മധ്യേ |

| | | |
|---|---|---|
| താജ്മഹൽ ആഗ്രയിൽ ആണ് | - | താജ്മഹൽ ആഗ്രാ മധ്യേ അസ്തി. |
| വാഷിംഗ്ടൺ അമേരിക്കയിലാണ് | - | വാഷിംഗ്ടൺ അമേരിക്കാ മധ്യേ അസ്തി. |
| ടാങ്കിൽ വെള്ളം ഉണ്ടോ? | - | ടാങ്ക് മധ്യേ ജലം അസ്തി വാ? |
| എന്റെ വീട് എറണാകുളം ടൗണിൽ ആണ് | - | മമ ഗൃഹം എറണാകുളം ടൗൺ മധ്യേ അസ്തി |

(പാചകപംക്തി )

## ചെനമസാലക്കറി


രാമചന്ദ്രൻ

| | |
|---|---|
| വെള്ള കടല കുതിർത്തത് | 150 ഗ്രാം |
| വെളുത്തുള്ളി | 1 അല്ലി |
| കശ്കശ് | 2 സ്പൂൺ |
| പെരും ജീരകം | 1 സ്പൂൺ |
| ചെനമസാലപ്പൊടി | 2 സ്പൂൺ |
| തേങ്ങ | 1 എണ്ണം |
| വെളിച്ചെണ്ണ | 100 ഗ്രാം |
| സവാള | 250 ഗ്രാം |
| മഞ്ഞൽപൊടി | 2 സ്പൂൺ |
| മുളകുപൊടി | 3 സ്പൂൺ |
| മല്ലി ഇല | 1 ഇതൾ |

തക്കാളിയും സവാളയും വേവിച്ച് അരയ്ക്കുക. വെള്ളക്കടല ഉപ്പിട്ട് വേവിക്കുക. തേങ്ങ ചിരങ്ങിയതിൽ വെളുത്തുള്ളി കശ്കശ് എന്നിവ ചേർത്ത് നല്ലതുപോലെ അരച്ച് എടുക്കുക. ഉരുളിയിൽ എണ്ണ ചൂടാക്കി തക്കാളി അരച്ചതും സവാള പൊടയായി അരിഞ്ഞതും ചേർത്ത് വരട്ടുക. അതിലേയ്ക്ക് ചെനമസാലപൊടി, മുളകുപൊടി, മഞ്ഞൾപൊടി എന്നിവ ചേർത്ത് ഇളക്കുക. വേവിച്ച കടലയും ചേർത്ത് തിളച്ചശേഷം അരച്ചതേങ്ങയും ചേർത്ത് കുറുകി വരുമ്പോൾ ഓഫ് ചെയ്ത് പച്ചമല്ലിയില അരിഞ്ഞിടുക. എരിവ് പോരെങ്കിൽ വെളിച്ചെണ്ണ ചൂടാക്കി മുളകുപൊടി ചേർത്ത് അതിലേയ്ക്ക് ചേർക്കുക.

# കൃഷ്ണായനപ്പെരുമ



– എസ്. രമേശൻ നായർ

**ശ്രാ**വണം. ശ്യാമപക്ഷം. അഷ്ടമി. രോഹിണിയാണ് നക്ഷത്രം. ഗഗനം പ്രകാശമാനം. നദികൾ നിറപുളകസമൃദ്ധം. തടാകം നവനളിനപ്രബുദ്ധം. ഋഷിഹൃദയങ്ങൾ അനുധ്യാനബദ്ധം. യാഗാഗ്നിക്ക് ജ്വലനം. ദേവദുന്ദുഭികളുടെ മുഴക്കത്തിനു ഘനം. ഉത്തുംഗഗോപുരാന്തങ്ങളിൽ മഴമിന്നൽപ്പൊന്നാഭരണം. കിരാതനിയമങ്ങൾക്ക് നിദ്രാവരണം. സുകൃതം സുകൃതമീ കൃഷ്ണജനനം.

കൃഷ്ണന്റെ പിറവിയാണ് പിറവി. മറ്റെല്ലാം മറവി. പ്രപഞ്ചത്തിന്റെ തനിചരായ! ഇതെന്തൊരു മായ! കണ്ണുകൾക്ക് ഇന്ദ്രനീലം. കാതരാതുരതകൾക്ക് പെരുമഴക്കാലം. അരയിൽ മുക്കാലും പീതാംബരം. മഞ്ഞയ്ക്കുമേൽ മന്ദഹാസം–അത് മനംമയക്കുന്ന ഒഢ്യാണം. വക്ഷസ്ഥലം ശ്രീവത്സാങ്കിതം. വരദായകഹസ്തങ്ങളിൽ ശംഖചക്രഗദാപങ്കജവികസിതവിസ്മയം. കണ്ഠം പ്രകാശകാണ്ഡം. മകരകുണ്ഡലം മാറ്റുരച്ച് പ്രഭപൊതിയും കർണ്ണാന്തം. നാസികാഗ്രം തിലപുഷ്പസമാനം. മണിച്ചുണ്ടുകളിൽ തൊണ്ടിപ്പഴമധുരം. പഴം പിഴിഞ്ഞ വിഹിതം പുതുമന്ദസ്മിതം. കമലദലസമാന്തരസുവിശാലമനോഹരം നയനം. മേഘമുദ്രകൾ ചുരുണ്ടിരുണ്ട് സ്വയം ഭദ്രമാക്കുന്ന ഹൃദ്യമുക്താളകം. മൂഢലോകമോഹിതം മുഗ്ധം തിരുമുഖം. അത്യമൂല്യനവരത്നഖചിതം. അണിമകുടം. അത് സഹസ്രജ്വാലാനിഭൃതം. തിരുമെയ് സർവ്വഭൂഷാപ്രകൃതം. അതു ജഗത്സ്വഭാവം. ഇത് വിശ്വരൂപം.

വലുതു ചെറുതാകുന്നതു കൃഷ്ണൻ. നേരേ മറിച്ചും. കിടക്കാൻ ആൽത്തറപോലും വേണ്ട. വെറും ഒരു ആലിലമതി. അപ്പോൾക്കാണരുത്. നിയന്ത്രിക്കാൻ കഴിയില്ല മനസ്സിന്റെ കൊതി. താനേയഴിയും ചങ്ങലയുടെ ചതി. അറിയാതെ തുറക്കും രാക്ഷസമനസ്സ്. അമ്പാടിയിലെത്തും ചിന്മയമഹസ്സ്. ആ രഹസ്യം പൊതിയും അഷ്ടമിരോഹിണീസ്നേഹനിശാതമസ്സ്. മഴയ്ക്കു കുടയാകും അനന്തസഹസ്രശിരസ്സ്. മടിയാതെ വഴിമാറും മന്ത്രയമുനായശസ്സ്.

അമ്പാടിയിൽ ഭീതിയൊഴിഞ്ഞ നീതി. അമ്മയ്ക്ക് കുഞ്ഞുമാറി. ബ്രഹ്മത്തിന്റെ ഇഷ്ടാനിഷ്ടം പെരുമാറി. ഓടിവന്ന മുളങ്കുഴൽ ചുണ്ടിൽച്ചേർന്ന് ശ്രുതിമൂളി. താണുവന്ന മുകിൽക്കല മുടിക്കെട്ടിനു മയിൽപ്പീലി. പൈക്കിടാങ്ങൾക്കു പാലു പപ്പാതി. പാവങ്ങൾക്കു പാട്ടുകേട്ട് ചെവിയോർത്തു നിന്നാൽ മതി.

എന്തൊക്കെ രാക്ഷസപരീക്ഷകൾ. കുഞ്ഞുവിരൽകൊണ്ട് എല്ലാമെഴുതി. കൃഷ്ണൻ നൂറിന് നൂറായി. പൂതനയ്ക്കു മോക്ഷം. ശകടനു ഭസ്മം. രാധയ്ക്കു തല്പം. വ്യാസനു ഭാഗവതശില്പം. ഇന്ദ്രനു സ്ഥാനഭ്രംശം. ഗോവർദ്ധനത്തിനു മഹത്വം. കാളിയനു വിഷാരി. കണ്ടകനു മുരാരി! ഗോപന്മാർക്കു ശരാശരി. അതൊക്കെയായീ ഹരി!

ഭഗവാനെ നാടുകടത്തുന്ന നാട്–ചെല്ലുന്നിടം വൃന്ദാവനം. സന്നിധി സ്വർഗസമാനം. ഊണുവേണ്ട. ഉറക്കം വേണ്ട. ഉടുമുണ്ടു വേണ്ട. സ്വബോധം വേണ്ട. വീടുവേണ്ട. ആർക്കും വേണ്ടതു കൃഷ്ണനെ മാത്രം. അലഞ്ഞുതിരിയും അഹോരാത്രം. മെലിഞ്ഞുതളരും ജീവിതം. ജീവനുണ്ടെങ്കിൽ അതു കൃഷ്ണനുവേണ്ടിമാത്രം. ശ്വാസമുണ്ടെങ്കിൽ അതു കൃഷ്ണനുവേണ്ടിമാത്രം.

അക്രൂരാ, അരുത്. ഇപ്പോൾ വരരുത്. കൊണ്ടുപോകരുത്. ഞങ്ങൾക്കു കണ്ടുകൊതിതീർന്നില്ല. കളിച്ചുമതിയായില്ല. കൃഷ്ണന്റെ ബാല്യസങ്കല്പത്തെ നാടുകടത്തി ഈ ഭാരതം തരിശാക്കരുത്. കംസന്മാർക്ക് തൃക്കൈകൊണ്ടു മരിക്കാൻ ഇത്ര തിരക്കരുത്.

വൃന്ദാവനത്തിന്റെ കരൾപൊട്ടുന്ന കരച്ചിൽ കേട്ടില്ലേ? നിങ്ങൾക്ക് മനഃസാക്ഷിയില്ലേ? ഞങ്ങളുടെ ഓമനത്തിടമ്പിനെ കട്ടുകടത്തി കൊണ്ടുപോവല്ലേ...

രാധയ്ക്കു കുളിര്. രാക്ഷസനു തീയ്. നേരായ നേര്. തേരായ തേര്. പാരീരേഴിനും നാരായവേര്. അങ്ങനെയൊക്കെ മറ്റൊരാൾ നമുക്കാര്?

പറഞ്ഞാൽ തീരില്ല. പാടിയാൽ വറ്റില്ല. തോൽക്കുകയാണെല്ലാരും. കടലു കടലുപോലെ! ഇതു പരബ്രഹ്മക്കടൽ!

ആ കടൽ കടഞ്ഞ വെണ്ണയാണു ഗീത. അതുണ്ണുന്നവനൊഴിയും ഭവജീവിതരോഗബാധ.

കൃഷ്ണനാണു ഗാഥ. അത് ഉടുപുടവയാക്കി രാധ. അതിൽ ഉന്മത്തയായവൾ മീര. ആ മീരയ്ക്ക് സ്വപ്നാടനം. സൂർദാസിനു സ്വരായനം. ചെറുശ്ശേരിക്ക് മഞ്ജരി. വില്വമംഗലത്തിനു പുഞ്ചിരി. മേല്പുത്തൂരിനു സംസ്കൃതി. മേലും കീഴുമില്ലാത്തവർക്ക് വികൃതി. മേൽഗതിക്കു സുകൃതി. മാനവേദനു പച്ച. കുറൂരമ്മയ്ക്കു പിച്ച. മഞ്ജുളയ്ക്ക് മാലപ്പൂവാകാനാണ് ഈശ്വരേച്ഛ!

പണ്ട് വാരിത്തിന്നത് മണ്ണ്. വായ തുറന്നപ്പോൾക്കണ്ടതു വിണ്ണ്. അമ്മ യശോദയുടെ കണ്ണാണ് കണ്ണ്! ആ കണ്ണല്ലാതെ മറ്റൊന്നല്ല നമ്മുടെ ഉൾക്കണ്ണ്. ആ കണ്ണാണ് കൃഷ്ണൻ.

കറവക്കാരെ കിട്ടാനില്ല. കൃഷ്ണനെ വിളിക്കൂ.

പൈക്കളെ കാണാനില്ല. കൃഷ്ണനെ വിളിക്കൂ.

രാക്ഷസന്മാർ ഊരുചുറ്റുന്നു. കൃഷ്ണനെ വിളിക്കൂ.

കാപാലികന്മാർ പാഞ്ചാലിയെ വസ്ത്രാക്ഷേപം ചെയ്യാനൊരുങ്ങുന്നു. കൃഷ്ണനെ വിളിക്കൂ.

അഭിമാനവസ്ത്രത്തിന്റെ നെയ്ത്തുകാരനെ വിളിക്കൂ.

കള്ളച്ചൂതുകൾ അരങ്ങുതകർക്കുന്നു. കപടഗോപാലനെ വിളിക്കൂ.

ബന്ധുക്കൾപോലും ശത്രുപക്ഷത്തു ചേർന്ന് പോർവിളിക്കുന്നു. യുദ്ധം തുടങ്ങാറായിരിക്കുന്നു. പാർത്ഥന്റെ സാരഥിയെ വിളിക്കൂ.

പച്ചവെള്ളം വിഷമമാകുന്നു. പാൽക്കടലിനെ വിളിക്കൂ.

അക്ഷയപാത്രം ഒഴിഞ്ഞിരിക്കുന്നു. ചീരക്കൊതിയനെ വിളിക്കൂ.

ഉപജാപക്കാർ നാടുമുടിക്കാനൊരുങ്ങുന്നു. കൃഷ്ണരക്ഷയെവിടെ?

പാഞ്ചജന്യമെവിടെ?

സുദർശനമെവിടെ?

അർജ്ജുനരഥമെവിടെ?

വിശ്വരൂപമെവിടെ?

മുകിലിലച്ചീന്തിൽ വെണ്ണയുമായി കാത്തുനിൽക്കുന്നു കൃഷ്ണാഷ്ടമിരാവ്–

കൃഷ്ണാ! വേഗം വരൂ.

ഇളമുളന്തണ്ടിൽ കാറ്റുമ്മവച്ച് പാട്ടെഴുതുന്ന കാട്. കൃഷ്ണാ! വേഗം വരൂ.

ആ കാട് അസുരന്മാർ കത്തിക്കുന്നു. കൃഷ്ണാ വേഗം വരൂ.

അറവുശാലയിൽ അമറിക്കരയുന്നു അമ്പാടിപ്പയ്യ് കൃഷ്ണാ! വേഗം വരൂ.

കയ്യേറ്റക്കാർ ഗോവർദ്ധനം ഇടിച്ചുനിരത്തുന്നു. കണ്ണാ! വേഗം വരൂ.

കുടിവെള്ളം വിഷമാക്കുന്ന ഒരായിരം കാളിയന്മാരുടെ അഹന്ത.

കൃഷ്ണാവേഗം വരൂ, കറവുപാലിൽ കാളകൂടം കലർത്തുന്ന കംസലോഭം.

കണ്ണാ! വേഗം വരൂ.

കംസകാപാലികന്മാരേ, പൂതനമാരേ, ശകടാസുരന്മാരേ, ദുഃശാസനന്മാരേ, നിങ്ങൾക്കു ഹാ! കഷ്ടം! അഷ്ടമിരോഹിണി.

അവതാരത്തിരുനാൾ.

അങ്ങോട്ടു നോക്കൂ.

ആരാണത്?

അനാദ്യന്തമഹാഭാരതപ്പെരുമാൾ!

എല്ലാം ഇറക്കിവച്ച് ഇനി സാഷ്ടാംഗം. ഓം ശ്രീകൃഷ്ണായ പരബ്രഹ്മണേ നമഃ

●

## അഭിനന്ദനങ്ങൾ



കേരള മാനേജ്മെന്റ് അസ്സോസിയേഷൻ പ്രസിഡന്റായി തെരഞ്ഞെടുത്ത എറണാകുളം കരയോഗാംഗമായ ശ്രീ. രാജ്മോഹൻ നായർക്ക് എറണാകുളം കരയോഗത്തിന്റെ അഭിനന്ദങ്ങൾ.

## അഭിനന്ദനങ്ങൾ



തൃക്കാക്കര നഗരസഭയുടേയും തൃക്കാക്കര കൃഷിഭവന്റേയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച മികച്ച കർഷക പുരസ്കാരത്തിന് ശ്രീമതി. അംബികാ മോഹൻദാസ് അർഹയായി. എറണാകുളം കരയോഗം ആജീവനാന്ത അംഗമായ ശ്രീമതി അംബികാമോഹൻദാസിന് കരയോഗത്തിന്റെ അഭിനന്ദങ്ങൾ.

## അനുമോദനങ്ങൾ



കാലടി ശ്രീ. ശങ്കരകോളേജിലെ പ്രിൻസിപ്പലായി നിയമിതയായ ഡോ.രാജലക്ഷ്മി.വി കരയോഗാംഗമായ എളമക്കര പേരണ്ടൂർ ശ്രീരാഗം വീട്ടിൽ ചാർട്ടേഡ് അക്കൗണ്ടന്റ് എ. മോഹനന്റെ ഭാര്യയാണ്. ഡോ. രാജലക്ഷ്മിക്ക് എറണാകുളം കരയോഗത്തിന്റെ അനുമോദനങ്ങൾ.


**ചൈത്രം**

- മാനസികസംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ

**നേരിട്ടും ഫോണിലും ബന്ധപ്പെടാം:**

**0484-2361161**

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**




South Janatha Road,
Palarivattom,
Ernakulam,
Kochi - 682 025
Phone: 0484-2345061

# ശ്രീനാരദമഹർഷി

- വി.കെ. ശങ്കരൻകുട്ടി

(തുടർച്ച)

## നാരദ ഭക്തി സൂത്രങ്ങൾ

ദക്ഷന്റെയും കാലന്റെ പുത്രി ജരയുടെയും ശാപം കാരണം (രണ്ടു പേരുടെയും ശാപം ഒന്നുതന്നെയാണ്) ഭഗന്മഹിമകളും കീർത്തിച്ച് സഞ്ചരിക്കുമ്പോൾ പല ആർത്തന്മാരേയും ജിജ്ഞാസുക്കളെയും കാണാനും അവർക്കു വേണ്ട ഉപദേശങ്ങൾ നൽകുവാനും ദേവർഷിക്ക് അവസരം ലഭിച്ചു. എവിടെ ചെന്നാലും ആളുകൾക്ക് ചോദിക്കുവാനുള്ളത് ഒരേ ചോദ്യം. സംസാര സന്തപ്തരായ ഞങ്ങൾക്ക് കര കയറാൻ എന്താണു മാർഗ്ഗം? മഹർഷിക്ക് പറയാനുള്ളത് സമാധാനം ഒന്നു തന്നെ. ഭഗവാനെ ഭജിക്കൂ, ഭഗവാനെ ശരണം പ്രാപിക്കൂ അവിടിന്ന് അഭയമരുളും ഈ മാർഗ്ഗം കൂടുതൽ പേർക്ക് ഉപദേശിച്ച് പ്രചരിപ്പിക്കന്നതിനു വേണ്ടിയാണ് നാരദ ഭക്തി സുത്രങ്ങൾ രചിച്ചത്.

മഹർഷിയുടെ ആത്മകഥയുടെ താത്ത്വിക പ്രതിപാദനമാണ് ഭക്തിസൂക്തങ്ങൾ. ജാതിയൊ, വിദ്യയൊ, രൂപമോ, കാലമോ ഒന്നും ഭക്തി നേടുന്നതിന് വിഘാതമല്ല എന്ന് മഹർഷി ഭക്തി സൂത്രത്തിലൂടെ കാണിച്ചു തരുന്നു. ഭഗവൽപ്രാപ്തിക്കുള്ള നാനോപായങ്ങളത്രേ ഈ ശാസ്ത്രത്തിന്റെ ഉള്ളടക്കം. ആകെ 84 സൂത്രങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്. പരഭക്തിയും അതിനുള്ള സാധകങ്ങളും ആണ് ഇതിലെ പ്രതിപാദ്യം. സാധകങ്ങളെ അപരഭക്തി എന്നു പറയുന്നു. പരഭക്തിക്കനുഭൂതിയാണ്. അതു അവർണ്ണ്യമാണ്, ജീവൻ മുക്തിയാണ്. സ്വധർമ്മാനുഷ്ഠാനം കൊണ്ട് ശുദ്ധ ചിത്തനായവന് ഈശ്വരാനുഗ്രഹത്താൽ ഏകാന്തഭക്തി ലഭിക്കുന്നു. ഏകാന്ത ഭക്തിയാണ് പരമപ്രേമരൂപമായ ആത്മാനന്ദാനുഭൂതിയായി പരിണമിക്കുന്നത്. ആത്മാനന്ദം അനുഭവിച്ച് കൃതകൃത്യനായ മഹർഷി തന്നെ കരുണപൂണ്ട് സകലരേയും ആ ആനന്ദത്തിന് അവകാശികളാകാൻ ആഹ്വാനം ചെയ്യുന്നു. നാരദ ഭക്തി സൂത്രത്തിന്റെ വിസ്തൃത വ്യാഖ്യാനമാണ് ശ്രീമദ് ഭാഗവതം. അല്പാക്ഷരങ്ങളും ബഹ്വാർത്ഥ സൂചകങ്ങളും ആണ് സൂത്രങ്ങൾ. അച്ചടി ഇല്ലാതിരുന്ന പ്രാചീന കാലങ്ങളിൽ സർവ്വവിദ്യകളും ഗുരു മുഖത്തു നിന്നും കേട്ടു പഠിക്കേണ്ടിയിരുന്നു. വിദ്യകളൊക്കെ അക്കണക്കിന് ശ്രുതികളായിരുന്നു. ശ്രവിച്ചത്. ഓർമ്മിച്ചു വെയ്ക്കാൻ പൂർവ്വാചാര്യന്മാർ കണ്ട ഉപായമത്രെ സൂത്രരചന. ഭക്തിയെന്നാൽ ഭഗവാനിൽ ഉള്ള പരമപ്രേമമാകുന്നു. പൂജ, പുരാണ പാരായണം, ആത്മാനുസന്ധാനം, ഇവ മാത്രമല്ല ഭക്തന്റെ സർവ്വ കർമ്മങ്ങളും, ആഹാര വിഹാരങ്ങളും കൂടി ഭഗവത്ഭക്തിയിൽ ഉൾപ്പെടും. തനിക്ക് പ്രിയപ്പെട്ടവയെല്ലാം ഭഗവാന് സമർപ്പിച്ച് കർമ്മം ചെയ്താൽ യഥാർത്ഥഭക്തനായി തീരും എന്ന് നാരദമഹർഷി ഉറപ്പിച്ചു പറയുന്നു.

**രാമായണം**

ലോകസഞ്ചാരം കഴിഞ്ഞ് മടങ്ങിയെത്തിയ നാരദമഹർഷി, വാല്മീകിയുടെ ആശ്രമത്തിലെത്തി. മഹർഷിയെ യഥാവിധി സ്വീകരിച്ച് പരിചരിച്ചതിന് ശേഷം വാല്മീകി ഒരു സംശയം ചോദിക്കുന്നു. ലോകത്തിൽ അപ്പോൾ ജീവിച്ചിരിപ്പുള്ളവരിൽ മഹാനായ പുരുഷൻ ആരാണ്? ഈ ചോദ്യത്തിന് ഉത്തരമായി മഹർഷി, ഇക്ഷ്വാകു വംശപ്രഭവനായ ശ്രീരാമചന്ദ്രന്റെ ചരിതം ചുരുക്കി പറഞ്ഞു കൊടുക്കുകയും, വാല്മീകി രാമചരിതം രചിച്ച്, ലോകർക്ക് സമ്മാനിക്കുകയും ചെയ്തു. രത്നാകരനെന്ന തസ്കരനെ, വാല്മീകി മഹർഷിയാക്കിയതും നാരദമഹർഷിയാണ്.

മഹർഷിയുടെ പ്രചോദനമില്ലായിരുന്നെങ്കിൽ, വ്യാസനും വാല്മീകിയും തങ്ങളുടെ ലോകോത്തര കൃതികൾ രചിക്കുമായിരുന്നില്ല എന്ന് സിദ്ധിനാഥാനന്ദസ്വാമികൾ പറയുന്നു. അയോദ്ധ്യാ കാണ്ഡം തുടങ്ങുന്നത് തന്നെ, ശ്രീരാമചന്ദ്രനെ കാണുവാൻ, നാരദമുനിയുടെ വരവോടെയാണ്. മുനിയെ കണ്ട ഉടൻ തന്നെ, രാഘവൻ പറയുന്നത് ഇപ്രകാരമാണ്. എന്റെ വംശവും ജന്മവും രാജ്യവും അങ്ങയുടെ വരവിനാൽ വിശുദ്ധമായി. സന്ദർശകനായ മഹർഷിയുടെ ആത്മീയ പ്രഭാവത്തിന് ഉചിതമായ രീതിയിൽ ശ്രീരാമൻ ഉപചാരങ്ങളനുഷ്ഠിക്കുന്നു. ഇരിക്കാൻ മഹർഷി പറഞ്ഞതിന് ശേഷമെ ശ്രീരാമൻ ഇരിക്കുന്നുള്ളൂ. മുനിയുടെ ആഗമനോദ്ദേശം ശ്രീരാമചന്ദ്രനെ അറിയിക്കുന്നു. ശ്രീരാമൻ അവതരിച്ചതിന്റെ ലക്ഷ്യം, രാവണനിഗ്രഹമാണെന്ന് മഹർഷി ഓർമ്മപ്പെടുത്തുന്നു. ആ സത്യം മർത്ത്യജന്മം മൂലം വിസ്മൃതമാകരുതെന്ന കരുതലോടെയാണ് ഈ ഓർമ്മിപ്പിക്കൽ.

ശ്രീരാമനെ ദശരഥൻ അഭിഷേകം ചെയ്യിക്കാൻ പോകുന്നത് രാജ്യത്തെ രക്ഷിച്ച് ഭരിക്കാനാണ്. ആ ചുമതലയിൽ മുഴുകിപ്പോയാൽ, ദശമുഖനെ (രാവണനെ) വധിക്കുക എന്ന അവതാര ലക്ഷ്യം വിസ്മൃതമാകാവുന്നതാണ്. അതറിഞ്ഞും കൊണ്ടാണ് പിതാവായ ബ്രഹ്മാവ്, തന്നെ നിയോഗിച്ചിരിക്കുന്നത് എന്ന് മഹർഷി വെളിപ്പെടുത്തുന്നു. ഇതറിയിച്ച ശേഷം മുനി ദേവലോകത്തേയ്ക്ക് പോകുന്നു.

രാഘവനെ കാട്ടിലേയ്ക്ക് നയിച്ചത് കൈകേകിക്ക് കൊടുത്ത വരമോ, കേകയ രാജാവിന്, കൈകേകിയെ കല്ല്യാണം കഴിക്കാൻ കൊടുത്ത ദശരഥന്റെ വാക്കോ അല്ലെന്നും, ദൈവ നിശ്ചയം ആണെന്നും കാണാം. വീണ്ടും രാമായണത്തിൽ നാരദമഹർഷി കടന്നു വരുന്നത് കുംഭകർണ്ണ വധം കഴിഞ്ഞിട്ടാണ്. ഇവിടെ അദ്ദേഹം ശ്രീരാമചന്ദ്രനെ സ്തുതിച്ച ശേഷം (നാരദസ്തുതി) രണ്ടു ദിവസത്തിനകം അങ്ങ് രാവണനെ വധിച്ച്, ജഗത്ത്രയത്തെ രക്ഷിക്കും എന്ന് പ്രവചിച്ച ശേഷം മറയുന്നു.

ശ്രീ കമ്പരാമായണത്തിൽ രാവണന് ബാലിയെ ജയിക്കാനുള്ള ഉപദേശം നൽകിയതായി കാണുന്നു. കപികുല ചക്രവർത്തിയായ ബാലിയെ ജയിക്കാൻ ചെന്ന രാവണനെ, സ്വന്തം വാലിൽ ബന്ധിച്ച് കുരുക്കിയിട്ടു. ഒടുവിൽ ബാലിയും രാവണനും പരസ്പരം സഖ്യത്തിലേർപ്പെട്ട ശേഷമാണ് മോചിതനായത്.

(തുടരും)

# നിങ്ങൾ സുരക്ഷിതരാണോ?

- ടി. കെ. ശ്രീകുമാരൻ നായർ
റിട്ട. ഫയർ ഓഫീസർ

**ഇ**ന്ന് ശാസ്ത്രം വളരെ അധികം പുരോഗമിച്ചിരിക്കുന്നു. അതോടൊപ്പം ജീവിത സൗകര്യങ്ങളും, ശൈലികളും മാറിക്കൊണ്ടുരിക്കുന്നു. എന്നാൽ ഈ വികസനങ്ങൾക്ക് പിന്നിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ ഒരാപത്തുണ്ടുകുന്നതു വരെ അധികമാരും ശ്രദ്ധിക്കാറില്ല.

അഗ്നി, വൈദ്യുതി, സ്ഫോടക വസ്തുക്കൾ, പെട്ടെന്നു കത്തി പടരുന്ന ഖര, ദ്രാവക ഇന്ധനങ്ങൾ, രാസദ്രവ്യങ്ങൾ, പാചകവാതകം, ജലത്തിലും, ആകാശത്തും, ദൂമിയിലും ഓടുന്ന വാഹനങ്ങൾ എന്നിവയിലെല്ലാം നിത്യേന അപകടങ്ങൾ ഉണ്ടാകുന്നു. മനുഷ്യർക്കും, മൃഗങ്ങൾക്കും ജീവഹാനി സംഭവിക്കുന്നു. കോടികൾ വിലയുള്ള വസ്തുവകകൾ കത്തി നശിക്കുന്നു. ഈ അപകടങ്ങൾ എല്ലാം തന്നെ നമ്മുടെ അശ്രദ്ധ കൊണ്ടുമാത്രമാണുണ്ടാകുന്നത്.

**നിങ്ങളുടെ ഭവനം അഗ്നിബാധയിൽ നിന്നും എത്രമാത്രം സുരക്ഷിതമാണ്?**

താഴെ പറയുന്ന കാര്യങ്ങളിൽ നിങ്ങളുടെ ഉത്തരങ്ങൾ പോസിറ്റീവ് (അതെ, അല്ല, ഉണ്ട്, ഇല്ല) ആണെങ്കിൽ നിങ്ങളുടെ ഗൃഹം നൂറുശതമാനം സുരക്ഷിതമാണ്.

നിങ്ങളുടെ വീട്ടിലെ വൈദ്യുതി വയറിംഗുകളും ഫിറ്റിംഗുകളും കുറ്റമറ്റതാണോ? വൈദ്യുതി ഉപകരണങ്ങൾ ഉപയോഗശേഷം വൈദ്യുതി ബന്ധം വിഛേദിക്കാറുണ്ടോ? വൈദ്യുതി തേപ്പുപെട്ടി ഉപയോഗത്തിനിടക്കും, ശേഷവും തീപിടിക്കാത്ത വസ്തുക്കളിലാണൊ വയ്ക്കുന്നത്? മെയിൻ സ്വിച്ച് എവിടെ ആണെന്നും അതെങ്ങിനെയാണ് പ്രവർത്തിപ്പിക്കുന്നതെന്നും വീട്ടിലെല്ലാവർക്കും അറിയാമോ? ഹീറ്റർ, സ്റ്റൗ എന്നിവ വാതിൽ/ജനൽ കർട്ടനുകളിൽ നിന്നും അകലെയാണോ? ടെറസ്സ്, കോണിപടികൾ, സ്റ്റോർമുറി, തുടങ്ങിയ സ്ഥലങ്ങളിൽ തീപിടിക്കുന്ന വസ്തുക്കൾ അലക്ഷ്യമായി കൂട്ടി ഇടാറുണ്ടോ? താൽക്കാലിക ഉപയോഗങ്ങൾക്കു ശേഷം പ്ലഗ് പിൻ ഊരി മാറ്റാറുണ്ടൊ? കിടക്കയിലും മറ്റും കിടന്ന് പുകവലിക്കാറുണ്ടോ? സിഗററ്റുകുറ്റികൾ, തീപ്പെട്ടി കൊള്ളികൾ മുതലായവ തീ അണച്ചതിനു ശേഷം മാത്രമാണൊ കളയുന്നത്? സിഗരറ്റു/ബീഡികുറ്റികൾ ആഷ്ട്രേയിൽ മാത്രമാണൊ നിക്ഷേപിക്കുന്നത്? തീപ്പെട്ടി ചുടുതട്ടാത്തതും കുട്ടികൾക്കു എടുക്കുവാൻ പറ്റാത്തതുമായ സ്ഥലങ്ങളിലാണൊ സൂക്ഷിക്കുന്നത്? പെട്രോൾ, മണ്ണെണ്ണ, ബെൻസോയിൻ തുടങ്ങിയ തീപിടിക്കുന്ന വസ്തുക്കൾ തറ വൃത്തിയാക്കുന്നതിനും മറ്റും ഉപയോഗിക്കാറുണ്ടൊ? മണ്ണെണ്ണ സ്റ്റൗ കത്തിക്കുവാൻ ഡീസൽ, പെട്രോൾ എന്നിവ ഉപയോഗിക്കാറുണ്ടോ? ഇഴഞ്ഞും നീന്തിയും നടക്കുന്ന കുട്ടികൾ ഉള്ള വീട്ടിലെ വിളക്കുകളും മറ്റും അവർക്കെത്താത്ത സ്ഥലങ്ങളിലാണോ സൂക്ഷിക്കുന്നത്? കുട്ടികൾ പടക്കങ്ങളും മറ്റും ഉപയോഗിക്കുമ്പോൾ മുതിർന്നവർ മേൽനോട്ടം വഹിക്കാറുണ്ടോ? അയഞ്ഞതും തീ പിടിക്കുന്നതുമായ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടാണൊ നിങ്ങൾ തീയുടെ അടുത്തു പെരുമാറുന്നത്? അടുത്തുള്ള അഗ്നിശമനരക്ഷാകേന്ദ്രത്തിന്റെ ടെലഫോൺ നമ്പർ വീട്ടിലെല്ലാവർക്കും അറിയാമൊ? ഫോണിനടുത്ത് ഈ നമ്പർ വലുതായും, വ്യക്തമായും എഴുതിവച്ചിട്ടുണ്ടോ? അഗ്നിബാധ ഉണ്ടായാൽ എന്താണ് ചെയ്യേണ്ടതെന്ന് ജോലിക്കാരുൾപ്പെടെ വീട്ടിലുള്ള എല്ലാവർക്കും അറിയാമൊ?

**വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുമ്പോൾ:**

വൈദ്യുതി ഉപകരണങ്ങളുടെ തെറ്റായ ഉപയോഗം എപ്പോഴും അഗ്നിബാധയ്ക്ക് കാരണമാകാറുണ്ട് സാധാരണ വയറിംഗ് ഉള്ള കെട്ടിടങ്ങളിൽ 20-25 വർഷങ്ങൾക്കുള്ളിൽ വയറിംഗ് സിസ്റ്റം പൂർണ്ണമായും പരിശോധിച്ച് എല്ലാം ശരിയാണെന്നുറപ്പുവരുത്തണം. പ്ലഗ് പോയിന്റുകൾക്ക് പ്രത്യേകം സ്വിച്ചുകൾ ഘടുപ്പിക്കണം. പ്ലഗ് പിൻ ഊരുന്നതിന് വയറിൽ പിടിച്ചു വലിക്കരുത്. പ്ലഗ് പിൻ ഇല്ലാത്ത സോക്കറ്റുകളിൽ വയർ തിരുകി ഉറപ്പിക്കുന്നതിനായി ഈർക്കിൽ, തീപ്പെട്ടിക്കൊള്ളികൾ എന്നിവ ഉപയോഗിക്കരുത്. ഒരു പ്ലഗ് സോക്കറ്റിൽ നിന്നും ഒന്നിൽ കൂടുതൽ കണക്ഷനുകൾ എടുക്കരുത്. വിളക്കുകൾക്കുള്ള വയറിംഗിൽ നിന്നും ഹീറ്റിംഗ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കരുത്. വയറുകൾ കാർപ്പറ്റിനടിയിലൂടെയോ, ജനാല, കതകുകളിലൂടെയൊ വലിക്കരുത്. വയറിംഗിൽ ആണിയും മറ്റും അടിച്ചു കയറ്ററുത്. ഫ്യൂസ് വയർ മാറ്റുമ്പോൾ ശരിയായ അളവിലുള്ളവ മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂ (സർക്യൂട്ട് ബ്രേക്കറാണ് ഫ്യൂസുകളെക്കാൾ സുരക്ഷിതം) തേപ്പുപെട്ടി, ഹീറ്റർ തുടങ്ങിയവ ഓൺ ആക്കി വച്ചിട്ട് എവിടെയും പോകരുത്.

വീടുവിട്ടു പോകുമ്പോൾ എല്ലാ സ്വിച്ചുകളും ഓഫ് ആക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം. ഇടിയും മിന്നലുമുള്ളപ്പോൾ ടി.വി, ഫ്രിഡ്ജ്, മിക്സി തുടങ്ങിയ വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കരുത്. കണക്ഷൻ ഊരി മാറ്റണം.

വിവാഹങ്ങൾ, പ്രാർത്ഥനകൾ, യോഗങ്ങൾ, എന്നിവയ്ക്ക് വേണ്ടി കെട്ടി ഉണ്ടാക്കുന്ന താൽക്കാലിക പന്തലുകളിൽ വൈദ്യുതിയുടെ അമിത ഉപയോഗവും തെറ്റായ കണക്ഷനുകളും കാരണം വലിയ തീപിടിത്തങ്ങളും, ജീവഹാനിയും സംഭവിക്കാറുണ്ട്. ഇവിടങ്ങളിൽ ഉള്ള ഓരോ കണക്ഷനുകളും പ്രത്യേകം ശ്രദ്ധിക്കണം.

വൈദ്യുതിയുമായി ബന്ധപ്പെട്ട ജോലികൾ യോഗ്യതയും അംഗീകാരവുമുള്ള വരെക്കൊണ്ടു മാത്രമെ ചെയ്യിക്കുവാൻ പാടുള്ളൂ. വയറും ഫിറ്റിംഗുകളും ഐ. എസ്സ്. ഐ നിലവാരമുള്ളതായിരിക്കണം.

(തുടരും)

# ഭഗവാനേ, കൃഷ്ണാ!

- പറവൂർ രാജഗോപാൽ



കവിത

നവനീതമുണ്ടുറങ്ങിയുണർന്നൊരാ
കണ്ണനാമുണ്ണിയെ കാണുന്നു ഞാൻ മുന്നിൽ.
കമനീയമാം കളിച്ചേലുകൾ ചേരുന്ന
പൂമേനി കണ്ടെന്റെയുള്ളം കുളിർക്കുന്നു.

പഞ്ചാരച്ചുണ്ടിലെ പിഞ്ചിളം പുഞ്ചിരി
പാൽമധുരം പകർന്നെന്നെ വിളിക്കുന്നു
കോമളമാം മുഖം കാൺകേയാ കൺകളിൽ
ഭക്തവാത്സല്യം വഴിഞ്ഞൊഴുകീടുന്നു.

ആട പൂഞ്ചേലകൾ മെയ്യിലണിഞ്ഞെന്റെ
കോമള ബാലനെ കാണുന്നു ഞാൻ സദാ.
കണ്ണന്റെ കാർക്കൂന്തളത്തിൽ നിരന്നൊരാ
പീലികൾ തെന്നലിൽ ചാഞ്ചാടി നിൽക്കുന്നു.

രാവിന്റെ നീലിമക്കാന്തിയിൽ കാർവർണ്ണൻ
കാളിന്ദീ തീരത്തു മുരളികയൂതുന്നു.
കമനീയ ഭാവനാചിത്രം കണക്കെ, യാ
കാളിന്ദി മെല്ലെ കുണുങ്ങിക്കിലുങ്ങുന്നു.

മുരളീരവത്തിൽ പദം പിടിച്ചങ്ങനെ
തൃക്കാലടികളാൽ നൃത്തം തുടങ്ങുന്നു.
ചേതോവിമോഹന സൗഭാഗ്യ നിർവൃതി
യെയ്ക്കാപ്പം പദം പാടി ഗോപികൾ ആടുന്നു.

നീലാരവിന്ദ സ്വരൂപം പുണർന്നു ഞാൻ
സ്വപ്നമാം കാളിന്ദീ തീരത്തു മേവുന്നു.
വാതാലയേശന്റെ തൃക്കാല്ക്കലായെന്റെ
സ്നേഹസാഷ്ടാംഗ പ്രണാമങ്ങളേകുന്നു.

# വഞ്ചിപ്പാട്ട്

- ശാന്താരാജൻ കാരക്കാട്



നാടുണർന്നു വീടുണർന്നു നാലുമണിപൂവിടർന്നു
മലയാളക്കരയിലിന്നോണം വന്നല്ലോ
(ഓ......തിത്തിത്താര......തൈതൈതോ)
ഏഴുസ്വരം ചേർന്നുയരും ഏകനാദം പോലെ നമ്മൾ
സ്നേഹിതരായ് വന്നണഞ്ഞീ പൊന്നോണനാളിൽ
(ഓ......തിത്തിത്താര......തൈതൈതോ)
തമ്മിൽ തമ്മിൽ അകറ്റുന്ന ചിന്തകൾ വെടിഞ്ഞു നമ്മൾ
നന്മ പൂക്കും നാളുകൾക്കായ് ഒന്നുചേർന്നീടാം
ജീവിതത്തിൽ നേട്ടമെല്ലാം നല്ല നല്ല ചിന്തയല്ലേ
കാലങ്ങളായ് പൂർവ്വികന്മാർ ചൊല്ലിയതല്ലേ
ഓണത്തപ്പനെഴുന്നള്ളും നേരത്തൊരു താലപ്പൊലി
പുലികളി പൂവിളിയും പാൽപായസവും
ഓർമ്മകൾ തൻ ഊഞ്ഞാലേറാം ബാല്യകാലം സ്വന്തമാക്കാം
പൂനിറയും തൊടികളിൽ പൂതേടിപ്പോകാം
സോദരഹൃദയങ്ങളിൽ സ്നേഹപ്പൂക്കളങ്ങളാകാം
സാധു ജന സേവ ചെയ്യാം പങ്കു വച്ചീടാം
സത്യം, നീതി സാഹോദര്യം ഹൃത്തിൻ മുദ്രാവാക്യമാക്കാം
മലയാളപ്പെരുമയിൽ അഭിമാനിക്കാം
അഹംഭാവം വെടിഞ്ഞീടാം അനിഷ്ടങ്ങൾ മറന്നേക്കാം
മഹാബലിത്തമ്പുരാന്റെ പ്രജകളാവാം.
(ഓ......തിത്തിത്താര......തൈതൈതോ)
ഓതിത്തിത്താരാ തിത്തിതൈ
തിത്തൈ തക തൈ തൈ തോം

## എറണാകുളം കരയോഗം വിമൺസ് ഫോറം

എല്ലാ മാസവും രണ്ടാം ബുധനാഴ്ചയും നാലാം ബുധനാഴ്ചയും ഉച്ചയ്ക്ക് മൂന്നു മണിക്ക് വിമൻസ് ഫോറത്തിന്റെ യോഗം ഉണ്ടായിരിക്കും. പ്രസ്തുത യോഗത്തിൽ, പ്രഗത്ഭരായ അഭിഭാഷകർ, സാമൂഹ്യ പ്രവർത്തകർ, ഡോക്ടർമാർ തുടങ്ങിയവർ സാമൂഹ്യ പ്രതിബന്ധതയുള്ള വിഷയങ്ങളെ അധികരിച്ച് സംസാരിക്കുന്നതാണ്. കരയോഗാംഗങ്ങളായ എല്ലാ സഹോദരിമാരും യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


**THOTTEKKAT DIWANS' MEMORIAL HALLS**

**TDM Hall - Ganga (A/c)**
(Main Hall)

**TDM Hall - Periyar**
(Ground Dining Hall)

**TDM Hall - Kaveri (A/c)**
(Roof A/c Hall)

**TDM Hall - Pamba**
(Roof Hall Non A/c)

**TDM Hall - Yamuna (A/c)**
(Annexe A/c Hall)

**TDM Hall - Nila (A/c)**
(Annexe Dining A/c Hall)

**TDM Hall - Narmada (A/c)** (ETC)

**TDM Hall - Godavery (A/c)**
(Conference Hall)

## അനുമോദനങ്ങളും പാരിതോഷികവും

കരയോഗം അംഗങ്ങളുടെ കുടുബാംഗങ്ങളിൽ നിന്നും വിദ്യാഭ്യാസ രംഗത്തും കർമ്മ രംഗത്തും ഉന്നത വിജയങ്ങളും സ്ഥാനമാനങ്ങളും കരസ്ഥമാക്കിയവരെ നവരാത്രിയോടനു ബന്ധിച്ച് ഒക്ടോബർ 14-ാം തീയതി ബുധനാഴ്ച വൈകിട്ട് അഞ്ചു മണിക്ക് നടക്കുന്ന യോഗത്തിൽ വച്ച് മെമന്റോകളും പാരിതോഷികങ്ങളും നൽകി അനുമോദിക്കുന്നതാണ്. അർഹരായവരുടെ അപേക്ഷകൾ സെപ്റ്റംബർ മാസം 25 നകം കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്.

## സമ്മാനം

നവരാത്രി മത്സരങ്ങളിൽ വിജയി ആകുന്നവർക്ക് സമ്മാനം നല്കുവാൻ ആഗ്രഹിക്കുന്നവർ എന്റോവ്മെന്റുകളായോ പാരിതോഷികങ്ങളായോ നല്കുന്നതിന് കരയോഗം ഓഫീസുമായി ബന്ധപ്പെടുവാൻ അഭ്യർത്ഥിക്കുന്നു.

## എറണാകുളം കരയോഗം

**ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2013 ഓഗസ്റ്റ് മാസത്തിൽ സംഭാവന നൽകിയവർ**

| | | |
|---|---|---|
| 1. | ശ്രീ. സതീഷ്കുമാർ.പി.വി, കൈലാസ്, ആർ. മാധവൻനായർ റോഡ്, കൊച്ചി 16 | ₹ 30,534 |
| 2. | ശ്രീ. സി.കൃഷ്ണൻ, ബുക്ക് സപ്ലൈബ്യൂറോ, സൗത്ത് എക്സ്റ്റൻഷൻ പാർട്ട് 1, ന്യൂഡൽഹി 110049 | ₹ 10,000 |
| 3. | ശ്രീ. കിരാതദാസ്.പി. 6 ബി. ജോമർ ഹെവൻ, ഇല്ലം ലെയ്ൻ, എറണാകുളം | ₹ 5,854 |
| 4. | ശ്രീ. എം.എൻ. ഗോപിനാഥൻ നായർ,39 / 5647,കുരിശുപള്ളിറോഡ്,കൊച്ചി | ₹ 5,000 |
| 5. | ശ്രീ. സഞ്ജയ് ഗോപിനാഥ്, കൃഷ്ണം, കുരിശുപള്ളിറോഡ് | ₹ 5,000 |
| 6. | ശ്രീമതി. അനിതാദേവി അച്ഛൻ ശ്രീ.പിഡി. പ്രഭാകരൻ കർത്തായുടെ സ്മരണയ്ക്ക് സി.ബി.എസ്.സി/ സ്റ്റേറ്റ് സിലബസിൽ 10 /12 ക്ലാസ്സിലെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് സാമ്പത്തിക സഹായം നല്കുന്നതിനായി | ₹ 5,000 |
| 7. | അമ്മു , വളഞ്ഞമ്പലം | ₹ 5,000 |

## ആദരാഞ്ജലി



എൽ/3487
**ശോഭചന്ദ്രൻ,**
മിഥുനം,27/2628ബി,
സഖാവ് എം.പി.കുമാരൻ ലെയിൻ,
കടവന്ത്ര, കൊച്ചി 682020




എൽ/1748
**എം.കെ.ഗോപിനാഥ്**
ലക്ഷ്മി, അശോക റോഡ്,
കലൂർ,
കൊച്ചി 682 017




എൽ/4164
**പി.വേണുഗോപാൽ**
സാഫല്യം, ടെംമ്പിൾ റോഡ്,
എളംകുളം,
കൊച്ചി 682020

എൽ/0686
**പറക്കാട്ട് രാധലക്ഷ്മി അമ്മ**
ഗോകുലം,
കളത്തിപറമ്പിൽ റോഡ്,
കൊച്ചി 682 016



എൽ/0481
**നാരായണമേനോൻ.എം.കെ.**
മുളകാരായിൽ ഹൗസ്,
ചേപ്പനം,
പനങ്ങാട്.പി.ഒ.



എൽ/1074
**നാരായണൻ നായർ.ജി.**
എൽ-4, ഗാലക്സി ലക്സർ
അപ്പാർട്ട്മെന്റ്,
സെന്റ് സെബാസ്റ്റ്യൻ റോഡ്,
കുമാരനാശാൻ നഗർ, കൊച്ചി 682020

# ഭഗവത്ഗീതയിലെ ഭക്തിയോഗം

- എം. നാരായണൻകുട്ടിമേനോൻ

ഗീതയിലെ ഭക്തിയോഗം എന്ന 12-ാം അദ്ധ്യായത്തിലെ 20 ശ്ലോക ങ്ങളിലായി ഭക്തൻമാരുടെ വിവിധ ലക്ഷണങ്ങൾ വിവരിക്കുന്നുണ്ട്. ഇവ യിൽ ഏത് വഴി സ്വീകരിച്ചാലും നമുക്ക് ഭഗവാന്റെ പ്രിയപ്പെട്ട ഭക്തനാകാം. എന്നെ വളരെയധികം ആകർഷി ച്ചിട്ടുള്ള 5 ശ്ലോകങ്ങളുടെ (13,14,15,18&19) സാരാംശം മാത്രം ചുരുക്കിപ്പറയാം. സ്ഥലപരിമിതി മൂലം ശ്ലോകങ്ങൾ ഉദ്ധരിക്കുന്നില്ല.

ഉത്തമ ഭക്തനായിട്ടുള്ളവർ എല്ലാ വരേയും ഈശ്വരതുല്ല്യനായി കാണുന്ന തിനാൽ ഒരു ജീവിയേയും ദ്വേഷിക്കു കയില്ല. എല്ലാവരിലും കാരുണ്യ മുള്ളവനായിരിക്കും. ശരീരത്തെപ്പറ്റി അഭിമാനം ഇല്ലാത്തതിനാൽ ഞാൻ എന്നും എന്റേത് എന്നുമുള്ള ഭാവം ഉണ്ടാവുകയില്ല. സുഖത്തേയും ദുഃഖ ത്തേയും ഒരുപോലെ കാണുകയും പ്രതികൂല അനുഭവങ്ങൾ വരുമ്പോൾ അവയെ ഈശ്വരന്റെ പ്രസാദമായി കണക്കാക്കി സന്തുഷ്ടനായി സ്വീകരി ക്കുകയും ചെയ്യും. സംഭവിക്കുന്ന തെല്ലാം ഈശ്വരഹിതം മാത്രമാണെന്നും എല്ലാവരുടേയും എല്ലാ പ്രവർത്തികളു ടേയും പ്രേരകശക്തി ഈശ്വരനാ ണെന്നും ദൃഢമായി വിശ്വസിക്കുന്ന തിനാൽ സന്തോഷത്തിലും സങ്കട ത്തിലും സമചിത്തനായിരിക്കും.

യഥാർത്ഥഭക്തൻ മറ്റുള്ളവർക്ക് ഭയമോ, ക്ഷോഭമോ ഉണ്ടാക്കുന്ന യാതൊന്നും ചെയ്യുകയില്ല. മറ്റുള്ളവരുടെ പ്രവർത്തികൾ മൂലം ക്ഷോഭിക്കുക യുമില്ല. ഹർഷം, അമർഷം (മറ്റുള്ള വരുടെ അഭിവൃദ്ധിയിൽ അസഹി ഷ്ണുത അഥവാ അസൂയ) ഉദ്വേഗം, പരിഭ്രമം ഇവയിൽ നിന്നെല്ലാം മുക്തനാ യിരിക്കും. ശാരീരികവും മാനസികവു മായ ശുദ്ധിയോടുകൂടി ജീവിക്കുകയും ലോകത്തിലുള്ള സകലജീവജാലങ്ങളും ഈശ്വരന്റെ സ്ഥൂലരൂപം ആണെന്നുള്ള അറിവുള്ളതിനാൽ യഥാർത്ഥ ഭക്തൻ ആരേയും ഭയപ്പെടുകയില്ല. ശരീരാഭി മാനം ലേശവും ഇല്ലാത്തതിനാൽ ഇഷ്ടമായത് ലഭിക്കുമ്പോൾ അമിതമായ സന്തോഷമോ ഇഷ്ടമല്ലാത്തത് ലഭിക്കു മ്പോൾ അമിതമായ ദുഃഖമോ ഉണ്ടാവു കയില്ല. ശത്രുവിലും മിത്രത്തിലും മാനാപമാനങ്ങളിലും ഇവർ സമചിത്ത രായിരിക്കും. അനാവശ്യകാര്യങ്ങൾ പറയുകയില്ലെന്ന് മാത്രമല്ല, മറ്റുള്ള വരുടെ സ്തുതിയിലും നിന്ദയിലും സമഭാവന പുലർത്തുകയും ചെയ്യും. താമസസ്ഥലത്തിനോടോ ഭക്ഷണ സാധനങ്ങളോടോ മറ്റു സുഖസൗകര്യ ങ്ങളോടോ പ്രത്യേക സംഗത്വം ഇല്ലാതെ എപ്പോഴും ഈശ്വരസേവ മാനവസേവ മാധവസേവ എന്ന ലക്ഷ്യത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കും.

ഇപ്രകാരമുള്ള യഥാർത്ഥ ഭക്തി കൈവരിക്കുന്നതിന് താൻ പ്രപഞ്ച ത്തിൽ നിന്നും ഭിന്നനല്ല എന്നും പ്രകൃതി യിലുള്ള മറ്റു ഘടകങ്ങളുടെ നിസ്വാർത്ഥ മായ സമർപ്പണം മൂലമാണ് താൻ ഇന്നത്തെ നിലയിൽ എത്തിയിരി ക്കുന്നത് എന്നു മുള്ള സത്യം എപ്പോഴും ഓർമ്മിച്ചു കൊണ്ടിരിക്കണം. ഈ പ്രപഞ്ച ത്തിലുള്ള സർവ്വജീവ ജാലങ്ങളും ഞാൻ അടക്കം ഈശ്വരന്റെ സ്ഥൂലരൂപങ്ങൾ ആണെന്നും അവയുടെ ഉള്ളിൽ പരമാത്മാവായ ഈശ്വരൻ സൂക്ഷ്മ രൂപത്തിൽ പ്രവർത്തിക്കുന്ന ണ്ടെന്നും ഉള്ള സത്യം എപ്പോഴും മനസ്സിൽ ഉണ്ടായിരിക്കണം. ഇപ്രകാരം പ്രപഞ്ച ത്തിലുള്ള സർവ്വവസ്തുക്കളു മായി സഹോദരീ സഹോദരഭാവം കൈവരുമ്പോൾ മറ്റുള്ളവർക്ക് അപ്രീതിയോ അസൗകര്യമോ ഉണ്ടാ ക്കുന്ന ഒന്നും തന്നെ ചെയ്യുവാൻ സാധിക്കുകയില്ല. മറിച്ച് അവരെ സ്നേഹിക്കുവാനും അവർക്ക് വേണ്ട സേവനങ്ങൾ അർപ്പണ ബുദ്ധ്യാ ചെയ്യുവാനും മനസ്സ് സന്നദ്ധ മാവുകയും ചെയ്യും. ഇങ്ങിനെ പ്രപഞ്ച ത്തിലുള്ള സകല ചരാചരങ്ങൾക്കും വേണ്ടി നിസ്വാർത്ഥമായി ചെയ്യുന്ന സകല കർമ്മങ്ങളും ഈശ്വരസേവയായി മാറുന്നു. ഇതാണ് യഥാർത്ഥ ഭക്തി.

ഇപ്രകാരം യഥാർത്ഥഭക്തി വളർത്തി യെടുക്കുവാനും തദ്വാരാ ഷർഷം, അമർഷം, ഭയം, ഉദ്വേഗം മുതലായവ യിൽ നിന്നും മുക്തി നേടുവാനും ഉള്ള ശ്രമത്തിൽ ഈശ്വരൻ നമ്മെ അനു ഗ്രഹിക്കട്ടെ! ●

## വിശേഷ ദിവസങ്ങൾ

### സെപ്റ്റംബർ 15 മുതൽ ഒക്ടോബർ 14 വരെ

| | | |
|---|---|---|
| സെപ്റ്റംബർ | 15 | ഒന്നാം ഓണം, **കരയോഗം ഓണം ഫെയർ സമാപനം** |
| | 16 | തിരുവോണം,വാമനാവതാരം, ലോകസമാധാനദിനം |
| | 21 | ശ്രീനാരായണഗുരു സമാധി |
| | 27 | അമൃതാനന്ദമയി ജൻമദിനം |
| ഒക്ടോബർ | 2 | ഗാന്ധിജയന്തി |
| | 5 | **കരയോഗം നവരാത്രി സമാപനം** |
| | 13 | മഹാനവമി, അന്ധദിനം |

# ശാപവും ശാപമോക്ഷവും



- എം.രാജലക്ഷ്മി

മനസ്സ് തപിക്കുമ്പോൾ താനെ പുറത്തേയ്ക്ക് വരുന്ന വാക്കുകളാണ് ശാപമായി തീരുന്നത്. ശാപം ഫലിക്കുന്നത് അത് പുറപ്പെടുവിക്കുന്ന വ്യക്തിയുടെ മാഹാത്മ്യം അനുസരിച്ചായിരിക്കും. അല്ലെങ്കിൽ ശാപം പക പോക്കാനുള്ള ഉപകരണമായി മാറിയേനെ. ഉദാഹരണമായി ഏതാനും പുരാണ കഥാപാത്രങ്ങളെ നമുക്ക് എടുക്കാം. ആദ്യമായി രാമായണ കഥ.

ശാകല്ല്യ നഗരത്തിൽ സ്തംഭൻ എന്ന ബ്രാഹ്മണൻ ഭാര്യയോടൊപ്പം ഒരു വേശ്യയെയും കൂടെ താമസിപ്പിച്ചു. ഇയാൾ രോഗിയായപ്പോൾ വേശ്യ ഉപേക്ഷിച്ചു പോയി. എന്നാൽ ഭർത്ത്യ ശുശ്രൂഷ ചെയ്ത ബ്രാഹ്മണിക്ക് ദേവലനെന്ന മഹാത്മാവിന് പാനകം വച്ചു കൊടുക്കുവാൻ, ദാഹജലം കൊടുക്കുവാൻ സ്തംഭൻ അനുവാദം നൽകി. ഭാര്യാകട്ടെ പുണ്യകർമ്മം ചെയ്തതിനാൽ ബ്രഹ്മത്തിൽ ലയിച്ചു. വേശ്യയുടെ ചിന്തയിൽ മരിച്ച സ്തംഭനാകട്ടെ വനവേടനായി ജനിച്ചു. ദേവല മഹർഷി ്ക്ക് പാനകം കൊടുക്കുവാൻ സമ്മ തിച്ച പുണ്യകർമ്മത്താൽ, അത് വൈശാഖമാസ പുണ്യദിനത്തിൽ നടന്നതിനാൽ വേടന് പൂർവ്വസ്മരണയുണ്ടായി. ഋഷിമാരുടെ സജ്ജന സംസർഗ്ഗം കൊണ്ട് രത്നാകരൻ വാല്മീകിയായി മാറി, ആദികാവ്യമായ രാമായണം രചിച്ചു. രാമായണത്തിൽ മൃഗയാവിനോദത്തിന് പോയ ദശരഥൻ മുനികുമാരൻ കുടത്തിൽ വെള്ളം നിറയ്ക്കുന്ന ശബ്ദം ആനയുടെതാണെന്ന് തെറ്റിദ്ധരിച്ച് മസ്തകം ലക്ഷ്യമാക്കി അമ്പെയ്തത് മുനികുമാരന്റെ നെഞ്ചിലാണ് തറച്ചത്. അച്ഛനമ്മമാർ ദാഹിച്ചിരിയ്ക്കുകയാണ്. അവർക്ക് ദാഹജലം നൽകണമെന്ന മുനികുമാരന്റെ വാക്ക് മാനിച്ച് അവർക്ക് ദാഹ ജലം നൽകി, താൻ ദശരഥമഹാരാജാവാണെന്നും ഉണ്ടായ സംഭവം പറഞ്ഞപ്പോൾ ചിത കൂട്ടാൻ പറഞ്ഞ് മുനികുമാരനോടൊപ്പം അവരും ചിതയിൽ തങ്ങളുടെ ശരീരം ഉപേക്ഷിച്ചു. അതിന് മുമ്പ് അവർ ദശരഥനെ ശപിച്ചു. നീയും പുത്രദുഃഖത്താൽ മരിക്കാനിട വരട്ടെ എന്ന്. എന്നാൽ പുത്രനില്ലാതെ ദുഃഖിച്ച് കഴിയുന്ന ദശരഥനെ ആ ശാപമാണ് ജീവിക്കാൻ പ്രേരിപ്പിച്ചത്.

ലങ്കാധിപതിയായ രാവണൻ വേദവതിയുടെ മുടിചുറ്റിപ്പിടിച്ച് വിമാനത്തിലേയ്ക്ക് കയറ്റാൻ ശ്രമിച്ചപ്പോൾ ആ സാധ്വി ശപിച്ചു. ഈ ശരീരം യോഗാഗ്നിയിൽ ദഹിച്ച് അടുത്ത ജന്മത്തിൽ അയോനിജയായ ഒരു രാജപുത്രിയായി ഞാൻ ജനിച്ച് നിന്റെ മരണത്തിന് കാരണക്കാരിയായി തീരും. അവളാണ് സീതയായി, ജനകപുത്രിയായി വളർന്നത്.

രാവണൻ മരുത്തുക്കളുടെ യാഗശാലയിൽ പ്രവേശിച്ച്, മരുത്തനെ യുദ്ധത്തിന് വിളിച്ചു. അവിടെ സന്നിഹിതരായിരുന്ന ഇന്ദ്രൻ മയിൽ രൂപത്തിലും, യമൻ കാക്കയുടെ രൂപത്തിലും, വരുണൻ അരയന്ന രൂപത്തിലും ഭയന്ന് പറന്നകന്നു. യാഗത്തിനിടയിൽ യുദ്ധം നിഷിദ്ധമായതിനാൽ വീരാധിവീരനും, സൂര്യകുല നൃപാലകനുമായ മരുത്തൻ യുദ്ധത്തിന് തയ്യാറായില്ല. മരുത്തൻ തനിക്ക് കീഴടങ്ങി എന്ന ഗർവ്വോടെ രാവണൻ അവിടെ നിന്നും യാത്രയായി. ഇന്ദ്രൻ, യമൻ, വരുണൻ ഇവർ സ്വന്തം രൂപത്തിൽ തിരിച്ച് വന്ന് അവിടെ സന്നിഹിതരായി. ലോകത്തിൽ ഏറ്റവും സുന്ദരവും പഞ്ചവർണ്ണ ശോഭിതവും വിചിത്ര വർണ്ണങ്ങളോടു കൂടിയതും മഴക്കാറ് കാണുമ്പോൾ ആനന്ദനൃത്തം ചെയ്യുന്നവനും എല്ലാവർക്കും പ്രിയമുള്ളതുമായ പക്ഷി ശ്രേഷ്ഠനാകട്ടെ എന്ന് മയിലിനെ അനുഗ്രഹിച്ചു ദേവേന്ദ്രൻ. യമരാജാവ് കാക്കയെ ഇങ്ങിനെ അനുഗ്രഹിച്ചു നീ ഒരിക്കിലും തന്നത്താൻ മരിക്കില്ല, രോഗം വരില്ല, നീ മരിക്കണമെങ്കിൽ അപകടം സംഭവിക്കുകയോ നിന്നെ ആരെങ്കിലും കൊല്ലുകയോ ചെയ്യണം. പിതൃക്കൾക്ക് വേണ്ടി നൽകുന്ന ബലിപിണ്ഡം ഭക്ഷിച്ചാൽ പിതൃക്കൾ ഭക്ഷിക്കുന്നതിന് തുല്യമായി അവർ തൃപ്തരായി അവരുടെ അനുഗ്രഹം നിനക്ക് ലഭിക്കും. പിതൃക്കളുടെ പ്രതീകമായി, ഒരു ഗൃഹ പക്ഷിയായി വാഴുക എന്ന് യമരാജാവ് കാക്കയെ അനുഗ്രഹിച്ചു. വെളുത്ത നിറത്തോടും, നയനാനന്ദ മനോഹരമായ ആകാരഭംഗിയോടും, നിർമ്മല ഹൃദയത്തോടും പാലാഴിയിൽ പാൽ മാത്രം കുടിച്ച് വെള്ളം തള്ളിക്കളഞ്ഞ് ജലാശയത്തിൽ തത്തിക്കളിച്ചുല്ല സിക്കുന്ന, എല്ലാവർക്കും ഇഷ്ടപ്പെടുന്ന ദൈവാനുഗ്രഹമുള്ള ഒരു ഉത്തമ പതംഗമായി നീ വിഹരിക്കുക എന്ന് വരുണൻ അരയന്നത്തെ അനുഗ്രഹിച്ചു. (ധർമ്മിഷ്ഠന്മാരായി കീർത്തിക്കപ്പെട്ടിട്ടുള്ള 16 ശ്രേഷ്ഠരാജാക്ക ന്മാരിൽ ഒരാളാണ് മരുത്തൻ. അദ്ദേഹ ത്തിന്റെ യാഗം കഴിഞ്ഞ് സ്വർണ്ണരത്നാദി സമ്പത്തുകൾ കുഴിച്ചിട്ടത് എടുത്താണ് അനവധി സഹസ്ര വർഷം കഴിഞ്ഞ് ദ്വാപരയുഗത്തിൽ യുധിഷ്ഠിരൻ അശ്വമേധയാഗം നടത്തിയത്.)

അയോദ്ധ്യയിലെ ധർമ്മിഷ്ഠനായ അനാരണ്യ രാജാവിനെ ചതിയിൽ ഗദ കൊണ്ടടിച്ച് വധിച്ച സമയത്ത് രാവണനെ ശപിച്ചു നീയും നിന്റെ വംശവും അയോധ്യാ രാജകുമാരനാൽ നശിക്കാനിടവരും.

അത്രിപത്നി അനസൂയയെ തന്നെ ബഹുമാനിച്ചില്ല എന്ന് തോന്നി തലമുടിക്ക് പിടിച്ച് വലിച്ചിഴച്ച് മഹർഷിയുടെ മുമ്പിൽ വച്ച് അപമാനിച്ചതിൽ കോപിഷ്ഠനായി മഹർഷി ശപിച്ചു. എടാ ചണ്ഡാളാ നിന്റെ പത്നി

മണ്ഡോദരിയെ നിന്റെ കൺമുമ്പിൽ വച്ച് വാനരന്മാർ വസ്ത്രമഴിച്ച് തലമുടി കുത്തിപ്പിടിച്ച് വലിച്ചിഴച്ച് അപമാനിക്കാൻ ഇടവരട്ടെ.

ദ്വൈപായനന്റെ സഹോദരിയുമായി സഞ്ചരിക്കുമ്പോൾ രാവണൻ വിമാനത്തിൽ നിന്നിറങ്ങി വികാര വിവശനായി സ്വന്തം സഹോദരന്റെ മുമ്പിൽ വച്ച് അവളുടെ അധരകുചങ്ങളെ ക്ഷതപ്പെടുത്തി മൃഗീയമായി മാനഭംഗപ്പെടുത്തി. ദ്വൈപായനൻ രാവണനെ ശപിച്ചു. നിന്റെ സഹോദരിയെ ഒരു പുരുഷൻ കുചനാസികാ ശ്രവണങ്ങൾ ഛേദിച്ച്, വിരൂപിയാക്കി അവൾ മൂലം നിനക്കും നിന്റെ കുലത്തിനും നാശമുണ്ടാകട്ടെ എന്ന്.

സുരക്ഷകൻ എന്ന ഗന്ധർവ്വൻ 1000 ആനയുടെ ബലമുള്ള മകനുണ്ടാകണമെന്ന് പ്രാർത്ഥിക്കുന്നതിന് പകരം മകളുണ്ടാവട്ടെ എന്ന് പറഞ്ഞു. അവളാണ് താടക. ഭർത്താവ് സുന്ദൻ, അഗസ്ത്യ മഹർഷിയെ അധിക്ഷേപിച്ചതിന്റെ ശാപഫലമായി ഭസ്മമായി. അഗസ്ത്യന്റെ നേരെ ശൃംഗാര ചേഷ്ടകൾ കാണിച്ചപ്പോൾ താടകയും മക്കളും രാക്ഷസരാകട്ടെ എന്ന് ശപിച്ചു. ശ്രീരാമനിൽ നിന്ന് അവർക്കു മോക്ഷപ്രാപ്തി ലഭിച്ചു.

ഗൗതമ മഹർഷിയുടെ ഭാര്യ അഹല്യ ഗംഗാ തീരത്ത് തന്റെ ആശ്രമത്തിൽ വസിക്കുമ്പോൾ ദേവേന്ദ്രൻ ഗൗതമന്റെ വേഷം പൂണ്ട് അഹല്ല്യയെ പ്രാപിക്കുകയും, ആ സമയം ഗൗതമൻ ദേവേന്ദ്രനെ സഹസ്രഭഗനായി തീരട്ടെ എന്ന് ശപിച്ചു. വേപഥുഗാത്രിയായി നിൽക്കുന്ന അഹല്യയെ ശിലാരൂപമായി തീരട്ടെ എന്ന് ഗൗതമൻ ശപിച്ചു. പിന്നീട് ശ്രീരാമന്റെ പാദസ്പർശമേറ്റ് മോക്ഷം ലഭിച്ചു.

വിരാധനെന്ന അസുരൻ ദുർവ്വാസാവിന്റെ ശാപം മൂലം അന്ധനായി തീർന്ന് പിന്നീട് ശ്രീരാമ ബാണമേറ്റ് സ്വർലോകം പൂകി. ഗന്ധർവ്വനായിരുന്ന സമയത്ത് അഷ്ടാവക്രനെ പരിഹസിച്ചതിന്റെ ഫലമായി കബന്ധനായി തീർന്നു. ശ്രീരാമന്റെ കൈകളാൽ മോക്ഷം നേടി. സിദ്ധൗഷധം തേടി പോയ ഹനുമാനെ കാലനേമി, മകരി എന്നവർ തടയുന്നു. ശ്രീരാമ വൃത്താന്തം നൽകിയ അവൾക്ക് ശാപമോക്ഷം കിട്ടി ധന്യമാലി എന്ന അപ്സരസ്സായി മാറി. അവളുടെ നിർദ്ദേശ പ്രകാരം കാലനേമിയെ വധിച്ച് സിദ്ധൗഷധം കൊണ്ടുപോയി.

ലങ്കാലക്ഷ്മി ഹനുമാന്റെ പ്രഹരമേറ്റ് തിരിച്ച് ബ്രഹ്മലോകത്തിലേയ്ക്ക് മടങ്ങി. അഷ്ടലക്ഷ്മികളിൽ അവൾ വിജയലക്ഷ്മിയായിരുന്നു. പുണ്ഡരീകോൽഭവന്റെ പുണ്യാത്മക്കളായവരുടെ പുണ്യസഞ്ജയം സൂക്ഷിക്കുന്ന ഭണ്ഡാര കാവൽക്കാരിയായിരുന്നു അവൾ. തന്റെ അശ്രദ്ധ മൂലം ഒരു പുണ്യവാന്റെ പുണ്യത്തിന്റെ ഒരംശം കുറവ് വന്നു. അത് വേറൊരു പാപി കൈവശപ്പെടുത്തി. അശ്രദ്ധമൂലമുണ്ടായ കുറ്റത്തിന് ബ്രഹ്മദേവൻ ശപിച്ചു. നീ രാവണന്റെ ഗോപുര വാതിൽക്കൽ കാവൽക്കാരിയായി നിൽക്കുക. ശ്രീരാമന്റെ കാലത്ത് ഹനുമാൻ വന്ന് ഹസ്തതാഢനം ലഭിക്കും. നീ ഹനുമാന് വേണ്ട സഹായം ചെയ്യുന്നതോടെ നിനക്ക് പൂർവ്വസ്ഥിതി ലഭിക്കുമെന്ന് ബ്രഹ്മാവ് ശാപമോക്ഷം നൽകി. സനകാദികളുടെ ശാപത്താൽ ദ്വാരപാലകന്മാരായ ജയവിജയന്മാർക്ക് മൂന്നു ജന്മം അസുരന്മാരായി പിറക്കേണ്ടി വന്നു. ശത്രുഭാവത്തിലാണെങ്കിലും ഭഗവാന്റെ കൈകൊണ്ട് തന്നെ മരിച്ചതിനാൽ അവർക്ക് ശാപമോക്ഷവും ലഭിച്ചു. അവരാണ് ഹിരണ്യാക്ഷൻ ഹിരണ്യകശിപു, രാവണൻ കുംഭകർണ്ണൻ, ശിശുപാലൻദന്തവക്ത്രൻ. കടലിലെ തിരമാലകളെ എണ്ണുന്നതിന് സമമാണ് മഹാഭാരതത്തിലെ ശാപവചനങ്ങൾ.

പരീക്ഷിത്തിന്റെ പുത്രൻ ജനമേജയൻ നടത്തിയ സത്രത്തിൽ പ്രവേശിച്ച നായയുടെ അമ്മ സരിമ തന്റെ മകൻ ഒരു തെറ്റും ചെയ്യാതെ ശിക്ഷിക്കപ്പെട്ടതിൽ ദുഃഖിച്ച് ശപിച്ചു നിനക്ക് അപ്രതീക്ഷത ദുഃഖമുണ്ടാകട്ടെ എന്ന്. പൗഷൻ എന്ന രാജാവ് ഉത്തുംഗ മഹർഷിയെ അതിഥി സൽക്കാരം നൽകിയതിൽ തലമുടി കണ്ട് കോപിച്ച് നീ അന്ധനായി തീരട്ടെ എന്ന് ശപിച്ചു. പൗലോമ പർവ്വതത്തിൽ ഭൃഗു മഹർഷി അഗ്നിയെ ശപിച്ചു നീ സർവ്വഭുക്കായി തീരട്ടെ എന്ന്. പിന്നീട് ബ്രഹ്മാവിന്റെ സ്വാന്ത്വന വചനത്താൽ നിന്റെ മുഖത്തിൽ ഹോമിക്കുന്ന ദേവഭാഗം വാങ്ങുന്നതനുസരിച്ച് തന്റെ കർമ്മം അനുഷ്ഠിക്കുക എന്നനുഗ്രഹിച്ചു.

ഖഗമൻ എന്ന ദ്വിജന്റെ ശാപമേറ്റ് ചേര വീര്യമില്ലാത്ത പാമ്പായി തീർന്നു. കദ്രുവും വിനിതയും ഉച്ചൈശ്രവസ്സിന്റെ നിറത്തെ ചൊല്ലി അതായത് വെള്ളയോ കറുപ്പോ എന്ന് തർക്കിക്കുകയും കുദ്രു തന്റെ മകളെ കൊണ്ട് കുതിരയുടെ വാലിൽ പറ്റിപ്പിടിച്ച് കിടക്കാൻ പറഞ്ഞതനുസരിക്കാത്ത മകളെ ജനമേജയൻ നടത്തുന്ന സർപ്പ യാഗത്തിൽ വെന്ത് ചാകട്ടെ എന്ന് ശപിച്ചു. ചെറിയച്ഛനായ ബ്രഹസ്പതിയുടെ ശാപമേറ്റ് ഉതത്ഥ്യന്റെ മകനായ ദീർഘതമസ്സ് അന്ധനായി ജനിച്ചു. മൈഥുനത്തിൽ ഏർപ്പെട്ടിരുന്ന ഇണമാനുകളുടെ നേർക്ക് അസ്ത്രം പ്രയോഗിച്ച് കൊന്നതിനാൽ മഹാതപസ്വിയുടെ പുത്രനെ മാൻ നീ ഏതെങ്കിലും തരുണിയോട് ഇണ ചേർന്നാൽ നിനക്ക് മരണം സംഭവിക്കട്ടെ എന്ന് ശപിച്ചു. വസിഷ്ഠന്റെ പുത്രൻ ഇക്ഷ്വാകുവംശജ രാജാവായ കൽമഷപാദൻ ശക്തിമുനിയെ ചവുട്ടി പ്രഹരിച്ചു. ശക്തിമുനി രാജാവിനെ ശപിച്ചു നീ മനുഷ്യ ഭോജിയായ രാജാവാകട്ടെ എന്ന്. അംഗിരസ്സു മഹർഷിയുടെ പുത്രിയും പതിവ്രതയുമായ് ബ്രാഹ്മണിയുമൊത്ത് ശയിക്കുന്ന സമയത്ത് കൽമഷപാദനെന്ന രാജാവ് ബ്രാഹ്മണനെ വധിച്ച പ്രതികാരത്തിൽ ബ്രാഹ്മണി രാജാവിനെ ശപിച്ചു നിന്റെ രാജ്യം അനപത്യത്താൽ നശിക്കട്ടെ, നിന്റെ ഭാര്യ വസിഷ്ഠ മഹർഷിയാൽ ഗർഭിണിയാകട്ടെ എന്ന്. കുബേരന്റെ സുന്ദരിയായ വർഗ്ഗ മറ്റു അപ്സര സ്ത്രീകളോടൊപ്പം വനത്തിൽ വിഹരിക്കുമ്പോൾ ബ്രാഹ്മണ ശാപമേറ്റ് മുതലകളായി മാറി എങ്കിലും അർജ്ജുനൻ അവരെ പൂർവ്വസ്ഥിതിയിലെത്തിച്ചു. മൈത്രേയ മഹർഷി ധൃതരാഷ്ട്രരെയും ദുര്യോധനനെയും നേർ വഴിക്ക് കൊണ്ടു വരുവാൻ ഉപദേശിച്ചപ്പോൾ പരിഹാസ രൂപത്തിൽ തുടയിൽ താളം പിടിച്ച് കൊണ്ടിരുന്നു. ക്രുദ്ധനായ മഹർഷി നിന്റെ തുട ഭീമൻ തല്ലി തകർക്കുവാൻ ഇടയാകട്ടെ എന്ന് ശപിച്ചു. നീ ഷണ്ഡനായി തീരട്ടെ എന്ന ഉർവ്വശിയുടെ ശാപം അജ്ഞാതവാസക്കാലത്ത് അർജ്ജുനന് ഉപകാരപ്പെട്ടു. ദമയന്തിയുടെ കാലിൽ പാമ്പ് കടിച്ചപ്പോൾ

വേടൻ രക്ഷിച്ചു. അവൻ ദമയന്തിയെ പ്രാപിക്കാൻ ശ്രമിച്ചപ്പോൾ അവളുടെ ശാപത്താൽ വേടൻ മരിച്ചു. ജമദഗ്നി യുടെ ഭാര്യ രേണുകയുടെ ശിരസ്സ് വെട്ടാൻ പുത്രരോട് പറഞ്ഞപ്പോൾ നിരസിച്ചതിന് അവരെ ശപിച്ച് മൃത രാക്കി. എന്നാൽ പരശുരാമൻ അമ്മയെ വധിച്ച്, വരബലത്താൽ അവരെയെല്ലാം ജീവിപ്പിച്ചു. ശര്യാദിയുടെ പുത്രി സുകന്യ തപസ്സ് ചെയ്യുന്ന മഹർഷിയുടെ കണ്ണുകൾ ചിതൽപുറ്റിനുള്ളിൽ തമാ ശായി കുത്തി. വേദനയാൽ ഉണ്ടായ ശാപം മൂലം രാജാവിന്റെ സേനാനി കൾക്ക് മലമൂത്ര വിസർജ്ജനം തടസ്സ പ്പെട്ടു. ശാപമോക്ഷത്തിനായി തന്റെ മകളെ മഹർഷിക്ക് വിവാഹം കഴിച്ചു കൊടുത്തു. വിഭാവസു മഹർഷി സ്വത്തിന്റെ പേരിൽ തന്റെ അനുജനെ ആനയായി പോകട്ടെ എന്നും അനുജൻ ജ്യേഷ്ഠനെ ആമയായി പോകട്ടെ യെന്നും ശപിച്ചു. പരീക്ഷിത്തിന് മുനി കുമാരന്റെ ശാപം തന്റെ അച്ഛന്റെ കഴുത്തിൽ ചത്ത പാമ്പിനെ ഇട്ടത് കണ്ടിട്ടാണ് തക്ഷകൻ 7-ാം ദിവസം രാജാവിനെ ഭ്രംശിച്ച് മരിക്കാൻ ഇടവരട്ടെ എന്ന് ശപിച്ചു. എന്നാൽ നാരായണനെ ഉപാസിച്ച് ശാപവിമുക്തനായി തീർന്നു പരീക്ഷിത്ത്.

അണിമാണ്ഡവ്യൻ എന്ന വിപ്ര ശാപം മൂലം ധർമ്മദേവൻ ശൂദ്രയോനി യിൽ വിദുരരായി ജനിച്ചു. യയാതി ശുക്രശാപത്താൽ ജരാനര ബാധിച്ച് ഇളയ പുത്രൻ പുരുവിൽ നിന്നും യൗവനം ഏറ്റുവാങ്ങി. ബ്രഹസ്പതി യുടെ പുത്രൻ കചനെ ദാനവർ ചുട്ട് പൊടിച്ച് മദ്യത്തിൽ കലക്കി ശുക്രാ ചാര്യർക്ക് നൽകുകയും മന്ത്രം ജപിച്ച് കചൻ പുറത്ത് വന്നു. ദേവയാനിയുടെ പ്രേമാഭ്യർത്ഥന നിരസിച്ചതിനാൽ കുചൻ പഠിച്ച മന്ത്രവിദ്യ ഫലിക്കാതെ പോകട്ടെ എന്നും മദ്യപാനം ചെയ്യുന്ന ബ്രാഹ്മണർക്ക് ബ്രഹ്മഹത്യാപാപം ഏൽക്കട്ടെ എന്നും ശപിച്ചു. കചൻ, അവളുടെ ശാപം കാമം മൂലമായതി നാൽ നിഷ്പ്രഭമാകുമെന്നും തിരിച്ച് ശപിച്ചു. ഒരു ബ്രാഹ്മണ കുമാരനും നിന്നെ വരിക്കാനിടവരില്ല എന്നും പറഞ്ഞു. യയാതിക്ക് ശർമ്മി ഷ്ഠയിൽ പുത്രരുണ്ടായത് ദേവയാനിക്ക് സഹിച്ചില്ല. പിതാവ് ഇതറിഞ്ഞ് യയാതിയെ ജരാതുരനാകട്ടെ എന്ന് ശപിച്ചു. വൈശ്രവണൻ ആകാശത്തി ലൂടെ സഞ്ചരിക്കവെ തന്റെ സുഹൃത്ത് മണിമാനു അഗസ്ത്യന്റെ മേൽ കാർപ്പിച്ചു തുപ്പി. മുനി ശപിച്ചു. ഇവൻ നിന്നെ സൈന്യത്തോടെ മുടിക്കും. പുഷ്പകവിമാനം തട്ടിയെടുത്ത രാവണനെ വൈശ്രവണൻ ശപിച്ചു. ഈ വിമാനം നിനക്ക് സ്വന്തമാകില്ല. നിന്നെ വധിക്കുന്നവന് സ്വന്തമാകും.

പരശുരാമന്റെ സന്നിധിയിൽ ചെന്ന് താൻ ബ്രാഹ്മണനാണെന്ന് നുണ പറഞ്ഞ് കർണ്ണൻ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. ഗുരുഭക്തിയിൽ രാമൻ അതീവ സന്തുഷ്ടനായി. ഒരു ദിവസം കർണ്ണന്റെ മടിയിൽ തല വെച്ച് ഉറങ്ങവെ ഒരു വൻകീടം കർണ്ണന്റെ തുടയിൽ ചോരകുടിച്ച് തൂങ്ങിക്കിടന്നു. ചോര ഒലിച്ചു കൊണ്ടിരുന്നെങ്കിലും, ഗുരുവിന്റെ നിദ്രയ്ക്ക് ഭംഗം വരു മെന്നോർത്ത് കർണ്ണൻ വേദന കടി ച്ചമർത്തി. രാമൻ കണ്ണ് തുറന്ന് നോക്കി യതും ആ കീടം ചോരയിൽ അലിഞ്ഞ് ഇല്ലാതായി. ആകാശത്ത് സ്വസ്വരൂപം ധരിച്ച രാക്ഷസൻ പ്രത്യക്ഷമായി രാമനെ വണങ്ങി പോയി. രാമന്റെ പിതാമഹനായ ഭൃഗുവിന്റെ ഭാര്യയെ ബലാൽസംഗം ചെയ്തതിന് കിട്ടിയ ശാപത്താലാണ് ആ രാക്ഷസൻ കീടമായി പരിണമിച്ചത്. ഇത് നടന്നത് കൃതയുഗത്തിൽ. ദ്വാപരയുഗത്തിൽ ഭാർഗ്ഗവരാമനിൽ നിന്ന് മോക്ഷം കിട്ടുമെന്ന് അനുഗ്രഹത്താൽ രാക്ഷ സനായി ശാപമോക്ഷവും കിട്ടി. പരശു രാമൻ കർണ്ണന്റെ നേരെ തിരിഞ്ഞു. നീ ബ്രാഹ്മണനല്ല. നിന്റെ വീര്യം ക്ഷത്രി യന്റെതാണെന്ന് നിന്റെ പ്രവൃത്തി തെളിയിച്ചു. ആ സമയം സത്യം പറഞ്ഞു ഞാൻ രാധേയനാണ്. ഗുരു പിതൃ തുല്ല്യനാണ്. അങ്ങ് എനിക്ക് മാപ്പ് തന്നാലും. പക്ഷെ രാമന്റെ കോപം ശമിച്ചില്ല. അദ്ദേഹം പറഞ്ഞു നിനക്ക് തുല്യനായ ഒരു ക്ഷത്രിയൻ ഈ ലോകത്ത് ഉണ്ടാവില്ല. ഏങ്കിലും ചതിച്ച് പഠിച്ച അസ്ത്രവിദ്യ വേണ്ട സമയത്ത് പ്രയോഗിക്കാൻ ഓർമ്മയില്ലാതെ പോകട്ടെ. അഗ്നി ഹോത്രിയായ ബ്രാഹ്മ ണന്റെ ഹോമധേനു കർണ്ണന്റെ രഥ ചക്രത്തിന്നടിയിൽ പെട്ട് മരിച്ചപ്പോൾ ശാപം നൽകി നിന്റെ എതിരാളിയോട് യുദ്ധം ചെയ്യുമ്പോൾ നിന്റെ രഥം ഭൂമിയിൽ ആണ്ടു പോകട്ടെ . കർണ്ണന്റെ മരണശേഷം അദ്ദേഹം തന്റെ ജ്യേഷ്ഠ നാണെന്നറിഞ്ഞ് ധർമ്മപുത്രർ അമ്മയെ മാത്രമല്ല, സ്ത്രീ വർഗ്ഗത്തെ മുഴുവൻ ശപിച്ചു സ്ത്രീ വർഗ്ഗത്തിന് രഹസ്യ ങ്ങൾ ഒളിച്ചു വയ്ക്കുവാനുള്ള കഴിവ് ഇല്ലാതെ പോകട്ടെ. ആപവൻ എന്ന മഹർഷിയുടെ ശാപത്താൽ ആണ് ഭൃഗുരാമന്റെ കയ്യാൽ കാർത്ത്യവീരാർ ജ്ജുനന്റെ 1000 കൈ അറ്റു പോയത്.

സൃഞ്ജയ രാജാവിന്റെ മകളിൽ അനുരക്തനായ നാരദനെ പർവ്വതൻ മർക്കടനായി ഭവിക്കട്ടെ എന്നും നാരദൻ പർവ്വതനെ നീ തിരിച്ച് സ്വർഗ്ഗത്തിൽ എത്താതെ പോകട്ടെ എന്നും ശപിച്ചു.

വിശ്വാമിത്രനും കണ്വമഹർഷിയും ദ്വാരകയിൽ ചെന്നപ്പോൾ സാംബനെ പെൺവേഷം കെട്ടി കുഞ്ഞ് ആണോ പെണ്ണോ എന്ന് ചോദിച്ചു. സത്യം തിരിച്ചറിഞ്ഞ അവർ പറഞ്ഞു സാംബൻ മുസലത്തെ പ്രസവിക്കും. അതു മൂലം നിങ്ങളുടെ വംശം നശിക്കും. കൃഷ്ണൻ ജര എന്ന വേടനാൽ അമ്പെയ്ത് കൊല്ലപ്പെടും. ഗാന്ധാരിയും കൃഷ്ണനെ ശപിക്കുന്നുണ്ട്. നിന്റെ വംശം ഇതു പോലെ കലഹിച്ച് നശിക്കട്ടെ. ശാപകലയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് ദുർവ്വാസാവാണ്. ദുർവ്വാസാവിന്റെ ശാപം മൂലം ദേവന്മാർക്ക് ജരാനര ബാധിച്ചതും, അമൃത പാനത്താൽ പൂർവ്വസ്ഥിതി പ്രാപിച്ചതും പ്രസിദ്ധമാണല്ലോ?. അഗസ്ത്യ ശാപത്താൽ ഇന്ദ്രദ്യുമ്നൻ ഗജേന്ദ്രനായതും ഹൂഹു എന്ന ഗന്ധർവ്വ നായ മുതലയുടെ പിടിയിൽ അക പ്പെട്ടതും വിഷ്ണു ചക്രത്താൽ ശാപ മോക്ഷം ലഭിക്കുകയും ചെയ്തു. ഗരുഡന് മഹർഷി ശാപംമൂലം കാളിന്ദി അപ്രാപ്യമായി. കാളിയൻ അവിടെ വിഹരിച്ചു.

ഒരിക്കൽ അഷ്ടവസുക്കളിലൊ രാളായ ദ്യോവ് തന്റെ ഭാര്യയുടെ വാക്കു കേട്ട് വസിഷ്ഠ മഹർഷിയുടെ കാമ ധേനുവായ നന്ദിനിയെ തട്ടി എടുത്തു. വസിഷ്ഠൻ അവരെ ഭൂമിയിൽ മനുഷ്യ രായി ജനിക്കട്ടെ എന്ന് ശപിച്ചു. അവർ തെറ്റിന് മാപ്പ് തരണമെന്ന് കേണപേ ക്ഷിച്ചു. ഏഴു പേരും ജനിച്ച ഉടനെ

ശാപമോക്ഷം ലഭിക്കുമെന്നും എന്നാൽ സ്ത്രീ പ്രേരണയാൽ അധർമ്മം പ്രവൃത്തിച്ച ദ്യോവ് മാത്രം സർവ്വധർമ്മജ്ഞാനിയായി, സർവ്വശാസ്ത്ര പരായണനായി, സ്വന്തം പിതാവിന് വേണ്ടി സ്ത്രീസംഗം ത്യജിച്ച്, അവന് സ്ത്രീ സുഖം ലഭിക്കാതെ പോകട്ടെ എന്ന് ശപിച്ചു. അവരാണ് ശന്തനുവിന്റെയും ഗംഗയുടെയും ഏഴു മക്കൾ. ജനിച്ച ഉടനെ ഗംഗ അവരെ വെള്ളത്തിലെറിഞ്ഞ് അവർക്ക് മോക്ഷം ലഭിച്ചു. വിവാഹത്തിന് മുമ്പ് ഗംഗ ഒരു കരാറുണ്ടാക്കിയിരുന്നു. ശന്തനുവിന് ഹിതമായാലും അഹിതമായാലും ഗംഗ എന്ത് പറഞ്ഞാലും പ്രവൃത്തിച്ചാലും എതിരായി പറയുകയോ തടയുകയോ അരുത്. അങ്ങിനെ ചെയ്താൽ ആ നിമിഷം ഗംഗ ശന്തനുവിനെ ഉപേക്ഷിച്ച് പോകും. ആ ഭയം കൊണ്ട് ശന്തനു ഒന്നും തന്നെ പറഞ്ഞില്ല. എന്നാൽ എട്ടാമത്തെ പുത്രനെ എറിയാൻ തുടങ്ങിയപ്പോൾ ശന്തനു തടഞ്ഞു. ആ ദ്യോവാണ് എട്ടാമത്തെ പുത്രൻ ദേവവ്രതൻ തന്റെ അച്ഛന് വേണ്ടി രാജപദവി ത്യജിച്ച് വിവാഹം ചെയ്യുകയില്ല എന്ന ഭീഷ്മ ശപഥം ചെയ്ത മഹാനായ ഭീഷ്മർ.

നിരായുധനായ ഗംഗാപുത്രനെ ശിഖണ്ഡി പൊരുതിയപ്പോൾ അർജ്ജുനൻ അധർമ്മ മാർഗ്ഗത്തിലൂടെയാണ് വധിച്ചത്. അന്ന് വസുക്കളും വസുധാപാലകരും ചേർന്ന് അർജ്ജുനനെ ശപിച്ചു. സ്വപുത്രന്റെ കരങ്ങളാൽ നീ വധിക്കപ്പെടട്ടെ എന്ന്. അശ്വമേധത്തിനുള്ള യജ്ഞാശ്വത്തെയും കൊണ്ട് മണിപുരരാജ്യം ഭരിക്കുന്ന തന്റെ ഉലൂപിയിലുണ്ടായ ബഭ്രൂവാഹന രാജാവിന്റെ അടുത്തെത്തി. അദ്ദേഹം പിതാവിനെ സ്വീകരിക്കുവാൻ ബ്രാഹ്മണരോടൊത്ത് അർത്ഥവുമായി എത്തി. എന്നാൽ അർജ്ജുനൻ പറഞ്ഞു നീ എന്നെ ജയിക്കണം. മകന്റെ അറിവ് തിരിച്ചറിയാൻ, നേരിട്ട് കാണാൻ വേണ്ടി മകനെ വാശി പിടിപ്പിച്ചു. അമ്മ ഉരഗരാജപുത്രിയായ ഉലൂപി തന്റെ മകനോട് പോരാട്ടത്തിലൂടെ അച്ഛനെ പ്രീതിപ്പെടുത്തുവാൻ ആജ്ഞാപിച്ചു. വീരനായ മകൻ യജ്ഞാശ്വത്തെ പിടികൂടി. അത്യുഗ്രമായ പോരാട്ടത്തിന്നിടയിൽ അറിയാതെ ശരം പിതാവിന്റെ മാറിൽ തറച്ചു. അർജ്ജുനനും മകനും മോഹാലസ്യപ്പെട്ട് വീണു. ചിത്രാംഗദ തന്റെ സപത്നിയും നാഗകന്യകയുമായ ഉലൂപിയോട് തങ്ങളുടെ പ്രിയതമനെ രക്ഷിക്കാൻ ആവശ്യപ്പെട്ടു. പിതാവിന്റെ ആത്മശാന്തിക്കായി അമ്മയോടൊപ്പം മകനും പ്രായോപവേശം ചെയ്യാൻ താറായി. ആ സമയം നാഗകന്യക പറഞ്ഞു നിന്റെ അച്ഛൻ മരിച്ചിട്ടില്ല. ജിഷ്ണുവെ ജയിച്ചു എന്നോ വധിച്ചു എന്നോ നീ കരുതണ്ട. അദ്ദേഹത്തെ ജയിക്കാൻ ആർക്കും സാധ്യമല്ല. കൃഷ്ണനും അർജ്ജുനനും നരനാരായണന്മാരാണ്. ഇത് പിതാവിന്റെ പ്രായശ്ചിത്തത്തിന് വേണ്ടി കാണിച്ച മോഹിനി എന്ന മായാജാലം മാത്രം. ഞാൻ വിശിഷ്ഠമായ നാഗമണി കൊണ്ടു വന്നിട്ടുണ്ട്. അത് അച്ഛന്റെ മാറിൽ അണിയിക്കൂ. അച്ഛൻ ചിരഞ്ജീവിയായ പാണ്ഡു പുത്രനായി മാറും. മകൻ അത്ഭുതമണി മാറിലണിയിച്ചതും അർജ്ജുനൻ സ്വപ്നത്തിൽ നിന്ന് ഉണർന്ന പോലെ എണീറ്റു. ആകാശ ദുന്ദുഭിയും, പുഷ്പവർഷവും, കരഘോഷവർഷവും ചൊരിഞ്ഞു. ശാപം അറിഞ്ഞ് ദുഃഖിച്ച് എന്റെ അച്ഛൻ അങ്ങയ്ക്ക് വേണ്ടി ശാപമോക്ഷം അഭ്യർത്ഥിച്ചതിന്റെ ഫലമായിട്ടാണ് ഇങ്ങനെയെല്ലാം സംഭവിച്ചത്. ഇപ്പോൾ നിങ്ങൾ ശാപവിമുക്തനായി. ചൈത്ര മാസത്തിൽ യുധിഷ്ഠരന്റെ അശ്വമേധ യാഗത്തിൽ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് അർജ്ജുനൻ യാഗാശ്വത്തെയും കൊണ്ട് യാത്രയായി.

അങ്ങിനെ ശാപവചനങ്ങളുടെ നീണ്ട പരമ്പര ഇനിയും പുരാണങ്ങളിൽ അനേകം ഉണ്ട്. എന്നാൽ എല്ലാം അറിയുന്ന ഭഗവാൻ ആരെയും ശത്രുഭാവത്തിൽ കണ്ടിട്ടില്ല. ഭഗവാൻ എല്ലാവരുടെയും രക്ഷകനായി പ്രപഞ്ചം മുഴുവൻ നിറഞ്ഞ് നിൽക്കുമ്പോൾ നാം ശാപവചനങ്ങളെ എന്തിന് ഭയപ്പെടണം?

●

With Best Compliments From :

**CINTRA COTTONS**

**HOUSE OF HIGH QUALITY LINEN FOR HOTELS AND HOSPITALITY INDUSTRY**

Chathangattu Road, (Near Trinity Tower)

Palarivattom, Cochin – 682025

Mob: +91 9349292775 / off: 0484 2102098

www.cintracottons.com

email : cintracottons@yahoo.com/cintra.cottons@yahoo.com

## എറണാകുളം കരയോഗം

# നവരാത്രി ആഘോഷം – 2013

നവരാത്രി ആഘോഷം 2013 ഒക്ടോബർമാസം 5 ന് ആരംഭിച്ച് ഒക്ടോബർ 14ന് വിജയദശമി ദിവസം വിവിധ കലാപരിപാടികളോടെ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഒക്ടോബർ 5 ന് വൈകിട്ട് 6.15 ന് പൂജവെയ്ക്കുന്നതും തുടർന്ന് ആഘോഷപരിപാടികൾ ആരംഭിക്കുന്നതുമാണ്. നവരാത്രി ആഘോഷപരിപാടികളിൽ എല്ലാ കരയോഗാംഗങ്ങളുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

സസ്നേഹം

**പി.രാമചന്ദ്രൻ (വേണു)**
ജനറൽ സെക്രട്ടറി

## ഒന്നാം ദിവസം

**5.10.2013 ശനിയാഴ്ച**

വൈകുന്നേരം 6.15–ന് : **പൂജവയ്പ്പ്**

6.30–ന് : **വിവിധ കലാപരിപാടികൾ**

**(ദേവീസ്തുതികൾ, നൃത്തനൃത്യങ്ങൾ, തിരുവാതിരകളി)**
**അവതരണം : എറണാകുളം സ്ത്രീ സമാജം എറണാകുളം**


*With Best Compliments From:*



# C.M.A. TRADERS

**VEGETABLE MERCHANT & COMMISSION AGENT**
**MARKET, ERNAKULAM, KOCHI - 682 035**
**PH : 2353946. 2365056**

# രണ്ടാം ദിവസം

**6.10.2013 ഞായറാഴ്ച**

വൈകുന്നേരം 6.30 ന് : **ക്ലാസ്സിക്കൽ നൃത്തപരിപാടി**

**അവതരണം - എസ്. ബി. സ്കൂൾ ഓഫ്ഡാൻസ്**

**സംവിധാനം: കലാമണ്ഡലം എസ്.ബീന**



കേരള കലാമണ്ഡലത്തിൽ നിന്നും നൃത്തത്തിൽ ഡിപ്ലോമ പാസ്സായിട്ടുണ്ട്. ഭാരതീദാസൻ യൂണി വേഴ്സിറ്റിയുടെ ബി.എഫ് എ ഡിഗ്രി ഫസ്റ്റ്ക്ലാസ്സോടെ പാസ്സായി. 1986 മുതൽ ഗിരിനഗർ ഭവൻസ് സ്കൂളിലെ നൃത്ത അദ്ധ്യാപികയാണ്. മത്സരങ്ങളുടെ നൃത്ത ഇനമായ ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി, ഗ്രൂപ്പ് ഡാൻസ് എന്നിവയ്ക്ക് പരിശീലനം നൽകി വരാറുണ്ട്. സ്വന്തമായി എസ്.ബി. സ്കൂൾ ഓഫ് ഡാൻസ് എന്ന പേരിൽ നൃത്തവിദ്യാലയം നടത്തുന്നുണ്ട്.

**കലാമണ്ഡലം ബീന**
എസ്.ബി.സ്കൂൾ ഓഫ് ഡാൻസ്
ഗിരിനഗർ, കൊച്ചി - 682020
ഫോൺ : 9446077912

*With Best Compliments From:*

## N.S. Suresh
## BRIDAL STAGE DECORATION CONTRACTORS

**(Ph : 2700849, Mob : 9447171849)**

**Stage Decoration, Car decoration, Reception, Bouquet making etc.**
**Also Undertaking Sweets preparation**

# മൂന്നാം ദിവസം

**7.10.2013 തിങ്കളാഴ്ച**

വൈകുന്നേരം 6.30 ന് : **നാട്യാർപ്പണം**

**അവതരണം - എറണാകുളം നൃത്യശ്രീ**

**സംവിധാനം: കലാക്ഷേത്ര വിലാസിനി**

നൃത്യശ്രീ ശ്രീമതി കലാക്ഷേത്ര വിലാസിനിയുടെ ശിഷ്യൻ നവനീത് ഗോപന്റെ നാട്യാർപ്പണം (ഭരതനാട്യകച്ചേരി) എറണാകുളം കരയോഗത്തിന്റെ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി അവതരിപ്പിക്കുന്നു. തൃപ്പൂണിത്തുറ സി. ആശയുടെ ശിക്ഷണത്തിൽ ഭരതനാട്യം അഭ്യസിച്ചു തുടങ്ങിയ നവനീത് ആശയുടെ ഗുരുവായ വിലാസിനി ടീച്ചറുടെ ശിക്ഷണത്തിൽ പഠനം തുടരുന്നു. ഭരതനാട്യത്തിൽ കേന്ദ്രഗവൺമെന്റ് മാനവ വിഭവ ശേഷി വകുപ്പിന്റെ സ്കോളർഷിപ്പ് ലഭിക്കുന്ന യുവനർത്തകനാണ് ടോക് എച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയറിങ്&ടെക്നോളജിയിലെ ഈ വിദ്യാർത്ഥി. തൃപ്പൂണിത്തുറ സ്വദേശികളായ മീനാഗോപകുമാറും ഗോപകുമാറുമാണ് ഈ പ്രതിഭാശാലിയുടെ മാതാപിതാക്കൾ.

**പിന്നണിയിൽ**

| | | |
|---|---|---|
| നട്ടുവാംഗം | : | കലാക്ഷേത്ര വിലാസിനി |
| സംഗീതം | : | ഷാനി ഹരികൃഷ്ണൻ |
| മൃദംഗം | : | ഹരികൃഷ്ണൻ |
| ഫ്ളൂട്ട് | : | വിനോദ് ചന്ദ്രമേനോൻ |
| അണിയറ | : | ഇടക്കൊച്ചി മുകുന്ദൻ |




*With Best Compliments From* :

# HARISREE CATERERS

**PUTHEN KULATHOOR HOUSE**
**KANNAN KULANGARA, TRIPUNITHURA - 682 301**
**M. DAMODARAN**
**PHONE : 2778310**
**MOB: 9847058310**

**CATERERS FOR MARRIAGES & PARTIES ETC.**

# നാലാം ദിവസം

**8.10.2013 ചൊവ്വാഴ്ച**

വൈകുന്നേരം 5.30 മുതൽ 6.30 വരെ :

കരയോഗസംഗീത വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന

# സംഗീതാർച്ചന

**സംവിധാനം: വെച്ചൂർ സുദർശൻ & സദാനന്ദൻ മാസ്റ്റർ**



6.30 മുതൽ

# കുച്ചിപ്പുടി

**അവതരണം:**
**അർച്ചിത അനീഷ്കുമാർ**

**സംവിധാനം: ഗുരു അനുപമ മോഹൻ**

**Director Acadamy of Kuchipudy Dance Sathyaanjali , HIG 24, Kasthurba Nagar, Kochi-20**

അനീഷ്കുമാറിന്റേയും അനിത അനീഷിന്റേയും മകളായ അർച്ചിത അനീഷ്കുമാർ എറണാകുളം സെന്റ് തെരേസാസ് കോളേജ് സെക്കന്റ് ബി.എ. സോഷ്യോളജി വിദ്യാർത്ഥിനിയാണ്.

**With Best Compliments From :**

# T. Radhakrishnan

## RADHAKRISHNA CATERERS

**Nandanam**
**Eroor, Tripunithura**

**Phone : 9388605714, 9388812584, 9744651709**

# അഞ്ചാം ദിവസം

**9.10.2013 ബുധനാഴ്ച**

വൈകുന്നേരം 6.30 ന് : **ശാസ്ത്രീയ നൃത്തപരിപാടി**



**അവതരണം - രുദ്ര സ്കൂൾ വിദ്യാർത്ഥികൾ**

**നൃത്തസംവിധാനം : ദീപകർത്താ**

രുദ്ര സ്കൂൾ ഓഫ് ക്ലാസിക്കൽ ഡാൻസസ് എന്ന നൃത്ത വിദ്യാലയത്തിന്റെ ആർട്ടിസ്റ്റിക് ഡയറക്ടറായ ശ്രീമതി. ദീപ കർത്ത പ്രശസ്തയായ ഒരു യുവകലാകാരിയാണ്. ദീപ ഭരതനാട്യം അഭ്യസിച്ചത് കലാക്ഷേത്ര ശ്രീമതി ഉഷ മേനോന്റെ കീഴിലാണ്. തുടർന്ന് ഉപരിപഠനം നടത്തിയത് ചെന്നൈ കലാക്ഷേത്രയിലെ പ്രൊഫഃ എൻ. എസ്. ജയലക്ഷ്മിയുടെയും ശ്രീമതി വിജയലക്ഷ്മി കൃഷ്ണസ്വാമിയുടെയും കീഴിലാണ്. ദീപയുടെ മോഹിനിയാട്ടം ഗുരു നാട്ട്യകലാരത്നം കലാ വിജയനണ്. ഉത്തരേന്ത്യൻ നൃത്ത ഇനമായ കഥകും ദീപ അഭ്യസിച്ചിട്ടുണ്ട്. ശ്രീ.തുഷാർ ഭട്ട് (ബാംഗ്ലൂർ), ഗുരു പാർവ്വതി ദത്ത (ഔരംഗബാദ്) എന്നിവരാണ് ദീപയുടെ കഥക് ഗുരുക്കൻമാർ. സ്കൂൾ, കേളേജ് പഠനക്കാലത്ത് സ്റ്റേറ്റ് യൂണിവേഴ്സിറ്റി യുവജനോത്സവങ്ങളിൽ അനവധി സമ്മാനങ്ങൾ നേടിയിട്ടുള്ള ദീപ കർത്ത, ഇന്ത്യയ്ക്ക് അകത്തും പുറത്തും നിരവധി നൃത്തപരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ചെന്നൈ കൃഷ്ണഗാനസഭയുടെ മികച്ച നർത്തകിക്കുള്ള പുരസ്ക്കാരം നേടിയ ദീപ കർത്തയ്ക്ക് മോഹിനിയാട്ടത്തിന് കേന്ദ്ര ഗവൺമെന്റ് സ്ക്കോളർഷിപ്പും ലഭിച്ചിട്ടുണ്ട്. കൂടാതെ ഭരതനാട്യത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട് ശ്രീമതി ദീപ കർത്ത.


**Rudra School of Classical Dances**

Regular batches for Bharathanatyam, Kathak, Mohiniyattom, Kuchippudy

**Classes offered at Edappally and Thammanam**

for more details contact : 9446464003

E.Mail: www.facebook.com/rudra.deepakartha

*With Best Compliments From :*

**BEAUTY ART**

**BRIDAL STAGE DECORATORS**

**STAGE DECORATION INAUGURATION & CONFERENCE**
**ART WORK IN THERMOCOL, CAR DECORATION &**
**RECEPTION BOUQUET MAKING**

**Shop : 0484 2537771**
**Res : 0484 2537221**
**Mobile : 9846066716, 9846837512**

**EDAPPALLY, ELAMAKKARA**
NEAR SNDP BUILDING,
KEERTHI NAGAR

# ആറാം ദിവസം

**10.10.2013 വ്യാഴാഴ്ച**

വൈകുന്നേരം 6.30 ന് : **നൃത്തസന്ധ്യ**

**(ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി)**

**അവതരണം: ലളിതകലാസദനം**

**സംവിധാനം: കലാമണ്ഡലം മോഹനതുളസി**



കലാമണ്ഡലം മോഹനതുളസി 47 വർഷമായി ലളിതകലാസദനം എന്ന നൃത്ത വിദ്യാലയം പ്രശസ്തമായ രീതിയിൽ നടത്തി വരുന്നു.

പത്തു വയസ്സിൽ കലാമണ്ഡലത്തിൽ ചിന്നമ്മു അമ്മ ടീച്ചറുടേയും അഭിനയശിരോമണി ശ്രീ.എം.ആർ. രാജരത്നംപിള്ളയുടേയും ശിക്ഷണത്തിൽ മോഹിനിയാട്ടം, ഭരതനാട്യം, എന്നിവ അഭ്യസിച്ചു. എട്ടു വർഷത്തോളം രാജരത്നം മാസ്റ്ററുടെ കൂടെ ഗുരുകുല വിദ്യാഭ്യാസം നടത്തിയതിനുശേഷം മദ്രാസിൽ ശ്രീ.വെമ്പട്ടി ചിന്നസത്യമാസ്റ്ററുടേയും വിശാഖപട്ടണത്തിൽ ബാലകൊണ്ടൽ റാവുവിന്റേയും കീഴിൽ കുച്ചുപ്പുഡിയും അഭ്യസിച്ചു.

കലൂർ അശോകറോഡ്, ഫോർട്ടുകൊച്ചി സിഹെഡിന്റെ കീഴിലുള്ള കലാഗ്രാമം, പൊന്നുരുന്നി മഹിളാസമാജം എന്നീ കേന്ദ്രങ്ങളിലാണ് അദ്ധ്യയനം നടത്തുന്നത്. ഈ സ്ഥാപനങ്ങളുടെ മേൽ നോട്ടം വഹിക്കുന്നതും പ്രധാന അദ്ധ്യാപികയും ശ്രീമതി മോഹനതുളസി തന്നെ. മോഹിനിയാട്ടം, ഭരതനാട്യം,കുച്ചിപ്പുഡി എന്നീ ശാസ്ത്രീയ നൃത്തങ്ങൾ ഓരോന്നിനും പ്രഗത്ഭരായ നാല് അദ്ധ്യാപികമാർകൂടി ശിക്ഷണം നൽകുന്നുണ്ട്.


വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:

**കലാമണ്ഡലം മോഹനതുളസി**

ലളിതകല സദനം, ആതിര, അശോകറോഡ്, കൊച്ചിൻ 17

ഫോൺ: 0484 2530756, മൊബൈൽ : 9946379467



With Best Compliments From :

**HISHAM**

**TRANSPORT**

**WATER SUPPLY AND CONTRACTORS**

**Kangarapady, Kakkanad**

**24 Hours Water supply**

**Ph: 2410818, 2410444**

**Fax : 2410760**

**Mobile : 98470 48153, 98461 29869, 98460 06636**

# ഏഴാം ദിവസം

**11.10.2013 വെള്ളിയാഴ്ച**

വൈകുന്നേരം 6.30–ന് : **കഥകളി**

കഥ : **ദുര്യോധനവധം**

അവതരണം : **എറണാകുളം കഥകളി ക്ലബ്ബ്**



| | | |
|---|---|---|
| ശ്രീകൃഷ്ണൻ | : | ആർ.എൽ.വി.ഗോപി |
| പാഞ്ചാലി | : | സദനം സദാനന്ദൻ |
| ദുര്യോധനൻ | : | ഹരിപ്പാട് ബാലകൃഷ്ണപിള്ള |
| ദുശ്ശാസനൻ | : | സദനം കൃഷ്ണദാസ് |
| ധൃതരാഷ്ട്രർ | : | സുചീഷ് റാവു |
| മുമുക്ഷു | : | അരുൺ രമേഷ് |
| രൗദ്രഭീമൻ | : | ഫാക്ട് പത്മനാഭൻ |
| പാട്ട് | : | കലാമണ്ഡലം ഗോപാലകൃഷ്ണൻ<br>തൃപ്പൂണിത്തുറ അർജ്ജുൻ രാജ് |
| ചെണ്ട | : | സദനം ഗോപാലകൃഷ്ണൻ<br>കലാമണ്ഡലം വിജയൻ<br>സദനം രജീഷ് |
| മദ്ദളം | : | ആർ.എൽ.വി. ജിതിൻ<br>ആർ.എൽ.വി.സുദേവ് വർമ്മ |
| ചുട്ടി | : | കലാമണ്ഡലം നിക്സൺ<br>സദനം സജി |
| അണിയറ | : | രാമചന്ദ്രൻ & പാർട്ടി |

**(കളി സ്പോൺസർ ചെയ്തിരുന്നത് ഓൾകേരള കഥകളി ആർട്ടിസ്റ്റ്‌വെൽഫെയർ അസോസിയേഷൻ)**


*With Best Compliments From* :

**HYTECK**
**SANITARY WARES**

**Achutha Warrier Lane (Opp. Formost)**
**M.G. Road, Kochi - 682 035, Ph: 2366015/2355565, 9349125825**

**Dealers in: Sanitary Wares, P.V.C., Pipes & Fittings, C.P. Bathroom Fittings, Glazed Tiles Flooring Tiles.**

DIAMOND KITCHEN SINK
Bell Ceramics Limited
Parryware Bathroom Fittings
Finolex PVC Pipes & Fittings

# എട്ടാം ദിവസം

**12.10.2013 ശനിയാഴ്ച**

വൈകുന്നേരം 6.30 ന് : **നൃത്തനൃത്ത്യങ്ങൾ**

**അവതരണം: എറണാകുളം നൃത്തകൈരളി**

| | | |
|---|---|---|
| സംവിധാനം<br>നട്ടുവാങ്കം | : | കലാമണ്ഡലം മണി |
| പാട്ട് | : | കുമാരനെല്ലൂർ രാധാകൃഷ്ണൻ |
| മൃദംഗം | : | കലാമണ്ഡലം ഹരികൃഷ്ണൻ |
| ഇടയ്ക്ക | : | തൃപ്പൂണിത്തുറ കൃഷ്ണദാസ് |
| ഫ്ളൂട്ട് | : | അജിത് വർമ്മ |
| ഹാർമോണിയം | : | പ്രമുഖൻ |
| മേയ്ക്കപ്പ് | : | മുകന്ദൻ ഇടക്കൊച്ചി |



കലാമണ്ഡലം മണി

## നവരാത്രി ആശംസകൾ

വിദ്യാരംഭ ദിനത്തിൽ പുതിയ ക്ലാസ്സുകൾ തുടങ്ങുന്നു. മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി, ഒഡ്ഡീസി, ക്ലാസ്സിക്കൾ മ്യൂസിക് ,ഡ്രോയിംങ്, പെയിന്റിംങ്

ഫോൺ:ഃ 0484 2314391, മൊബൈൽ : 9447505051,9847221677


*With Best Compliments From* :



# V.K.D VEGETABLES

**MERCHANTS**

**MARADU**

**(V.P.THANKACHAN)**

**MOB: 9947298258**

# ഒമ്പതാം ദിവസം

**13.10.2013 ഞായറാഴ്ച**

വൈകുന്നേരം 6.30 ന് : **നൃത്യപുഷ്പാഞ്ജലി**

**അവതരണം: നൃത്തക്ഷേത്ര**




എറണാകുളം വാര്യം റോഡിൽ പ്രവർത്തിക്കുന്ന നൃത്തക്ഷേത്ര വിജയദശമി നാളിൽ മോഹിനിയാട്ടം, ഭരതനാട്യം, ശാസ്ത്രീയ സംഗീതം, വീണ എന്നീ വിഷയങ്ങളിൽ പുതിയ ക്ലാസ്സുകൾ ആരംഭിക്കുന്നു.

പ്രധാന അദ്ധ്യാപിക
സന്ധ്യാരാജൻ
Contact No: 2368525,4028848

ഡയറക്ടർ
ശ്രീദേവി രാജൻ

*With Best Compliments From* :

**ANJIPARAMBIL ASSOCIATES**

**THOUDAYIL ROAD**
**PANAMPILLY NAGAR**
**KOCHI - 682 036**
**PH: 4000575, 9447017570**

# പത്താം ദിവസം

**14.10.2013 തിങ്കളാഴ്ച**

രാവിലെ 8 ന് പൂജയെടുപ്പ് : **'വിദ്യാരംഭം'**

വൈകുന്നേരം 5 മണിക്ക് : **സമ്മാനദാനം**

**നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനവും വിവിധ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ കരയോഗാംഗങ്ങളുടെ മക്കൾക്കും ഉന്നത സ്ഥാനമാനങ്ങൾ കരസ്ഥമാക്കിയവർക്കുമുള്ള അനുമോദനവും ഉപഹാര സമർപ്പണവും.**

7. 00 മുതൽ



## ശാസ്ത്രീയ സംഗീതം (വായ്പ്പാട്ട് കച്ചേരി)

| | | |
|---|---|---|
| **അവതരണം** | : | **അപർണ്ണ സഞ്ജയ്** |
| **ഗുരു** | : | **ഹരിഹരൻ** |
| **വയലിൻ** | : | **തിരുവിഴ.ജി. ഉല്ലാസ്** |
| **മൃദംഗം** | : | **കോഴിക്കോട് ശ്രീരാജ്** |


*With Best Compliments From* :

# M/S PRINCE ENTERPRISES

**GENERAL MERCHANTS & COMMISSION AGENT**


**BASIN ROAD**

**ERNAKULAM - 682031**

**PH:2371162, 4026589**

Interior Design | Turnkey Solutions | Contractors

A complete Interior Solution Provider



cbis
interiors & Designers

Casa Blanca Interior Solutions Pvt. Ltd.

Tharayil Building, KDP Post, Glass Factory Road; S.Kalamassery,
Cochin, Kerala, Tel: 0484 6005666, E-mail: cbiscochin@gmail.com

# 1. വിവാഹനിയമങ്ങൾ

റിട്ട. ജില്ലാ ജഡ്ജ് കെ. രാമചന്ദ്രൻ

## ആമുഖം

നമ്മുടെ ഭരണഘടന ഒരു പൊതുസിവിൽ നിയമം അനുശാസിക്കുന്നു. എന്നാൽ ഇപ്പോഴും വഞ്ചി തിരുനക്കരയിൽ തന്നെ. നോക്കൂ, താഴെപ്പറയുന്ന നിയമങ്ങൾ മാത്രം മതി.

## ഹിന്ദു വിവാഹ നിയമം

**വിവാഹം**

1. വിശുദ്ധകർമ്മം പ്രത്യേക ആചാര മുറകളില്ല. എന്നാൽ കീഴ്‌വഴക്കങ്ങൾക്ക് പരിഗണന, പലജാതികൾക്കും പലവിധം കീഴ്‌വഴക്കം.
2. 1955ലെ ഹിന്ദു വിവാഹനിയമം തെറ്റിക്കരുത്
3. വിവാഹസമയം വരന് 21 വയസ്സും വധുവിന് 18 വയസ്സും തികയണം.
4. വിവാഹസമയം ഒറ്റയാനാവണം.
5. .........രണ്ടാം വിവാഹം കുറ്റമാണ്.
6. ചിത്തഭ്രമം, മനോരോഗം, കടുത്ത മാനസിക രോഗം ഇവ പാടില്ല.
7. കീഴ്‌വഴക്കമില്ലെങ്കിൽഅടുത്ത രക്തബന്ധ മുള്ളവർ തമ്മിലാവരുത്.
8. പുനർവിവാഹംആവാം.(മരണം, നിയമപര മായി വിവാഹ ബന്ധം ഒഴിഞ്ഞത്).
9. രജിസ്ട്രാധാരവിവാഹത്തിന് നിയമസാധ്യത യില്ല.
10. വിവാഹം രജിസ്റ്റർ ചെയ്യണം. തദ്ദേശ സ്ഥാപനങ്ങളിൽ
11. മിശ്രവിവാഹം ആവാം.
12. കീഴ്‌വഴക്കമനുസരിച്ച ്ചടങ്ങുകൾ നടത്തിയാൽ വിവാഹം സാധുവാണ്.

## മുസ്ലീം വിവാഹ നിയമം

**വിവാഹം**

1. നിക്കാഹ്‌വിശുദ്ധകരാർ ഉടമ്പടി
2. മുസ്ലീം നിയമമനുസരിച്ചു വേണം സ്വതന്ത്രമായ സമ്മതവും അനുഷ്ഠാനങ്ങളും.
3. സ്വതന്ത്രമായ സമ്മതം നല്കാൻ കഴിവു വേണം.
   (ചിത്തഭ്രമം) പാടില്ല.
4. പുരുഷന് 21, സ്ത്രീക്ക് 18 (ശൈശവ വിവാഹ നിരോധന നിയമം)
5. വിവാഹ വാഗ്ദാനംകൊടുക്കലും സ്വീകരിക്ക ലും സാക്ഷികൾ 2 പുരുഷന്മാർ
6. മഹർപുരുഷൻ സ്ത്രീയ്ക്ക് നൽകേണ്ട തുക
7. അന്യമതസ്ഥനാവരുത്
8. അടുത്ത ബന്ധുക്കളാകരുത്. ഒരേ അമ്മയിലു ള്ളവരും.

**വിവാഹമോചനം A പുരുഷന്**

1. തലാഖ് ഭർത്താവ്മുൻകയ്യെടുക്കുന്നത്, കോടതിക്കു പുറത്ത്, വാമൊഴി/രേഖാമൂലം സാക്ഷികൾ വേണ്ട. മൂന്നു പ്രാവശ്യം ചൊല്ലണം. ഷബാനകേസ് (സുപ്രീംകോടതി, വിധി നിബന്ധനകൾ.)
2. പരസ്പര സമ്മതത്തോടെ ഖുല അല്ലെങ്കിൽ മുബാരത്ത്. കോടതിക്ക് പുറത്ത്.

## ക്രിസ്തീയ വിവാഹ നിയമം

**വിവാഹം**

1. ആയുഷ്ക്കാല ബന്ധം
2. പള്ളിയിൽ പുരോഹിതന്മാരുടെ മുമ്പിൽ
3. 1872 ലെ ക്രിസ്ത്യൻ വിവാഹ നിയമം.
4. പള്ളിയിൽ പാതിരിയും മതശുശ്രൂഷകനും ഉണ്ടാവും. രജിസ്റ്റർ ചെയ്യണം . പള്ളിയിൽ രജിസ്റ്റർ ഉണ്ട് അത് രേഖപ്പെടുത്തണം.

**വിവാഹമോചനം**

1869 ലെ ഇന്ത്യൻ വിവാഹമോചന നിയമം.

2001 ൽ ഭേദഗതി ചെയ്തു (ഉദാരമാക്കി കൊണ്ട്)

**വിവാഹമോചന കാരണങ്ങൾ:**

1. വ്യഭിചാരം
2. മതപരിവർത്തനം
3. 2 കൊല്ലം തുടർച്ചയായി ചികിത്സിച്ചാൽ മാറാത്തമാനസിക.ലൈംഗിക.കുഷ്ഠരോഗങ്ങൾ.
4. 7 കൊല്ലമായി പങ്കാളിയെപ്പറ്റി വിവരമില്ല.
5. ദാമ്പത്യബന്ധം പൂർത്തികരിക്കാഞ്ഞാൽ
6. 2 കൊല്ലമോ അധികമോ വിവാഹബന്ധം പുനഃസ്ഥാപിക്കാനുള്ള കോടതിവിധി പാലിക്കാ തിരിക്കുക.
7. മതിയായ കാരണമില്ലാതെ വേർപിരിഞ്ഞു താമസിക്കുക.ക്രൂരത, ബലാൽസംഗം, പ്രകൃതി

**അസാധു വിവാഹം**

1. രണ്ടാം വിവാഹം (പങ്കാളി ജീവിച്ചിരിക്കുമ്പോൾ)
2. നിരോധിക്കപ്പെട്ട ബന്ധത്തിലാണെങ്കിൽ
3. തികഞ്ഞ മാനസികാരോഗ്യമില്ലെങ്കിൽ (ചിത്തഭ്രമം, അപസ്മാരം, ഭ്രാന്ത്)
4. ഷണ്ഡത്വം
5. ഗർഭിണിയായ വധു( വേറൊരാളിൽ നിന്ന്)
6. ബലം, ചതി, ഭീഷണി മൂലമാണെങ്കിൽ.

**ദാമ്പത്യബന്ധം പുനഃസ്ഥാപിക്കാൻ:**

1. ഭർത്താവിനും ഭാര്യയ്ക്കും അപേക്ഷിക്കാം
2. ന്യായമായ സഹവാസം നിഷേധിക്കപ്പെട്ടാൽ
3. കോടതി ഉത്തരവിനു ശേഷം പുനഃസ്ഥാപിക്കാൻ സമ്മതിക്കാത്തവരെ ബന്ധം വേർപ്പെടുത്തണം.

വിവാഹമോചനം (പുരുഷനും സ്ത്രീക്കും അപേക്ഷിക്കാം)

1. വ്യഭിചാരം
2. ക്രൂരത( മനസിനോ, ദേഹത്തിനോ)
3. 2 വർഷത്തിലധികം ഉപേക്ഷിക്കപ്പെട്ടാൽ
4. ഹിന്ദുമതം ഉപേക്ഷിച്ചാൽ
5. ഭേദമാകാത്ത ചിത്തഭ്രമമോ, മാനസികാരോഗ്യ പ്രശ്നമോ.
6. ഭേദമാകാത്ത കുഷ്ഠം, പകരുന്ന ലൈംഗിക രോഗം.
7. സന്യാസിയായാൽ
8. 7 വർഷം കാണാതായാൽ
9. 1 കൊല്ലം വേർപിരിഞ്ഞാൽ
10. ഉഭയസമ്മതപ്രകാരം വിവാഹമോചനം, (കോടതി, കുടുംബകോടതി)

****

3. ഖുറാന്റെ സമ്മതമില്ലാത്തത് തലാമുൻ ജിത്ത് ആർത്തവകാലഘട്ടം ഉപേക്ഷിച്ച്, തന്നിഷ്ട പ്രകാരം ചെയ്യുന്നത്, ഒറ്റയടിക്ക് ചെയ്യുന്നത് മതിയായ കാരണം വേണം

അനുരഞ്ജനാശ്രമം വേണം ( സുപ്രീം കോടതി)

**A. സ്ത്രീക്ക്**

കോടതി മുഖേന (കുടുംബ കോടതി) തക്കതായ കാരണങ്ങൾ വേണം.

ഭർത്താവ് 7 വർഷത്തിലധികം ശിക്ഷിക്കപ്പെട്ടവൻ (ക്രിമിനൽ)

3 വർഷമായി വേർപെട്ടു താമസിപ്പിച്ചാൽ

4 വർഷമായി ഭർത്താവിനെപ്പറ്റി വിവരമില്ല.

